ഡിസംബർ 2019

# ക്രൈസ്തവ കാഹളം

## ക്രിസ്തുവും, സീസറും, നമ്മുടെ ക്രിസ്തുമസും



സംവാദം

### ദേശീയതയും ഫാസിസവും

ബിനോയ് പിച്ചളക്കാട്ട് എസ്. ജെ.
മുല്ലക്കര രത്നാകരൻ

### മാധ്യമലോകം

റവ.ഫാ. വർഗീസ് വള്ളിക്കാട്ട്
ബോബി എബ്രഹാം

### ഹരിതഭൂമി

റവ. ഫാ. റൊമാൻസ് ആന്റണി
ഫഹദ് മർസൂക്

### വർദ്ധിക്കുന്ന സ്ത്രീ വിരുദ്ധത

ഡോ. സി. തെരേസ ആലഞ്ചേരി
ഡോ. ജോളി ജയിംസ്
ഷൈലാ തോമസ്



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ, മഹത്ത്വത്തിലും അപമാനത്തിലും സത്കീർത്തിയിലും ദുഷ്കീർത്തിയിലും വഞ്ചകയെന്നു കരുതപ്പെട്ടപ്പോഴും സത്യസന്ധയായി, എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

## മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പൂനാ–കട്കി എക്സാർക്കേറ്റ് ഭദ്രാസനമായി ഉയർത്തി.



ബിഷപ് ഡോ. തോമസ് മാർ അന്തോണിയോസ്
പുതിയ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്ത

വാല്യം 80
ലക്കം 12
2019
ഡിസംബർ
ക്രൈസ്തവ കാഹളം
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ പ്രസിദ്ധീകരണം

# ഉള്ളടക്കം



**രക്ഷാധികാരി**
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവ

**പ്രിന്റർ ആന്റ് പബ്ലിഷർ**
റൈറ്റ് റവ. ജെയിംസ് പാറവിള കോർ എപ്പിസ്കോപ്പാ

**എഡിറ്റർ**
റവ. ഫാ. ഷീൻ പാലക്കുഴി

**ചീഫ് എഡിറ്റർ**
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943 bovasmathew@gmail.com

**പത്രാധിപ സമിതി**
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

**ഉപദേശക സമിതി**
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

**സർക്കുലേഷൻ മാനേജർ**
റവ. ഫാ. തോമസ് മുകളുംപുറത്ത് - 9446703056

**കവർ & ലേഔട്ട്**
Fingraph - 9387811920

**ഫോട്ടോഗ്രാഫ്സ്**
തോമസ് മാത്യു നെല്ലുവേലിൽ

**പ്രിന്റിംഗ്**
സെന്റ് മേരീസ് പ്രസ്, പട്ടം, തിരുവനന്തപുരം-4

**വിലാസം**
ക്രൈസ്തവ കാഹളം , സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്, പട്ടം, തിരുവനന്തപുരം-4




എഡിറ്റോറിയൽ 6




പിതൃമൊഴി 7

## കവർ സ്റ്റോറി



ക്രിസ്തുവും, സീസറും, നമ്മുടെ ക്രിസ്തുമസും 9

## സംവാദം




അതിരുവിടുന്ന മാധ്യമങ്ങൾ. 14

മാധ്യമപ്രവർത്തനത്തിനു മരണമണി മുഴക്കരുത് 17




ദേശീയതയും ഫാസിസവും 21

ഫാസിസത്തിന്റെ കാലൊച്ചകൾ 24



ഇനിയും മരിക്കാത്ത ഭൂമി നിനക്കാത്മശാന്തി! 27

കാലാവസ്ഥ വ്യതിയാനവും ദുരന്ത സാധ്യതകളും കേരളത്തിൽ 31



മരുഭൂമിയിലെ വിളക്കു മരങ്ങൾ 36

വർദ്ധിച്ചുവരുന്ന സ്ത്രീവിരുദ്ധത 37

തിരിച്ചറിയേണ്ട ആത്മശക്തി 40

## പഠനം







## ഗ്രന്ഥ പരിചയം




തീർത്ഥാടകന്റെ നേരും നോവും 51

# എല്ലാ പ്രവചനവും അവനിൽ പൂർത്തിയായി

യേശുവിന്റെ ജനനം നൂറ്റാണ്ടുകളുടെ കാത്തിരിപ്പിനുള്ള ഉത്തരമാണ്. ഇസ്രായേലിലെ അനേകം പ്രവാചകന്മാർ യേശുവിന്റെ ജനനം മുൻകൂട്ടി പ്രവചിച്ചിരുന്നു. അനേകം തലമുറകളാണ് ഇത് കാണുവാനും കേൾക്കുവാനും ആഗ്രഹിച്ചിരുന്നത്. ആ ആഗ്രഹത്തിന്റെ ശക്തമായ സാക്ഷ്യമാണ് വി.ലൂക്കോസ് തന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ദൈവാലയത്തിൽ ശിശുവായ യേശുവിനെ സമർപ്പിച്ചപ്പോൾ ശിമയോൻ പറഞ്ഞു. "കർത്താവേ, അവിടുത്തെ വാഗ്ദാനം അനുസരിച്ച് ഇപ്പോൾ ഈ ദാസനെ സമാധാനത്തിൽ വിട്ടയക്കണമെ, എന്തെന്നാൽ സകല ജനതകൾക്കും വേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടു കഴിഞ്ഞു. അത് വിജാതിയർക്കു വെളിപാടിന്റെ പ്രകാശവും അവിടുത്തെ ജനമായ ഇസ്രായേലിന്റെ മഹിമയും ആണ്" (ലൂക്കാ 2 29-32). ലോകം കാത്തിരുന്നത് യേശുവിനെ മാത്രമാണ്. അതിനേക്കാൾ ശ്രേഷ്ഠമായതൊന്നും ലോകത്തിന് കാണാനും കാത്തിരിക്കുവാനും ഇല്ല. അതാണ് ശിമയോൻ കണ്ടതും ഏറ്റു പറഞ്ഞതും. യേശുവിനുശേഷം മറ്റൊരു പ്രവചനവും ലോകത്ത് പൂർത്തിയാക്കാൻ ഇല്ല അതിനാൽ തന്നെ മറ്റൊരു പ്രവാചകനും ചരിത്രത്തിൽ സ്ഥാനമില്ല. എല്ലാ പ്രവചനവും അവനിൽ പൂർത്തിയായി.

ദൈവദൂതനായ ഗബ്രിയേൽ പരിശുദ്ധ കന്യാമറിയത്തെ കണ്ടപ്പോൾ യേശുവിനെക്കുറിച്ചുള്ള പ്രവചനങ്ങളാണ് പറഞ്ഞത്. ലൂക്കോസിന്റെ സുവിശേഷത്തിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ മാനസികാവസ്ഥയിൽ മാറ്റം വരാതെ തലമുറകൾ കാത്തിരുന്ന ഈ മഹാസംഭവം കാണുവാൻ കഴിയില്ല. ഗബ്രിയേൽ ദൂതൻ മറിയത്തെ കാണുവാൻ വന്ന ഭാഗത്ത് അവളുടെ സ്വകാര്യ ജീവിതത്തെ പരാമർശിച്ചുകൊണ്ടായിരുന്നു. ആ ഭാഗം പൂർത്തിയാകുമ്പോൾ മറിയം പറഞ്ഞു: "ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ". സ്വകാര്യ സന്തോഷങ്ങൾ മാറ്റിവെക്കാതെ, ദൈവത്തിന് കീഴ്പ്പെടാതെ നമുക്ക് ഈ സന്തോഷം കാണാനാകില്ല. സ്വാർത്ഥത ഉപേക്ഷിക്കണം ക്രിസ്തുമസ് ജീവിതാനുഭവം ആകണം പൂർത്തിയായ പ്രവചനം നമുക്ക് സ്വന്തമാക്കാം. ആഘോഷങ്ങളിൽ അവസാനിക്കുന്ന ക്രിസ്തുമസും തിരുന്നാളുകളും നമ്മുടെ ശീലമായിപ്പോയി. ആന്തരിക അർത്ഥതലങ്ങൾ നമുക്ക് വീണ്ടെടുക്കേണ്ടതുണ്ട്. ഈ വർഷത്തെ ക്രിസ്തുമസ് അതിനുള്ള പരിശ്രമം കൂടിയാകട്ടെ. ഏവർക്കും ക്രിസ്തുമസ് ആശംസകൾ നേരുന്നു...

ഫാ. ബോവസ് മാത്യു
ചീഫ് എഡിറ്റർ,
bovasmathew@gmail.com 9447661943



പിതൃമൊഴി



# ബെത്‌ലഹേമിലെ ആട്ടിടയന്മാർ

ദൂതൻ അവരെവിട്ട് സ്വർഗ്ഗത്തിലേക്ക് പോയപ്പോൾ ആട്ടിടയന്മാർ പരസ്പരം പറഞ്ഞു നമുക്ക് ബേത്‌ലഹേം വരെ പോകാം. കർത്താവ് നമ്മെ അറിയിച്ച ഈ സംഭവം നമുക്ക് കാണാം. അവർ അതിവേഗം പോയി മറിയത്തെയും ജോസഫിനെയും പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു (ലൂക്കാ 15:14). ദൈവദൂതവൃന്ദം ആട്ടിടയന്മാരെ വിട്ട് സ്വർഗ്ഗത്തിലേക്ക് പോകുന്നതിനു മുമ്പ് അവരോട് ചില കാര്യങ്ങൾ സംസാരിച്ചിരുന്നു. അത് അവർക്ക് മാത്രമല്ല, സകല ജനതകൾക്കും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയായിരുന്നു. യേശുവിന്റെ ജനനം കാലങ്ങൾക്കും ദേശങ്ങൾക്കും വംശങ്ങൾക്കും തലമുറകൾക്കും വേണ്ടിയുള്ള ആനന്ദം പകരുന്ന സുവിശേഷമാണ്. സ്വർഗ്ഗം നൽകിയ ഈ സന്തോഷ വാർത്ത സ്വീകരിക്കുവാൻ പാവപ്പെട്ട ഇടയന്മാർക്കു സാധിച്ചു എന്നതാണ് അവരുടെ ജീവിതത്തിന്റെ ഭാഗ്യം. കൃപയുടെ സന്തോഷമാണ് തിടുക്കത്തിൽ ബേത് ലഹേമിലേക്കു പോകാനുള്ള താല്പര്യം അവരിൽ ഉളവാക്കിയത്.

കർത്താവായ യേശു ജീവിച്ചിരുന്ന കാലത്ത് വളരെ പ്രകടമായ സാമൂഹ്യ വിവേചനങ്ങൾ ഉണ്ടായിരുന്നു. ആട്ടിടയന്മാരും മുക്കുവരുമൊക്കെ വളരെ കുറച്ച് വിദ്യാഭ്യാസമുള്ളവരും സമൂഹം വലിയ സ്ഥാനം നൽകാത്തവരുമായിരുന്നുവെന്നത് വളരെ വ്യക്തമാണ്. പിന്നാക്ക വിഭാഗമായി പൊതുജനം കരുതിയിരുന്ന ഇടയന്മാർക്ക് സുവിശേഷത്തിൽ ഇത്രയും സ്ഥാനം കൊടുക്കേണ്ട കാര്യമെന്താണ്? എന്തു സന്ദേശമാണ് അവർ നമുക്ക് നൽകുന്നത്? ഇസ്രയേൽ ജനത കേൾക്കുവാൻ കാത്തിരുന്ന സദ്വാർത്തയാണ് കൊട്ടാര വളപ്പിനു നൽകാതെ വയലിൽ ആടുകളോടൊത്തു കഴിഞ്ഞിരുന്ന ആട്ടിടയന്മാർക്കു നൽകിയതെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. രക്ഷകനെ കാത്തിരുന്ന ഒരു ജനത ഇടയന്മാരിലൂടെയാണ് ഈ വാർത്ത സ്വീകരിച്ചതെന്ന് ഓർക്കണം! ദൈവത്തിന്റെ വിജ്ഞാനം മനുഷ്യന്റെ ബുദ്ധിയെ അതിജീവിക്കുന്നതാണ്; ചിലപ്പോഴൊക്കെ മനുഷ്യബുദ്ധിക്ക് അഗ്രാഹ്യവും! “രക്ഷകൻ എവിടെയാണ് ജനിക്കുക”? പ്രവചന ഗ്രന്ഥങ്ങളാണ് അവരുടെ എന്നുമുള്ള ആധാരം. അതിൽ തെറ്റുപറ്റിയില്ലാ! എന്നാൽ അത് ഇടയന്മാർ വഴിയാണ് അറിയുവാൻ ഇടയായതെന്നത് തികച്ചും അവിശ്വസനീയം!

“കർത്താവ് അരുളിചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി” (ലൂക്കോസ് 1:45) എന്ന് ദൈവമാതാവിനെക്കുറിച്ച് എലിസബത്ത് പുണ്യവതി പറഞ്ഞത്

പ്രശംസയുടെ വാക്കായിട്ടല്ലാ വിശ്വാസിയുടെ മനസ്സ് എപ്രകാരമെന്ന് ഓർമ്മപ്പെടുത്തലായി സ്വീകരിച്ചാൽ നവീകരണം ഉറപ്പ്! മനുഷ്യരുടെ വാക്കിലും ഉറപ്പിലും സംതൃപ്തിയും ആവേശവും കണ്ടെത്തുന്ന മനുഷ്യന് ദൈവത്തിൻരെ വാക്കിൽ വിശ്വാസം അർപ്പിക്കുവാൻ കഴിയുകയില്ലേ? ഇടയന്മാർ ദൈവദൂതൻ പറഞ്ഞത് വിശ്വസിച്ചു; തന്മൂലം അവർ സുവിശേഷത്തിന്റെ മാറ്റിവയ്ക്കാനാവാത്ത സാക്ഷികളായി. സ്വർഗ്ഗത്തിന്റ സന്ദേശം സ്വീകരിക്കന്നതിൽ നാം മടി കാട്ടരുത് എന്ന സന്ദേശം ഇടയന്മാർ നമുക്ക് നൽകുന്നു. എളിമയുടെ പാഠം സ്വർഗ്ഗത്തിന്റെ നക്ഷത്രം കാണിച്ചു തരുന്ന പ്രകാശമാണ്. വിശ്വാസ ജീവിതത്തിന്റെ അടിത്തറയും എളിമ തന്നെ!

യേശുവിനെ കണ്ടുമുട്ടാതെയുള്ള ക്രിസ്തുമസ് ഒന്നും നമുക്ക് തരുന്നില്ലല്ലോ? ഒരു വാൽനക്ഷത്രം നിന്റെ മുകളിൽ, നിന്റെ വീടിന്റെ മുകളിൽ, നീ പോകുന്ന വഴികളിൽ, നിന്റെ മുകളിൽ, നിന്നോടൊപ്പം സഞ്ചരിക്കുന്നത് നീ ശ്രദ്ധിച്ചിട്ടുണ്ടോ? പ്രകാശമുള്ള ഈ നക്ഷത്രം വന്നുനിൽക്കുന്നത് രക്ഷകന്റെ സാന്നിദ്ധ്യത്തിലാണ്. വചനം മാംസമായവനെ കണ്ടെത്താൻ വാൽനക്ഷത്രം അടയാളമാകുന്നു! ക്രസ്തുമസിന്റെ ബാഹ്യമായ ആഘോഷ അടയാളങ്ങൾ എല്ലാം അർത്ഥപൂരിതമാകും നാം യേശു പൈതലിനെ കണ്ടെത്തി അവനെ ആരാധിച്ചുവെങ്കിൽ! അവിടുത്തെ കണ്ടെത്തുന്നതിന് എന്താണ് മാർഗ്ഗം? കർത്താവ്, അരുളിചെയ്ത കാര്യങ്ങൾ നിറവേറുകതന്നെ ചെയ്യും എന്ന് അരുളിചെയ്തവരെ അനുധാവനം ചെയ്യുക. ബേത്‌ലഹേമിലേക്ക് നടക്കുന്നവർ ശ്രദ്ധിക്കുക; വിനയവും ദൈവവിചാരവും വിശ്വാസവും ഉള്ളിലുണ്ടെന്ന് ഉറപ്പാക്കണേ.

നമ്മുടെ രക്ഷകനായി പിറന്ന യേശുപൈതൽ നിങ്ങളെ ഏവരെയും അനുഗ്രഹിക്കട്ടെ!

നിങ്ങളുടെ പിതാവ്

+Baselios Cleemis

✠കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ്
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്



കവർ സ്റ്റോറി

# ക്രിസ്തുവും, സീസറും, നമ്മുടെ ക്രിസ്തുമസും



**റവ. ഫാ. മാത്യു ചാർത്താക്കുഴിയിൽ**

ലോകത്തിൽ ഏറ്റവും അധികം അറിയപ്പെടുന്നതും ആഘോഷിക്കപ്പെടുന്നതുമായ തിരുനാളാണ് ക്രിസ്തുമസ്. ക്രിസ്തുവിന്റെ ജനനം മനുഷ്യചരിത്രത്തിന്റെ കേന്ദ്രമായി നിലകൊള്ളുന്നതിനാൽ എല്ലാ ജന്മങ്ങളും യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ടിരിക്കുന്നു. പുൽക്കൂട്, ക്രിസ്തുമസ്പപ്പാ (സാന്റാ ക്ലോസ്), ക്രിസ്തുമസ്ട്രീ, ക്രിസ്തുമസ് നക്ഷത്രങ്ങൾ, ക്രിസ്തുമസ് കാർഡ്, ക്രിസ്തുമസ് കരോൾ തുടങ്ങി ഒരുപാടു പ്രതീകങ്ങൾ ക്രിസ്തുമസ് കൊണ്ടാടുന്നതുമായി ബന്ധപ്പെട്ടു ഉണ്ടായിട്ടുണ്ട്. ഇന്ന് പല രാജ്യങ്ങളിലും ക്രിസ്തുമസ് അവിടുത്തെ ഏറ്റവും വലിയ വാണിജ്യ -വ്യവസായ മേളകളുടെ സമയവുമാണ്.

ബാഹ്യമായ ആചാരങ്ങൾക്കും, ആഘോഷങ്ങൾക്കുമപ്പുറം യേശുവിന്റെ ജനനത്തിന് നമ്മുടെ ജീവിതവുമായിട്ടുള്ള ബന്ധവും, അതുവഴിയായി നമ്മുടെ ജീവിതത്തിനു ആഴവും അർത്ഥവും ഉണ്ടായതും, ക്രിസ്തുമസ് കാലയളവിൽ കൂടുതലായി നാം വിശകലന വിധേയയമാക്കണം. ക്രിസ്തുമസിന്റെ യഥാർത്ഥ ചൈതന്യം ക്രിസ്തുവിനെ എല്ലായിടത്തും സന്നിഹിതമാക്കുന്നതിലാണ്. അതിന്റെ ആത്മീയ അർത്ഥതലങ്ങൾ ബാഹ്യാനുഷ്ഠാനങ്ങളെക്കാൾ നമുക്ക് വിലപ്പെട്ടതാണ്. ക്രിസ്തു നമ്മെ സംബന്ധിച്ചു പണ്ടെങ്ങോ ജീവിച്ചു മരിച്ചുപോയ ഒരു വ്യക്തിയല്ല, പിന്നെയോ ഇന്നും ജീവിക്കുന്ന യാഥാർത്ഥ്യമാണ്. ഒരു ചരിത്രപുരുഷൻ എന്നതുപോലെ തന്നെ, ചരിത്രാതീതനും, ചരിത്രത്തിന്റെയെല്ലാം കേന്ദ്രവുമാണ് യേശു. ലൂക്കാ സുവിശേഷകൻ പറയുന്ന ചില ചരിത്രയാഥാർഥ്യങ്ങളേയും, അന്നത്തെ ചരിത്രത്തിന്റെ കേന്ദ്രബിന്ദുവുമായിരുന്ന സീസർ ചക്രവർത്തിയെയും ബന്ധപ്പെടുത്തി യേശുവിന്റെ ജനനത്തിന്റെ പ്രാധാന്യം വിശദീകരിക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേ്യശം.

ചിത്രകാരനും, ഭിഷഗ്വരനുമായിരുന്ന ലൂക്കാ സുവിശേഷകൻ ഒരു നല്ല ചരിത്രകാരന്റെ അവധാനതയോടെ യേശുവിന്റെ ജനനം വിവരിക്കുന്നു. “അക്കാലത്ത്, ലോകമാസകലമുള്ള ജനങ്ങളുടെ പേര് എഴുതിച്ചേർക്കപ്പെടണം എന്ന് അഗസ്റ്റസ് സീസറിൽ നിന്ന് കല്പന പുറപ്പെട്ടു”(ലൂക്കോസ് 2: 1). മനുഷ്യകുലത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് അങ്ങനെ “ലോകമാസകലമുള്ള” ഒരു ജനസംഖ്യാ കണക്കെടുപ്പ് നടക്കുന്നത്. ഭൂമിയിലുള്ള എല്ലാജനങ്ങളും, ജീവിതങ്ങളും ചക്രവർത്തിയായ സീസർ അഗസ്റ്റസിന്റെ ജീവിതവും ഭരണവുമായി ബന്ധപ്പെട്ടിരിക്കണം എന്ന ചിന്തയിൽ നിന്നാണ് ഇത്തരത്തിലൊരു കണക്കെടുപ്പ് ഉദയം ചെയ്യുന്നത്.

വിശാല റോമൻ സാമ്രാജ്യത്തിലെ ആദ്യത്തെ ചക്രവർത്തിയായിരുന്നു സീസർ അഗസ്റ്റസ് (63 BC -AD14). “പാക്സ് റോമാനാ” (Pax Romana) എന്നു ചരിത്രത്തിൽ അറിയപ്പെടുന്ന 200 വർഷം നീണ്ടു നിന്ന ദീർഘമായ “സമാധാനയുഗം” ആരംഭിക്കുന്നത് ഇദ്ദേഹത്തിന്റെ കാലത്തോടെയാണ്. അഗസ്റ്റസിന്റെ ഭരണം വഴി സാമ്രാജ്യത്തിലുടനീളം സമാധാനം കൈവന്നു. കാരണം ലോകത്തിൽ സമാധാനം സംജാതമാക്കുവാൻ വേണ്ടി ജനിച്ച

വനാണ് സീസർ അഗസ്റ്റസ്. ഗായിയുസ് ഒക്റ്റാവിയുസ് (Gaius Octavius) എന്നതായിരുന്നു ഇദ്ദേഹത്തിന്റെ ആദ്യത്തെ നാമം. കാലാന്തരത്തിൽ അത് സീസർ ദിവി ഫിലിയൂസ് അഗസ്റ്റസ് (Caesar Divi Filius Augustus) ആയി മാറുന്നു. "ദിവി ഫിലിയൂസ" എന്നാൽ "ദൈവത്തിന്റെ മകൻ" എന്ന് അർത്ഥം. റോമൻ സെനറ്റ് 31- ബി.സി. യിൽ അഗസ്റ്റസിന്റെ മരിച്ചുപോയ പിതാവ് ജൂലിയസ് സീസറിനു (അഗസ്റ്റസിനെ ഇദ്ദേഹം ദത്തെടുത്തതാണ്) ദൈവത്വം കല്പിച്ചു കൊടുക്കുകയും, അഗസ്റ്റസ് സീസറിനെ "ദൈവപുത്രനായി" പ്രഖ്യാപിക്കുകയും ചെയ്തു. തന്റെ ദൈവീകമായ ഉത്ഭവം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും, സ്ഥിരമാക്കുന്നതിനും വേണ്ടിയാണ് അദ്ദേഹം അഗസ്റ്റസ് എന്ന നാമം സ്വീകരിച്ചത്. ആ പേരിന്റെ അർഥം "വിശിഷ്ടനായ വ്യക്തി", "ആരാധനയ്ക്ക് യോഗ്യൻ" എന്നൊക്കെയാണ്. പ്രസിദ്ധ റോമൻ കവിയായ വെർജിൽ, അഗസ്റ്റസ് ചക്രവർത്തിയെക്കുറിച്ചു ഇപ്രകാരം എഴുതിയിരിക്കുന്നു: "നിങ്ങൾ പലപ്പോഴും കേൾക്കുന്ന വാഗ്ദാനം ചെയ്യപ്പെട്ട മനുഷ്യൻ, ദൈവത്തിന്റെ മകനായ, അഗസ്റ്റസ് സീസർ ഇവനാണ്. അവൻ നമുക്ക് വീണ്ടും ഒരു സുവർണ്ണ കാലഘട്ടം സംജാതമാകും" (Aeneid 1.286 -90). റോമൻ സാമ്രാജ്യം ഭരിക്കുന്ന ചക്രവർത്തി അങ്ങനെ ഭൂമിയിലെ കാണപ്പെടുന്ന ദൈവരൂപമായി മാറിയിരിക്കുന്നു. അതുകൊണ്ടുതന്നെ ദൈവത്തിന്റെ പുത്രനായ സീസറിന്റെ പേരിൽ രാജ്യത്തുടനീളം അമ്പലങ്ങൾ സ്ഥാപിച്ചു ജനങ്ങൾ ആരാധന നടത്തിയിരുന്നു. ഇത് റോമൻ പൗരൻ എന്നനിലയിലുള്ള മതപരവും, രാഷ്ട്രീയവുമായ കർത്തവ്യത്തിന്റെ ഭാഗമായിരുന്നു.

സീസർ ചക്രവർത്തിയുടെ വരവോടെ റോമൻ സാമ്രാജ്യത്തിൽ ഒരു സമാധാന യുഗത്തിനു ആരംഭം കുറിച്ചെങ്കിൽ യേശുവിന്റെ മനുഷ്യാവതാരത്തോടെ ലോകത്തിനു നിത്യ സമാധാനത്തിനുള്ള വഴിയാണ് ലഭിച്ചിരിക്കുന്നത്. രക്ഷകന്റെ ജനനം "സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്തയും" (ലൂക്കാ 2:10), അതുപോലെതന്നെ "ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം" (ലൂക്കാ 2 :14) ലഭിക്കുന്നതിനുള്ള അവസരവുമാണ്. അങ്ങനെ "പാക്സ് റോമാനാ" എന്നത് "പാക്സ് ക്രിസ്റ്റി"യായി മാറിയിക്കുന്നു. യേശുതന്നെ പറയുന്നു: "എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു. ലോകം നൽകുന്നതു പോലെ അല്ല ഞാൻ നൽകുന്നത്"(യോഹന്നാൻ 14:27). അതുപോലെ തന്നെ സീസർ ചക്രവർത്തി ദൈവപുത്രനായി ജനങ്ങളുടെ ഇടയിൽ കാണപ്പെട്ടെങ്കിൽ അതിന്റെ യഥാർത്ഥ അവകാശി ബേത്‌ലഹേമിലെ പുൽക്കൂടിലിൽ ഭൂജാതനായ യേശുവാണ് . കാരണം അവിടുന്നാണ് ഭൂമിയിൽ ദൈവത്തിന്റെ പ്രതിരൂപം. യേശു തന്റെ ശിഷ്യന്മാരോട് പറയുന്നു: "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (യോഹന്നാൻ 14:9). വി.പൗലോസ് ശ്ലീഹ പലപ്രാവശ്യം ഈ സത്യം എടുത്തുപറയുന്നു: "അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും ആണ്"(കൊളോസോസ് 1:15).

റോമൻ സാമ്രാജ്യം ചക്രവർത്തിയുടെ പേരിൽ ദേവാലയങ്ങൾ പടുത്തുയർത്തിയെങ്കിൽ, തന്റെ ശരീരമായിരുന്നു ദേവാലയമായി യേശു നമുക്കുവേണ്ടി സമർപ്പിച്ചത്. യേശുവിന്റെ അധികാരത്തിനു അടയാളം ആവശ്യപ്പെട്ട യഹൂദന്മാർക്കു യേശു കൊടുത്ത വലിയ അടയാളം ഈ ദേവാലയം നശിപ്പിക്കുക മൂന്നു ദിവസത്തിനകം ഞാൻ അത് പുനരുദ്ധരിക്കും എന്നാണ്. സുവിശേഷകൻ പറയുന്നു: "എന്നാൽ അവൻ പറഞ്ഞത് തന്റെ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണ്" (യോഹന്നാൻ 2: 21). ബെനഡിക്ട് 16-ാമൻ മാർപാപ്പ എഴുതുന്നു: "പഴയ ആലയത്തിന്റെ യുഗം അവസാനിച്ചു. മനുഷ്യനിർമ്മിതമല്ലാത്ത ഒരു ആലയത്തിൽ പുതിയ ആരാധന അർപ്പിക്കപ്പെടുന്നു. ഈ ദേവാലയം യേശുവിന്റെ ഉയർപ്പിക്കപ്പെട്ട ശരീരമാണ്. തന്റെ ശരീര-രക്തങ്ങളുടെ പങ്കുവയ്ക്കലിലൂടെ സകലതിനെയും അവൻ ഒന്നിപ്പിക്കുന്നു. അവൻ തന്നെയാണ് മനുഷ്യരാശിയുടെ പുതിയ ആലയം" (നസറെത്തിലെ യേശു, വാല്യം II, 21-22).

സീസർ ചക്രവർത്തിയുടെ സാമ്രാജ്യ വിപുലീകരണത്തിന്റെയും, സത്ഭരണത്തിന്റെയും ലക്ഷ്യം ഇങ്ങനെയൊരു ഭരണാധികാരി തനിക്കുമുൻപോ തനിക്കുശേഷമോ ലോകത്തിൽ ഉണ്ടാകാൻ പാടില്ല എന്നതായിരുന്നു. ചരിത്രത്തിൽ ചിരപ്രതിഷ്ഠ നേടുന്ന, ലോകത്തിന്റെ മുഴുവൻ അധിപനായി അറിയപ്പെടുന്ന ആളായിമാറാൻ വേണ്ടുന്നതെല്ലാം അദ്ദേഹം ചെയ്തു. വലിയ പ്രചാരണത്തിലൂടെ ഇങ്ങനെ ഒരു രാജാവ് ഭൂമിയിൽ അവതരിച്ചില്ലായിരുന്നെങ്കിൽ തങ്ങളുടെ ജീവിതം ദുരിത പൂർണ്ണവും അർത്ഥമില്ലാത്തതും ആയിമാറിയേനെ എന്ന് ജനങ്ങളെ വിശ്വസിപ്പിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. ചക്രവർത്തിക്കുണ്ടായ പുതുജന്മത്തിന്റെ പ്രതീകമായി ചരിത്രത്തിൽ അഗസ്റ്റസ് എന്ന നാമധേയത്തിൽ അദ്ദേഹം പിന്നീട് അറിയപ്പെടാൻ തുടങ്ങി.


സീസറിനെക്കുറിച്ച് പറയപ്പെടുന്ന പ്രവചനങ്ങൾ യഥാർത്ഥത്തിൽ കൃത്യമായി നിറവേറ്റപ്പെട്ടിരിക്കുന്നത് ക്രിസ്തുവിലാണ്. യെശയ്യാ പ്രവാചകൻ പറയുന്നു: "എന്തെന്നാൽ, നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിലായിരിക്കും; വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും. ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജ്യത്തിലും അവന്റെ ആധിപത്യം നിസ്സീമമാണ്; അവന്റെ സമാധാനം അനന്തവും" (ഏശയ്യാ 9:6-7).

ആരാധനയ്ക്കു യോഗ്യൻ ദൈവം മാത്രമാണ്. വെളിപാട് പുസ്തകത്തിൽ നാം വായിക്കുന്നു: "കൊല്ലപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും ആധിപത്യവും ബഹുമാനവും മഹത്വവും സ്വീകരിക്കാൻ യോഗ്യനാണ്" (വെളിപാട് 5:12). നമ്മുടെ ജീവിതം അർത്ഥപൂർണമാകുന്നത് യേശുവിനോടു ബന്ധപ്പെട്ടിരിക്കുമ്പോഴാണ്. അവിടുന്നാണ് നമ്മുടെ പ്രയാസങ്ങൾക്കും, കഷ്ടതകൾക്കും അറുതി വരുത്തുന്നത് (മത്തായി 11:28-30). പത്രോസ്ശ്ലീഹ പറയുന്നു: "ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴിൽ, നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടുന്ന് തക്കസമയത്ത് നിങ്ങളെ ഉയർത്തിക്കൊള്ളും. അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്" (1 പത്രോസ് 5:6-7).

അഗസ്റ്റസ് സീസറിന്റെ പ്രധാനപ്പെട്ട സ്ഥാനനാമങ്ങളിൽ ഒന്നായിരുന്നു "പോന്റിഫസ് മാക്സിമസ്" (Pontifex Maximus)എന്നത്. "മഹാനായ പുരോഹിതൻ" എന്നാണ് ഈ വാക്കിന്റെ അർത്ഥം. അഗസ്റ്റസ് ഭരണത്തിലേറുന്നതിനു മുൻപ് തന്നെ പുരാതന റോമിൽ നിലനിന്നിരുന്ന ഒരു വലിയ പദവിയാണിത്. രാജ്യത്തെ പ്രധാന പുരോഹിതന്മാർ ചേർന്ന് തിരഞ്ഞെടുക്കുന്ന മുഖ്യ മഹാപുരോഹിതനായിരുന്നു "പോന്റിഫസ് മാക്സിമസ്" (ഏറ്റവും വലിയ പുരോഹിതൻ). റോമൻ സാമ്രാജ്യത്തിലെ പൗരോഹിത്യത്തിന്റെ ഏറ്റം ഉന്നത പദവിയായിരുന്നു ഇത്. തന്റെ അധികാരം അരക്കിട്ടുറപ്പിക്കുന്നതിനു വേണ്ടി സീസർ അനധികൃതമായി ഏറ്റെടുത്തിരുന്ന ഒരു സ്ഥാനമായിരുന്നു ഇത്. അങ്ങനെ ആത്മീയവും ഭൗതികവുമായ അധികാരങ്ങൾ സീസറിൽ കേന്ദ്രീകരിച്ചു.

പ്രധാന പുരോഹിതൻ എന്ന സ്ഥാനം സ്വാഭാവികമായിത്തന്നെ യേശുവിലുണ്ടായിരുന്നു. ബലിയർപ്പിക്കുക മാത്രമല്ല അവിടുന്ന് നമുക്കെല്ലാം തന്നെത്തന്നെ മുഴുവനായി ബലിയായി നൽകുകയും ചെയ്തു. ഹെബ്രായർക്കുള്ള ലേഖനത്തിൽ നിരവധി പ്രാവശ്യം നമ്മുടെ പ്രധാന പുരോഹിതനായി യേശുവിനെ അവതരിപ്പിച്ചിരിക്കുന്നു: "അവിടുന്ന് വീണ്ടും പറയുന്നു: മെൽക്കിസെദേക്കിന്റെ ക്രമപ്രകാരം നീ എന്നേക്കും പുരോഹിതനാണ്" (ഹെബ്രായർ 5:6). കത്തോലിക്കാ സഭയുടെ എല്ലാവർഷവും പ്രസിദ്ധീകരിക്കുന്ന സ്ഥിതിവിവരക്കണക്ക് പുസ്തകത്തിൽ (ആനുവാരിയോ പോന്റിഫിചോ – Annuario Pontificio) നൽകിയിരിക്കുന്ന മാർപ്പാപ്പയുടെ ഔദ്യോഗിക പേരിൽ നാലാമതായി കൊടുത്തിരിക്കുന്നതാണ് "സുപ്രീം പോന്റിഫ്" (Supreme Pontiff ) എന്നത്. മാർപ്പാപ്പ സഭയുടെ പ്രധാന പുരോഹിതൻ എന്ന അർത്ഥത്തിലാണ് ഇത് ഉപയോഗിച്ചിരിക്കുന്നത്.

സീസറുമായി ഏറ്റം അടുത്ത് ബന്ധമുള്ള, നമുക്കൊക്കെ വളരെ പരിചിതമായ, ഒരു വാചകം ഇടയന്മാർക്കുള്ള സന്ദേശത്തിൽ മാലാഖമാർ ഉപയോഗിക്കുന്നുണ്ട്. "ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു"(ലൂക്കോസ് 2:10). "ഏവൻഗേലിസോ" എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് "സദ്വാർത്ത" എന്ന മലയാള പദം വന്നിരിക്കുന്നത്. നമ്മുടെ കുർബാനാമദ്ധ്യേയുള്ള സുവിശേഷവായന സമയത്തു ഏവൻഗേലിയോൻ എന്ന ഗ്രീക്ക് വാക്കുതന്നെയാണ് പുരോഹിതൻ ഉപയോഗിക്കുന്നത്. യേശുവിന്റെ ജനനസമയത്തു് ഇത് സീസർ ചക്രവർത്തിക്ക് മാത്രം ഉപയോഗിക്കാൻ അനുവാദം ഉണ്ടായിരുന്ന ഒരു പദമാണ്. ബെനഡിക്ട് 16–ാമൻ മാർപ്പാപ്പ പറയുന്നു. ചക്രവർത്തി തന്നെത്തന്നെ ജനങ്ങളുടെ മുമ്പിൽ അവർക്ക് രക്ഷയും ജീവനും നൽകുന്നവനായി അവതരിപ്പിച്ചു. സീസറിന്റെ സന്ദേശങ്ങൾ എല്ലാം തന്നെ അതിന്റെ ഉള്ളടക്കം എന്തുതന്നെ ആയിരുന്നാലും സാധാരണക്കാർക്ക് "ഏവൻഗേലിയോൻ" ആയിരുന്നു. ചക്രവർത്തിയുടെ നാവിൽ നിന്നു വരുന്നതെന്തും ഒരു സാധാരണ വർത്തമാനം അല്ല മറിച്ച്



അത് കേൾക്കുന്നവർക്ക് രക്ഷയും സൗഖ്യവും പ്രദാനം ചെയ്യുന്ന സന്ദേശമായിരുന്നു. അത് കേൾക്കുന്നതു വഴിയായി സാധാരണ ജനങ്ങൾ കൂടുതൽ പൂർണ്ണരാകുന്നു. "ചക്രവർത്തി അനധികൃതമായി അവകാശപ്പെട്ടിരുന്ന ഈ കാര്യങ്ങൾ യേശുവിൽ നിയമാനുസൃതം അന്വർത്ഥമായിരിക്കുന്നു. യേശുവിൽ ഈ ഏവൻഗേലിയോൻ മനുഷ്യരൂപം പ്രാപിച്ച് ലോകത്തിൽ പ്രവേശിച്ച്, എല്ലാവരുടെയും രക്ഷയ്ക്ക് കാരണമായിത്തീർന്നു" (നസറത്തിലെ യേശു, വാല്യം I, 47). ഇന്ന് യേശുവാണ് നമ്മുടെ ഏവൻഗേലിയോൻ. അവൻ വെറും വാർത്ത മാത്രമല്ല, നാമോരോരുത്തരുമായി സമ്പർക്കം പുലർത്തുന്ന വ്യക്തിയുമാണ്. (ഈ ആശയം സുവിശേഷവത്കരണവുമായി ബന്ധപ്പെട്ട എന്റെ ലേഖനങ്ങളിൽ നേരത്തെ വിശദീകരിച്ചിട്ടുണ്ട്).

പ്രസിദ്ധ അമേരിക്കൻ ചിന്തകനും, ചരിത്രകാരനും, എഴുത്തുകാരനുമായ വിൽ ഡുറാന്റ് (Will Durant) "നാഗരികതയുടെ കഥ" (*The Story of Civilization*) എന്ന പേരിൽ പതിനൊന്നു വാല്യങ്ങളിലായി എഴുതിയ പരമ്പരയിലെ മൂന്നാമത്തെ ബൃഹത്തായ കൃതിയാണ് "സീസറും ക്രിസ്തുവും" (*Caesar and Christ*). ഈ ഗ്രന്ഥത്തിൽ റോമിന്റെ ചരിത്രവും, കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലം വരെയുള്ള ക്രിസ്തീയ വിശ്വാസത്തിന്റെ വളർച്ചയുടെ ചരിത്രവുമാണ് 752 പേജുകളിലായി എഴുതിയിരിക്കുന്നത്. അദ്ദേഹത്തിന്റെ വളരെ പ്രസിദ്ധമായ ചില വാചകങ്ങൾ ചുവടെ ചേർക്കുന്നു (എന്റെ പരിഭാഷ): "പല ചക്രവർത്തിമാരാലും അവഹേളിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും, എന്നാൽ അവയെല്ലാം ധൈര്യത്തോടെ നേരിടുകയും, നിശബ്ദമായി വളരുകയും, വ്യവസ്ഥിതികൾ രൂപപ്പെടുത്തുകയും, അങ്ങനെ അതുവരെയുള്ള മനുഷ്യചരിത്രത്തിലെ ഏറ്റം വലിയ സാമ്രാജ്യത്തെ തോൽപ്പിക്കുകയും ചെയ്ത ഒരേയൊരു പ്രസ്ഥാനമേയുള്ളു. ശത്രുക്കൾ കുഴപ്പങ്ങൾ സൃഷ്ടിച്ചപ്പോഴും, വാളിനോട് വചനം കൊണ്ട് പോരാടുകയും, ക്രൂരതയെ പ്രത്യാശയും, സ്നേഹവും കൊണ്ട് തോൽപ്പിക്കുകയും ചെയ്തവരാണ് അന്നത്തെ ക്രിസ്ത്യാനികൾ. സീസറും, ക്രിസ്തുവും ലോകത്തിന്റെ ഈ അരങ്ങിൽ റോമിൽ വച്ചു കണ്ടുമുട്ടി, അന്നുമുതൽ ക്രിസ്തു വിജയിച്ചു"(ദി സ്റ്റോറി ഓഫ് സിവിലൈസേഷൻ, വാല്യം III, 652).

വളരെ ആലങ്കാരികമായി വിൽ ഡുറാന്റ് പറഞ്ഞിരിക്കുന്ന ഈ വാചകങ്ങളിൽ ഒരുപാടു സത്യങ്ങൾ അടങ്ങിയിട്ടുണ്ട്. സീസർ ലോകത്തിന്റെ രക്ഷകനും, സമാധാനം പ്രദാനം ചെയ്യുന്നവനും, ദൈവപുത്രനും, പ്രധാനപുരോഹിതനും, ചരിത്രത്തിന്റെ കേന്ദ്രബിന്ദുവും, പ്രവചനകളുടെ പൂർത്തീകരണവും ഒക്കെയായി യേശുവിന്റെ ജനനസമയത്തു വാഴ്ത്തപ്പെട്ടിരുന്നുവെങ്കിൽ ഈ യാഥാർത്ഥ്യങ്ങളൊക്കെ പൂർത്തീകരിച്ചിരിക്കുന്നതു യേശുവിലാണെന്നു നാം തിരിച്ചറിയുന്നു. സീസർ ചക്രവർത്തി ഇപ്പോൾ ചരിത്ര പുസ്തകങ്ങളുടെ കുറച്ചു പേജുകൾ അലങ്കരിക്കുമ്പോൾ ക്രിസ്തു ഇന്നും ജീവിക്കുന്നു. സീസറിനെക്കുറിച്ചു പുസ്തകങ്ങളിലൂടെ നാം വായിച്ചറിയുന്നു, ക്രിസ്തുവിനെ ജീവിതത്തിലൂടെ നാം അനുഭവിച്ചറിയുന്നു. വലിയവെനെന്ന് തോന്നിയ സീസറിനു ചാർത്തിക്കൊടുത്തിരുന്ന മഹത്വങ്ങൾ യഥാർത്ഥത്തിൽ കാണപ്പെടുന്നത് ആരും കാണാതെ, സീസറിന്റെ "ലോകമാസകലമുള്ള ജനങ്ങളുടെ" കണക്കെടുപ്പിലെ അധികം ശ്രദ്ധിക്കപ്പെടാതെ പോയ ഒരു പേരായ യേശുവിന്റേതായിരുന്നു. ക്രിസ്തു ലോകത്തെ കീഴടക്കിയത് യുദ്ധവും, അധികാരവും ഉപയോഗിച്ചല്ല, പിന്നെയോ സ്നേഹം കൊണ്ടാണ്. ആരെയും കൊന്നൊടുക്കിക്കൊണ്ടല്ല, അനേകർക്കുവേണ്ടി തന്റെ ജീവൻ തന്നെ നൽകിക്കൊണ്ടാണ്.

സീസർ കൊട്ടാരത്തിൽ പിറന്നു വലിയ ഭരണാധികാരിയായി തീർന്നെങ്കിൽ ജനനം മുതൽ തന്നെ അവശരോടും, നിരാലംബരോടും ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടായിരുന്നു യേശുവിന്റെ ജീവിതം. സീസറിന്റെ കാനേഷുമാരിയിലെ വെറുമൊരു പേരായിരുന്നു യേശുവെന്നത്. എന്നാൽ കാലക്രമത്തിൽ ലോകം ഭരിച്ചുവെന്നു കരുതിയ സീസറിന്റെ സാമ്രാജ്യം മുഴുവൻ ക്രിസ്തു പിടിച്ചടക്കുന്നു. ഇന്ന് സീസർ ജനിച്ചതും, ഭരിച്ചതുമായ വർഷമൊക്കെ ലോകം അറിയുന്നത്, യേശു ജനിച്ച വർഷത്തോട് ബന്ധപ്പെടുത്തിയാണ്. അവന്റെ മാർഗം സമാധാനത്തിന്റേതായിരുന്നു, അവന്റെ പടയാളികൾ സ്നേഹത്തിന്റെ സന്ദേശവാഹകരായിരുന്നു. സീസറിന്റെ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ റോം തന്നെയും മുഴുവനായി ക്രിസ്തു നേടിയെടുത്തു. ഇന്നും ക്രിസ്തുജീവിക്കുന്നു – ചരിത്ര പുസ്തകത്താളുകളില്ല പിന്നെയോ അനേകരുടെ ഹൃദയങ്ങളിൽ.

യേശു ജനിച്ച പുൽക്കൂടിൽ സീസറിന്റെ കൊട്ടാരവുമായി യാതൊരു സാമ്യവുമില്ലായിരുന്നുവെങ്കിലും, ഈ ലോകത്തിനു തന്നെ ഉൾകൊള്ളാൻ കഴിയാത്തവിധം വലിയവനാണ് യേശു എന്ന് ഇന്നു നാം തിരിച്ചറിയുന്നു. അതുപോലെതന്നെ, എന്റെ ചെറിയ ഹൃദയത്തിലും കയറിയിരിക്കാൻ കഴിയും വിധം വീണ്ടും, വീണ്ടും ചെറുതാക്കാൻ വലിയ മനസുള്ളവനുമാണവൻ. വാതിലുകളില്ലത്ത പുൽക്കൂട് വലിയമതിലുകളാൽ ആവരണം ചെയ്ത സീസറിന്റെ കൊട്ടാരത്തേക്കാൾ മഹത്തരമാണ്. മതില് കെട്ടി എന്റെ ഹൃദയവാതിൽ ഞാൻ അടച്ചാൽ, പാവപ്പെട്ടവരുടെ ഹൃദയങ്ങളിൽ അവൻ ഇടം കണ്ടെത്തും. വലിയൊരു ദൈവീകരാജ്യത്തിന്റെ നിർമാണം ആരംഭിച്ചിരിക്കുന്നത് ഈ എളിമയിൽ നിന്നും, ഇല്ലായ്മയിൽ നിന്നുമാണ്. കൊട്ടാരമല്ല നമുക്കിനിയും വേണ്ടത്, യേശു നിറയുന്ന പുൽക്കുടിലുകളാണ്. നമ്മുടെ ഭവനങ്ങളെ പുൽക്കൂടിലായി പുനർനിർമ്മിക്കാനുള്ള പരിശ്രമത്തിലായിരിക്കണം നാം.

*മാതാവിൻ മടിയിൽ തലചായ്ച്ചുറങ്ങും*
*മാലോക രക്ഷകനേശുനാഥാ*
*കാലിത്തൊഴുത്തിൽ ശയിച്ചൊരാ മേനിയെ*
*പുൽകാനെന്നെയും അനുവദിക്കൂ*

*ഒരുപാടകലെത്തായിരുന്നതാ സ്വർഗ്ഗം*
*ഈ പുൽക്കൂട്ടിലൂടെന്നരികിലെത്തി*
*മാലാഖമാരുടെ രാജനല്ലോ നീ*
*മാനവരാശിതൻ രക്ഷകനും*

*പുണ്യത്തിൽ വൈക്കോലിൽ*
*കോർത്തൊരാ മെത്തയായ്*
*എന്നുമ്മറപ്പടിയിൽ ഞാൻ കാത്തിരിപ്പൂ*
*പിറക്കുവാനിടമില്ലാതെങ്ങും നീ അലയല്ലേ*
*എൻ ഹൃത്തടം നിൻ ഗേഹമായ് മാറിടട്ടെ*

# സംവാദം

## അതിരുവിടുന്ന മാധ്യമങ്ങൾ.




കേരള സമൂഹത്തിന്റെ നവോത്ഥാന പ്രക്രിയയിൽ സ്വാതന്ത്ര്യത്തിനു മുമ്പ് മാധ്യമങ്ങൾ പരിണാമശക്തിയായി നിലകൊണ്ടിരുന്നു. എന്നാൽ ഇന്നിന്റെ സമകാലീന മാധ്യമങ്ങൾ തങ്ങളുടെ പൂർവ്വികർ മുറുകെ പിടിച്ചിരുന്ന മാധ്യമ ധർമ്മത്തെ മറ്റു പല നിക്ഷിപ്ത - വ്യക്തി താൽപര്യങ്ങൾക്കു മുൻപിൽ മനപൂർവ്വം മറന്നീടുന്നു അല്ലെങ്കിൽ കൈവെടിയുന്നു എന്നതാണ് സത്യം.

**റവ. ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്**

നിശബ്ദതയ്ക്ക് നൂറ് അർഥങ്ങളുണ്ട്. നിങ്ങൾ ആക്രോശിക്കുമ്പോൾ മറ്റൊരാൾ മിണ്ടാതിരിക്കുന്നു എന്നതിന്റെ അർഥം നിങ്ങൾ പറഞ്ഞതെല്ലാം അയാൾ അംഗീകരിച്ചു എന്നതല്ല. അയാളുടെ ശബ്ദം കെട്ടപ്പെട്ടിരിക്കുന്നു. സ്വനനാളിയിൽ ആരോ കൈകൊണ്ട് അമർത്തിയിട്ടുണ്ട്. അമർത്തിയതാരെന്നറിയാം. പക്ഷേ പിടിച്ചുമാറ്റാനാവില്ല. അതിനു ശ്രമിച്ചാൽ പിടിച്ചുമാറ്റാനാഞ്ഞ കൈ കൂടി നഷ്ടമായേക്കാം. ഭയം എല്ലാറ്റിനും മീതെയാണ്. മരണഭയം അതിനുമപ്പുറം. മരണഭയം എത്തുമ്പോൾ മനുഷ്യൻ വിളറിവെളുക്കും. ആ വിളറിവെളുപ്പ് പരക്കെയുണ്ട്. പക്ഷേ ചുവന്ന കണ്ണടയിലൂടെ നോക്കിയാൽ ആ വെളുപ്പ് ചുവപ്പാവും. ഓറഞ്ച് കണ്ണടയിലൂടെ നോക്കിയാൽ ഓറഞ്ചും. പക്ഷേ ഉള്ളിൽ എരിയുന്ന നെരിപ്പോടുകൾ കെടുത്താൻ ആർക്കാവും.

**ബോബി ഏബ്രഹാം**



സംവാദം

# അതിരുവിടുന്ന മാധ്യമങ്ങൾ



**റവ. ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി, കെ. സി. ബി. സി

മാധ്യമങ്ങൾ ഇല്ലാത്ത ലോകം എന്നത് ചിന്തിക്കാനാകാത്ത വസ്തുതയാണ്. വാമൊഴിയായി കൈമാറിയിരുന്ന സന്ദേശങ്ങളൊക്കെ അക്ഷരങ്ങളായി പരിണമിച്ച് വരമൊഴി തീർന്നപ്പോൾ അച്ചടിയിലൂടെ മാധ്യമങ്ങൾ പിറവി കൊണ്ടു എന്നു തന്നെ പറയാം. തങ്ങൾ നിലനിൽക്കുന്ന സമൂഹത്തിലെ സംഭവ വികാസങ്ങളെ പൊതു സമൂഹത്തിന്റെ മുന്നിൽ കൊണ്ടുവന്ന് ചർച്ചാവിഷയങ്ങളാക്കി അവയൊക്കെ അവരെ ബാധിക്കുന്ന കാര്യങ്ങളാണെന്ന ബോധ്യം നൽകുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. സമൂഹത്തിലെ പല അനാചാരങ്ങൾക്കും മറ്റും സ്വന്തം നിലയിൽ പത്രങ്ങൾ രൂപീകരിച്ച് വിമർശനങ്ങൾ നടത്തിയതിനോടൊപ്പം തന്നെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പത്രങ്ങൾ വലിയ പങ്കുവഹിച്ചിരുന്നു എന്നത് ചരിത്രം പഠിക്കുമ്പോൾ നമ്മുക്ക് ദർശിക്കാനാകും.

കേരള സമൂഹത്തിന്റെ നവോത്ഥാന പ്രക്രിയയിൽ സ്വാതന്ത്ര്യത്തിനു മുമ്പ് മാധ്യമങ്ങൾ പരിണാമശക്തിയായി നിലകൊണ്ടിരുന്നു. എന്നാൽ ഇന്നിന്റെ സമകാലീന മാധ്യമങ്ങൾ തങ്ങളുടെ പൂർവ്വികർ മുറുകെ പിടിച്ചിരുന്ന മാധ്യമ ധർമ്മത്തെ മറ്റു പല നിക്ഷിപ്ത-വ്യക്തി താൽപര്യങ്ങൾക്കു മുൻപിൽ മനപൂർവ്വം മറന്നീടുന്നു അല്ലെങ്കിൽ കൈവെടിയുന്നു എന്നതാണ് സത്യം.

അവ മറന്നു കൊണ്ട് മറ്റു പലതിന്റെയും പിന്നാലെ പോവുകയാണ് അവർ. ജനാധിപത്യത്തിന്റെ നാലാം തൂണായ മാധ്യമങ്ങൾ പണാധിപത്യത്തിന്റെയും കച്ചവട സംസ്കാരത്തിന്റെയും മുൻപിൽ മുട്ടുമടക്കുമ്പോൾ സമൂഹത്തിൽ നീതിയും ധർമ്മവും നിലനിർത്തിക്കൊണ്ട് നൻമയുടെവക്താക്കളായി നിലകൊള്ളേണ്ട മാധ്യമങ്ങൾ അത് മറന്നു പോയീടുന്നു. റേറ്റിംഗിങ്ങിന്റെയും മറ്റു പലതിന്റെയും മത്സരയോട്ടത്തിൽ മാധ്യങ്ങൾ എത്രമാത്രം സമൂഹത്തോട് നീതി പുലർത്തുന്നു എന്ന ചോദ്യമുണ്ട്. ഉപഭോഗ സംസ്കാരത്തിന്റെ വക്താക്കളായി പരിണമിക്കുമ്പോൾ മാധ്യമങ്ങൾ സമൂഹത്തിലൊരു തിരുത്തൽ ശക്തിയായിടണമെന്ന ബോധ്യം അപ്പാടെ മറന്നീടുന്നു.

### മാധ്യമ ധർമ്മത്തിൽ നിന്നും കച്ചവട ധർമ്മത്തിലേക്ക്

എന്താണ് മാധ്യമ ധർമ്മമെന്ന് സാധാരണക്കാരന്റെ ഭാഷയിൽ ചികഞ്ഞാൽ തങ്ങൾക്കു ചുറ്റും സമൂഹത്തിൽ നടക്കുന്ന സംഭവ വികാസങ്ങളെ കലർപ്പില്ലാതെ വസ്തുനിഷ്ഠമായി റിപ്പോർട്ട് ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. അവ കച്ചവട മനോഭാവത്തെക്കാൾ സേവന മനോഭാവത്തിലായിരുന്നു നിലകൊണ്ടിരുന്നത്. അന്നത്തെ ഭരണാധികാരികളെയും അവരുടെ തെറ്റായ നയങ്ങളെയും നഖശിഖാന്തം എതിർത്തിരുന്നതിനാൽ മിക്ക പത്രങ്ങളുടെയും അച്ചടിശാലകൾ പൂട്ടി സീൽ ചെയ്ത് കണ്ടുകെട്ടുകയോ അതിലെ പത്രാധിപർമാർ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെപ്പോലെ നാടുകടത്തപ്പെടുകയോ ചെയ്യപ്പെട്ടിട്ടുണ്ട്. സത്യത്തിനും നീതിയ്ക്കും വേണ്ടി നിലകൊണ്ടതിന് അന്ന് അവർക്കു നൽകേണ്ടി വന്നത് അവരുടെ ജീവിതങ്ങൾ തന്നെയായിരുന്നു.

എന്നാൽ പിന്നീട് മാധ്യമങ്ങൾ കച്ചവട - പരസ്യവിപണിയിൽ ഇടപെടാനും അവയുടെ പ്രചാരവാഹകരായും തീർന്നപ്പോൾ മേൽ പറഞ്ഞ മാധ്യമധർമ്മത്തിന്റെ ശുദ്ധതയിൽ കലർപ്പ് ചേർക്കുന്ന തരത്തിൽ തങ്ങളുടെ വായനക്കാരുടെ മുൻപിൽ വസ്തുനിഷ്ഠാപരമായി കാര്യങ്ങൾ എത്തിക്കുന്നതിനെക്കാൾ പരസ്യങ്ങൾ നിറച്ച് നൽകി ഉപഭോഗ സംസ്കാരത്തിന്റെ പ്രചരണവക്താകളായി മാറിയ കാലത്ത് തങ്ങളുടെ വായനക്കാരുടെ ആകാംക്ഷയെ പിടിച്ചുപറ്റാൻ വാർത്തകളിൽ സെൻസേഷണലിസം നിറച്ചു വച്ച് തെറ്റായ പ്രചരണങ്ങൾ നടത്താൻ കാട്ടുന്ന വ്യഗ്രതയിൽ അസംബന്ധങ്ങളുടെയും വ്യാജവാർത്തകളുടെയും ഉറവിടങ്ങളായി തീരുന്നു.

അവിടെ സമൂഹം ആരെയാണ് കാര്യങ്ങളിലെ വ്യാജങ്ങൾക്കുമപ്പുറത്ത് സത്യത്തെ ചികയാൻ സമീപിക്കേണ്ടത്.

വൻകിട ബിസിനസ്സ് സാമ്രാജ്യമായി കെട്ടിപ്പൊക്കപ്പെടുന്ന കോടികളുടെ വരുമാനമുള്ള മാധ്യമ സാമ്രാജ്യങ്ങൾ തങ്ങളുടെ പ്രേക്ഷകരെ പിടിച്ചിരുത്തി സത്യം മറച്ചു പിടിച്ച് അതിലുപരി അതിൽ നിന്നും നീക്കം ചെയ്ത് വ്യാജം നിറച്ചു വച്ച് ആടിനെ പട്ടിയാക്കുന്ന തന്ത്രം പ്രയോഗിക്കുമ്പോൾ ഒരു സാധാരണ പൗരൻ സ്വാഭാവികമായും തന്റെ കൺമുമ്പിൽ കിട്ടുന്ന വ്യാജത്തെ സത്യമെന്നു കരുതും. ക്രെഡിബിലിറ്റി ഇല്ലാത്ത മാധ്യമങ്ങളായി തരംതാഴുന്നു എന്ന വസ്തുത പൊതു ജനത്തിന്റെ മുമ്പിൽ ചർച്ചയാക്കപ്പെടേണ്ട ഒന്നാണ്. നൂറ്റാണ്ടുകളുടെ പോരാട്ട പാരമ്പര്യങ്ങൾ പേറുന്ന മാധ്യമ സ്ഥാപനങ്ങൾ ഇന്ന് അവ മറന്ന് ചില താൽപര്യങ്ങളുടെ പ്രചാരകരായി നിലകൊള്ളുമ്പോൾ പൊയ്മുഖങ്ങളായി തീരുന്നു എന്നതാണ് സത്യം. അത് വ്യക്തമായി പൊതുജനത്തിനു മനസ്സിലാക്കപ്പെടുന്നില്ല. എന്നാൽ അവർ തന്നെ ഓരോ വിഷയങ്ങളിലും അവർ സ്വീകരിക്കുന്ന വേർതിരിവിന്റെ നിലപാടുകളിലൂടെ ജനങ്ങൾക്കു മുൻപിൽ വെളിപ്പെടും. കാലാന്തരത്തഡ്ൽ ക്രെഡിബിലിറ്റി ഇല്ലാത്ത മാധ്യമങ്ങളായി തരം താഴ്ത്തപ്പെടുക തന്നെ ചെയ്യും. ആ കാലം വിദൂരമല്ലെന്ന് പറഞ്ഞു വച്ചീടുന്നു.

### അന്തി ചർച്ചകളിലെ സഭാ കാര്യങ്ങൾ

കേരളത്തിലെ മിക്ക വിഷയങ്ങളിലും തീരുമാനം എടുക്കുന്നത് തങ്ങൾ നടത്തുന്ന അന്തിചർച്ചകളാണെന്നാണ് ചില മാധ്യമ ജഡ്ജികളുടെ ധാരണ. രാത്രിയിൽ നടത്തുന്ന ഒൻപതു മണി അന്തി ചർച്ചകളിലൂടെ കേരളത്തിലെ ഏതെങ്കിലും വിഷയത്തിൽ പരിഹാരം കാണാൻ സാധിച്ചിട്ടുണ്ടോ. അതിലുപരി ആ ഒരു മണിക്കൂറിൽ അന്തിച്ചർച്ചക്കിടയിൽ പരസ്യങ്ങളുടെ പെരുമഴ തീർത്ത് വ്യക്തവും കൃത്യവുമായി പറയാതെ കാര്യങ്ങളെ വളച്ചുകെട്ടി പ്രേക്ഷകന് തെറ്റായ ബോധ്യം നൽകുന്ന തരത്തിലേയ്ക്ക് അധഃപതിച്ചിരിക്കുന്നു. ഓരോ പ്രത്യേക താൽപര്യങ്ങൾക്കു വേണ്ടി അവയുടെ വക്താക്കളായി ചാനലുകളും മാധ്യമ പ്രവർത്തകരും മാറിടുന്ന ഇടത്ത് എന്തിന് സഭയുടെ വിഷയങ്ങൾ ചർച്ച ചെയ്യണം. ആ ചാനൽ ചർച്ചയിലൂടെ സഭയിലെ വിഷയങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ചാനലുകളിലെ അന്തി ചർച്ചാ ജഡ്ജിമാർക്കും സ്ഥിരം മുഖങ്ങൾക്കും സാധിക്കുമോ. സഭയുടെ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സഭാ സംവിധാനങ്ങളുണ്ട്. അവയ്ക്ക് മുന്നിൽ ഒരു തരത്തിലും ചാനൽ അന്തിചർച്ചകൾ കൊണ്ട് പകരം വയ്ക്കാനാകില്ല. കത്തോലിക്കാ സഭയെന്ന ഒരു പ്രത്യേക വിഭാഗത്തോട് മാത്രം കാണിക്കുന്ന അന്തി ചർച്ചാ സ്നേഹം മറ്റു വിഭാഗങ്ങളോട് കാണിക്കാതെ വരുകയോ അവരുടെ വിഷയങ്ങളെ അവഗണിക്കുകയോ അവയിൽ നിന്ന് മുഖം തിരിച്ചും അകലം പാലിച്ചും മൗനം നടിച്ചും നിൽക്കുന്നത് കാണുമ്പോൾ തന്നെ വ്യക്തമായ അജണ്ടകളുടെ പൂർത്തീകരണമാണ് അന്തി ചർച്ചകളിലേയക്ക് സഭാ വിഷയങ്ങൾ തിരുകി കയറ്റുന്നതിന്റെ പിന്നിലെ വസ്തുതയെന്ന് നമ്മുക്ക് മനസ്സിലാക്കാം. അതിലൂടെ കത്തോലിക്കാ സഭയെപ്പറ്റി വ്യക്തമായ അറിവില്ലാത്ത അന്തി ചർച്ച മാധ്യമ സിംഹങ്ങൾ പറയുന്നതാണ് ശരിയെന്ന തലത്തിലേയ്ക്ക് പൊതുജനത്തെ അവർ വിഡ്ഢികളാക്കി തീർക്കുന്നു. അതിൽ അവർ വിജയിക്കുന്നു എന്നു തന്നെ കരുതാം.

സഭയുടെ അനുവാദം കൂടാതെ സഭയുടെ വക്താക്കളായി ചാനലുകളിൽ പോയിരിക്കുന്നവർ വിളമ്പുന്നതെന്തും സഭയുടെ വാക്കുകളും നിലപാടുകളുമായി ചിത്രീകരിപ്പെടുമ്പോൾ ഒരു ചാനൽ ചർച്ചയിൽ പരിഹരിക്കപ്പെടേണ്ടതാണോ സഭയിലെ പ്രശ്നങ്ങൾ. അങ്ങനെ പരിഹരിക്കപ്പെട്ട പ്രശ്നത്തെ ചൂണ്ടി കാണിക്കാനാകുമോ. ഒരിക്കലും ഇല്ല എന്നു തന്നെ പറയാം. അങ്ങനെയെങ്കിൽ നമ്മുടെ വിഷയങ്ങൾക്ക് പരിഹാരമായി മാധ്യമങ്ങളെ ആശ്രയിയക്കേണ്ട ആവശ്യകത ഉണ്ടോ എന്ന് പുനർവിചിന്തനം സഭാവക്താക്കളായി സ്വയം ചമയുന്നവർ സ്വയം വീണ്ടുവിചാരം നടത്തേണ്ടതായിട്ടുണ്ട്. ചാനൽ ചർച്ചകളിൽ അഭിപ്രായം പറയാൻ വന്നിരിക്കുന്ന അഭിനവ നവോത്ഥാന സാമൂഹിക പ്രവർത്തകർക്ക് കത്തോലിക്കാ സഭയെപ്പറ്റി വ്യക്തമായ ബോധവും ധാരണയും ഇല്ലാതെ സന്യാസ സമൂഹങ്ങളിലെ സന്യസ്ത ജീവിതങ്ങളെ ചില ഊഹങ്ങൾ നിരത്തി അഭിപ്രായം പറയാൻ ഇവർക്ക് എന്ത് അവകാശമാണ് ഉള്ളത്. അറിവില്ലായ്മയിൽ നിന്നുകൊണ്ട് അഭിപ്രായങ്ങൾ പറഞ്ഞ് പൊതുസമൂഹത്തിനിടയിൽ വ്യാജം പറയുന്ന വക്താക്കളായി തെറ്റിധാരണകൾ വാരി വിതറുന്നു. മനസാക്ഷിയോടു തന്നെ കേരള സമൂഹത്തോട് തന്നെ ചെയ്യുന്ന ഏറ്റവും വലിയ തെറ്റു തന്നെയാണ് ചാനൽ അന്തി ചർച്ചകളിൽ ഇരുന്നു കൊണ്ട് അറിയാത്ത കത്തോലിക്കാ സഭയെപ്പറ്റി വിടുവായത്തരം പറഞ്ഞ് ആശ്വസിക്കുന്നത്.

### തെറ്റുതിരുത്താൻ മടിക്കുന്ന മാധ്യമ രാജാക്കൻമാർ.

വ്യാജം വളരെ പെട്ടെന്ന് പ്രചരിച്ചാലും സാവധാനം സത്യം പുറത്തു വരുമെന്നത് ഒരു വസ്തുതയാണ്. പണ്ടുകാലങ്ങളിൽ പത്രങ്ങളിൽ വാർത്തയ്ക്കൊപ്പം ചിത്രം മാറി വന്നാൽ അതിനെ അടുത്ത ദിനങ്ങളിൽ തിരുത്ത് എന്നു ഒരു ചെറു കോളത്തിൽ വായനക്കാരോട് ക്ഷമാപണം നടത്തുമായിരുന്നു. എന്നാൽ ഇന്ന് കത്തോലിക്കാ സഭയെ ഹിഡൻ അജണ്ടകൾ കൊണ്ട് മറ്റൊരു സമുദായത്തോടും കാണിക്കാത്ത തരത്തിൽ വളഞ്ഞിട്ട് ആക്രമിക്കുന്ന മാധ്യമ രാജാക്കൻമാർ വാർത്തകളിൽ കത്തോലിക്കാ സഭയെന്നു കേൾപ്പിക്കാൻ കാട്ടുന്ന വ്യഗ്രതയും കൂടുതൽ കരുതലിനേയും പറ്റി നമ്മൾ ആഴമായി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സഭയ്ക്കെതിരായി എഴുതി പിടിപ്പിക്കുന്ന വ്യാജ വാർത്തകൾ അതിവേഗം പ്രചരിപ്പിക്കുകയും അപമാനിക്കുന്ന തരത്തിൽ എഴുതിപിടിപ്പിക്കുന്നതും കാണുമ്പോൾ മറ്റു സാമുദായിക വിഷയങ്ങളിലും ഈ നിലപാടും ചടുലതയും നമ്മുക്ക് കാണാനാകില്ല. പൊതുജനത്തിനു മുൻപിൽ ഒരു വിഷയത്തിൽ ആധികാരികതയില്ലാതെ കിട്ടുന്ന ഒന്നിനെ എടുത്ത് വാർത്തയാക്കി അതിവേഗം പ്രചരിപ്പിക്കുമ്പോൾ അത് വ്യാജമാണെന്ന് പിന്നീട് തെളിയിക്കപ്പെട്ടാൽ തിരുത്തുവാനുള്ള മനസാക്ഷി പോലും ഇന്നിന്റെ മാധ്യമ രാജാക്കൻമാർ കാണിക്കുന്നില്ല. ഉദാഹരണമായി ഈയിടെ നടന്ന കൂടത്തായി കൊല




പാതക പരമ്പര കേസ്സിൽ പ്രതിയായ സ്ത്രീത്വം ക്രിസ്ത്യാനിയായതും കത്തോലിക്കാ സഭയായതും കാരണം ഒരു വ്യക്തി ആ കുറ്റവാളിയെ തന്റെ ഫെയ്സ് ബുക്ക് അക്കൗണ്ടിലൂടെ മേൽ പറഞ്ഞ സ്ത്രീ മതബോധനാധ്യാപിക എന്നിങ്ങനെ പലതലത്തിൽ സഭ കാര്യങ്ങളിൽ ഇടപെടുകയും സജീവമായി പ്രവർത്തിക്കുകയും ചെയ്തിരുന്നു എന്ന് വ്യാജം നിറച്ച് എഴുതി പിടിപ്പിച്ചിരുന്നു. അതിനെ വള്ളി പുള്ളി തെറ്റാതെ മാധ്യമ രാജാക്കൻമാർ തങ്ങളുടെ ഓൺലൈൻ സൈറ്റുകളിലൂടെ വാർത്താലിങ്കുകളാക്കി പ്രചരിപ്പിച്ചു. ഒന്നു ശ്രദ്ധിച്ചു നോക്കുക. കൂടത്തായി സ്വദേശിയല്ലാത്ത കത്തോലിക്കനല്ലാത്ത ഏതോ ഒരു മനുഷ്യൻ തന്റെ ഊഹാപോഹങ്ങൾ വച്ച് ഒരു വ്യാജ എഴുത്ത് തയ്യാറാക്കിയപ്പോൾ അതിനെ വാർത്തയാക്കി ആധികാരികത നൽകിയ പത്രമാധ്യമങ്ങൾ അവിടെത്തെ ഇടവക വികാരിയെയോ ഏതെങ്കിലുമൊരു ഇടവകാംഗത്തേയോ ബന്ധപ്പെട്ട് മേൽ പറഞ്ഞതൊക്കെ ശരിയാണോ എന്നു അന്വേഷിച്ചുരുന്നുവോ.

അന്വേഷണാത്മക പത്രപ്രവർത്തനം ഒരു പൊൻ തൂവലായി കൊണ്ടുന്ന നടക്കുന്ന മാധ്യമ രാജാക്കൻമാർ ഒരു ഫോൺ വിളിയിൽ തിരക്കാമായിരുന്നിട്ടും ആ വ്യാജവാർത്ത പ്രചരിപ്പിക്കാൻ കാട്ടിയ ഉത്സാഹം ചോദ്യം ചെയ്യപ്പെടേണ്ടതു തന്നെയാണ്. പിന്നീട് അത് വ്യാജമാണെന്നു തെളിഞ്ഞപ്പോൾ അതിനെ തിരുത്തി മാപ്പു പറയാതെ വാർത്തലിങ്കുകൾ പിൻവലിച്ച് തടി തപ്പുകയായിരുന്നു. തെറ്റുതിരുത്താൻ മടിക്കുന്ന മാധ്യമ രാജാക്കൻമാരിൽ നിന്നും ക്ഷമാപണം പ്രതീക്ഷിക്കാതിരുന്നതാണ് നല്ലത്.

**കടിഞ്ഞാൻ ഇല്ലാത്ത സോഷ്യൽ മീഡിയ...**

ഇന്നലെകളുടെ മാധ്യമ ലോകത്തെ നിയന്ത്രിച്ചിരുന്നത് പത്രങ്ങളായിരുന്നുവെങ്കിൽ ഇന്നിന്റെ മാധ്യമ ലോകത്തെ നിയന്ത്രിക്കുന്നത്സോഷ്യൽ മീഡിയ ആണ്. പത്രങ്ങളെക്കാളും ചാനലുകളെക്കാളും ഇന്നിന്റെ യുവത്വം ആശ്രയിക്കുന്നത്. അവിടെ ഉത്പാദിപ്പിക്കപ്പെടുന്ന വാർത്തകൾക്ക് എന്ത് ക്രെഡിബിലിറ്റിയാണ് ഉള്ളത്. ഒരു ഫെയ്സ് ബുക്ക് അക്കൗണ്ടും അതിനോടൊപ്പം എന്തും പോസ്റ്റുകളായി എഴുതി പിടിപ്പിച്ചു വിട്ട് അത് പ്രചരിപ്പിച്ച് കയ്യടി നേടാമെന്ന ബോധ്യത്തിൽ വ്യാജ പ്രചരണങ്ങളും വാർത്തകളും സത്യമെന്തെന്ന് ആരെങ്കിലും അറിയാൻ ശ്രമിക്കാറുണ്ടോ. സഭയ്ക്കെതിരായി വ്യാജ വാർത്തകളും അപവാദ പ്രചരണങ്ങളും നടത്തുന്നത് ഒരു വലിയ സംഭവമായി കരുതിയിരിക്കുന്ന കാലമാണ്. പൊതു ജനങ്ങളെ തെറ്റിദ്ധരിപ്പിക്കും വിധം പലതും സഭാ വിരുദ്ധ വാർത്തകളായി പ്രചരിക്കുമ്പോൾ അവയുടെ മുൻപിലും സത്യമെന്താണെന്ന് ഉറച്ച നിലപാടുകളായി വിളിച്ചു പറയാൻ സമൂഹമാധ്യമങ്ങളിൽ സഭയെ സ്നേഹിക്കുന്ന സഭാ മക്കൾ സധൈര്യം മുന്നോട്ട് വരുന്നത് അഭിനന്ദാർഹമാണ്. എന്നാൽ ദിവസവും കൂണുകൾ പോലെ മുളച്ചു വരുന്ന ഓൺലൈൻ മാധ്യമങ്ങൾ ചാനലുകളെക്കാൾ തരംതാണ തലത്തിലേക്ക് മാധ്യമ പ്രവർത്തനത്തെ കൊണ്ടുപോകുന്നുണ്ട്. സെൻസേഷണലിസവും അതിനോടൊപ്പം വാർത്തകളെ ഊതി പെരുപ്പിച്ച് പ്രചരിപ്പിക്കുന്നതിനെ എങ്ങനെ നിയന്ത്രിക്കാനാകും. സോഷ്യൽ മീഡിയയിൽ ഇൻഫർമേഷൻ മലീനികരണം നാൾക്കുനാൾ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. അതിൽ എന്താണ് സത്യമെന്ന് തിരിയുക പ്രയാസമാണ്. ഒരു വ്യാജം പിറവി കൊണ്ട് പ്രചരിച്ചു തുടങ്ങുമ്പോൾ അതിന്റെ സത്യമെന്തന്ന വസ്തുത നാം എത്രത്തോളം പ്രചരിപ്പിച്ചാലും വ്യാജം സത്യത്തെക്കാൾ ഒരായിരം മടങ്ങ് സഞ്ചരിച്ചിട്ടുണ്ടാകും.

അവിടെയാണ് ഇന്നിന്റെ കാലത്ത് സോഷ്യൽ മീഡിയയിൽ നിലകൊള്ളുന്ന ഒരോ കത്തോലിക്കന്റെയും വിളിയും വിവേചനബുദ്ധിയും നിലകൊള്ളേണ്ടത്. കൺമുമ്പിലും വിരൽത്തുമ്പിലും കിട്ടുന്ന എന്തിനേയും വാരി വലിച്ചു ഷെയറുകളായി വിതറുന്നതിനു മുൻപ് എന്താണ് സത്യമെന്ന് അറിയാൻ ശ്രമിക്കുക. സത്യമറിയാവുന്നവർ അറിഞ്ഞു കൊണ്ട് നിശബ്ദത നടിക്കുന്നതും തെറ്റുന്നതെയാണ്. സഭയിൽ തെറ്റുകൾ സംഭവിക്കാറുണ്ട്. എന്നാൽ ന്യൂനപക്ഷം മാത്രമായ ചില തെറ്റുകളെ ഉയർത്തി കാട്ടി സഭ മുഴുവനും തെറ്റാണെന്ന് വരുത്തി കാട്ടി ഈ സമൂഹത്തിൽ ചെയ്യുന്ന നൻമകളെ കരിവാരിതേയ്ക്കുന്ന ഒരു പ്രവണത കണ്ടുവരുന്നുണ്ട്. അവ എതിർക്കപ്പെടേണ്ടതു തന്നെയാണ്. അതിനുമപ്പുറത്ത് തിരുത്തപ്പെടണം. സഭ ഒരിക്കലും മാധ്യമങ്ങൾക്ക് എതിരല്ല. കേരളീയരുടെ സാക്ഷരതയുംഅച്ചടിയും കടൽ കടന്നു വന്ന സന്യസ്തരായ മിഷനറിമാരുടെ സംഭാവനകളാണെന്ന് ഓർക്കേണ്ടതുണ്ട്. നസ്രാണി ദീപികയും മറ്റും സഭ തന്നെ കേരള മാധ്യമ രംഗത്ത് നൽകിയ സംഭാവനകളാണ്. എന്നാൽ ഇന്നിന്റെ കാലത്ത് സഭയെ കടന്നാക്രമിക്കുന്ന മാധ്യമങ്ങൾ അതിരുവിടുന്നു എന്നത് സത്യം തന്നെയാണ്.

അത് തിരുത്തപ്പെടേണ്ടതും നേരായ മാർഗ്ഗത്തിൽ വ്യക്തമായ മറുപടികളിലൂടെ പ്രതിരോധിക്കപ്പെടേണ്ടതുമാണ്. സോഷ്യൽ മീഡിയയിൽ നിലകൊള്ളുന്ന ഒരോ കത്തോലിക്കനും സത്യത്തിന്റെ വക്താക്കളായി സഭയോടൊപ്പം നിലകൊള്ളണം. സഭ നമ്മുടെ അമ്മയാണ്. അവൾക്കായി നമ്മുക്ക് സത്യത്തിന്റെ വക്താക്കളായി മുന്നേറാം.






ബോബി ഏബ്രഹാം

# മാധ്യമപ്രവർത്തനത്തിനു മരണമണി മുഴക്കരുത്

അടിയന്തരാവസ്ഥക്കാലത്ത് മാധ്യമങ്ങളോട് കുനിയാൻ പറഞ്ഞപ്പോൾ അവർ മുട്ടിലിഴയാൻ തയ്യാറായെന്ന് ആക്ഷേപിച്ചത് ബിജെപിയുടെ സമുന്നത നേതാവ് ലാൽ കൃഷ്ണ അഡ്വാനിയായിരുന്നു. കുനിഞ്ഞു നിൽക്കുമ്പോൾ നടുവിനു ചവിട്ടി താഴെയിടുന്നതിലും ഭേദം മുട്ടിലിഴയുന്നതാവും എന്ന് അന്നത്തെ ദേശീയ മാധ്യമങ്ങൾ കരുതിയെങ്കിൽ കുറ്റം പറയാനാവില്ല. കാരണം മാധ്യമം എന്നാൽ ആശയപ്രചാരണോപാധിക്കുമപ്പുറം വ്യവസായം എന്ന നിലയിലേക്ക് എഴുപതുകളിൽതന്നെ മാറിയിരുന്നു. വ്യവസായം എന്നു പറയുമ്പോഴും അവിടെ നിന്നുള്ള ഉത്പന്നത്തെ സോപ്പ്, ചീപ്പ്, വാഹനം ഗണത്തിലല്ല ഉൾപ്പെടുത്തിയിരുന്നത്. രാജ്യത്തെ ജനാധിപത്യ സംവിധാനത്തെ അഭംഗുരം മുന്നോട്ടുകൊണ്ടുപോകാനുള്ള ചാലക ശക്തിയായിത്തന്നെയാണ് മാധ്യമങ്ങൾ പ്രവർത്തിച്ചിരുന്നത്. ഉള്ളടക്കം ആകർഷകമാക്കുമ്പോഴും അച്ചടി ആധുനികമാക്കുമ്പോഴും ജനാധിപത്യത്തിന്റെ നാലാംതൂണ് എന്ന നിലയിൽ മാധ്യമങ്ങൾ വഹിച്ച പങ്കാണ് അതിനെ മറ്റു വ്യാവസായികോത്പന്നങ്ങളിൽ നിന്നു വ്യത്യസ്തമാക്കിയിരുന്നത്.

അടിയന്തരാവസ്ഥയുടെ കാലം കഴിഞ്ഞു. ഇന്ത്യൻ മാധ്യമങ്ങൾ കുതിച്ചു ചാടി. പത്രങ്ങളുടെ പ്രചാരം കൂടി. മാധ്യമങ്ങളുടെ എണ്ണം കൂടി. സാമ്പത്തിക പരിഷ്കാരങ്ങൾ കൂടിയായപ്പോൾ ടിവി ഉൾപ്പെടെയുള്ള ഇലക്ട്രോണിക് മാധ്യമങ്ങളും സജീവമായി. മാധ്യമരംഗം അടിമുടി വ്യവസായമായി. അതുവരെ കേട്ടിട്ടില്ലാത്ത പെയ്ഡ് ന്യൂസ്, സർക്കാർ സ്പോൺസേർഡ് മാധ്യമങ്ങൾ എന്നിങ്ങനെ പലതും നാടിനു പരിചിതമായിത്തുടങ്ങി. ഇന്നിപ്പോൾ മാധ്യമങ്ങൾ എന്നു പറയുമ്പോൾ സമൂഹ മാധ്യമങ്ങളെ കൂടി ഉൾപ്പെടുത്തേണ്ട സ്ഥിതിയുമായി. സത്യത്തിൽ നമ്മുടെ മാധ്യമരംഗത്തിന്റെ ഇന്നത്തെ അവസ്ഥയെന്താണ്. മാധ്യമങ്ങളെ നിയന്ത്രിക്കുന്നത് ആരാണ്. ഈ ചോദ്യങ്ങളുടെ ഉത്തരത്തിലുണ്ട് വർത്തമാനകാല ഇന്ത്യൻ മാധ്യമ രംഗത്തെ അവസ്ഥ.

ദേശീയ മാധ്യമങ്ങൾ എന്നു സ്വയം അവകാശപ്പെടുന്ന കുറേ മാധ്യമങ്ങളും പ്രാദേശിക മാധ്യമങ്ങൾ എന്ന ലേബലിൽ ഒതുക്കപ്പെട്ട ബഹുഭൂരിപക്ഷം മാധ്യമങ്ങളും എന്ന രീതിയിൽ ഇന്ത്യൻ മാധ്യമരംഗം വേർപിരിഞ്ഞിട്ടുണ്ട്. ഇതിൽ ദേശീയ മാധ്യമങ്ങൾ എന്ന് അവകാശപ്പെടുന്ന മിക്കവയും സ്പോൺസർ ചെയ്യപ്പെട്ടു കഴിഞ്ഞു എന്നതാണ് ആദ്യ വസ്തുത. ഏതാനും വർഷം മുമ്പ് 4500 കോടി മുടക്കി രാജ്യത്തെ ഏതാനും ടിവി ചാനലുകളെ ഇന്ത്യയിലെ പ്രമുഖ കമ്പനി സ്വന്തമാക്കി. മാത്രമല്ല, എല്ലാ ഭാഷകളിലും ചാനലും തുടങ്ങി. അതുവരെ വ്യവസായികൾ അവരുടെ താൽപര്യത്തിനായി ചില പത്രങ്ങൾ പേരിനും മാത്രം നടത്തിക്കൊണ്ടു പോകുന്ന അവസ്ഥ മാറുകയും നേരിട്ട് മാധ്യമ വ്യവസായത്തിലേക്ക് ഇറങ്ങുകയും ചെയ്തു. ഉദ്ദേശ്യം വ്യക്തമാണ്. ഈ സമയത്തുതന്നെ എംപി കൂടിയായ മറ്റൊരു പ്രമുഖ വ്യവസായി പുതിയ ഒരു ഇംഗ്ലീഷ് ചാനൽ തുടങ്ങുകയും പ്രഖ്യാപിത സംഘപരിവാർ അനുകൂലിയെ അതിന്റെ തലപ്പത്ത് പ്രതിഷ്ഠിക്കുകയും ചെയ്തു. ഇതേ വ്യവസായി തന്നെ മലയാളം ചാനലും സ്വന്തമാക്കുന്നതും കണ്ടു. ചുരുക്കത്തിൽ മാധ്യമരംഗത്ത് ആവശ്യമായ പിൻബലം ഭരണകൂടത്തിനും ആ ഭരണകൂടത്തിന്റെ പിന്നിലുള്ള പാർട്ടിക്കും ഉറപ്പാക്കാനുള്ള ശ്രമമായിരുന്നു അത്. എന്നാൽ ചെറുത്തുനിന്ന എൻഡിടിവി പോലെയുള്ള മാധ്യമങ്ങൾക്കു നേരെ പകപോക്കൽ നീക്കവും നടന്നു. എന്നിട്ടും വഴങ്ങാത്ത മാധ്യമങ്ങൾക്ക് സർക്കാർ പരസ്യം നിഷേധിച്ചു. ഇതോടെ ദേശീയ മാധ്യമങ്ങളെന്നറിയപ്പെടുന്നവയിൽ വലിയ പങ്കും വരുതിയിലായി. യുപിഎ കാലത്ത് അഴിമതിയുടെ പേരിൽ കുരച്ചുചാടിയ ദേശീയ മാധ്യമങ്ങളെല്ലാം ഇപ്പോൾ അഴിമതി കണ്ടാലും അതു വെള്ള പൂശുന്ന നിലപാടിലേക്കു മാറി. ചുരുക്കത്തിൽ ഭരണകക്ഷിക്ക് എന്തും ചെയ്യാമെന്ന സ്ഥിതിയായി. ഇപ്പോഴും ചെറുത്തുനിൽക്കുന്നത് ദക്ഷിണേന്ത്യയിൽനിന്നുള്ള മാധ്യമങ്ങൾ മാത്രമാണെന്ന് പറയുമ്പോഴറിയാം സ്ഥിതി എന്താണെന്ന്.

രാജ്യത്ത് അടിയന്തരാവസ്ഥ നിലനിന്നത് 1975 ജൂൺ 26 മുതൽ 1977 മാർച്ച് 23 വരെയാണ്. ഈ കാലയളവിൽ പത്രങ്ങളുടെ മേൽ സെൻസർഷിപ്പും നിലനിന്നു. ഭരണകൂടം ഇച്ഛിക്കാത്ത ഒരു വാർത്തയും പുറത്തുവരാത്ത അവസ്ഥ.

മുഖപ്രസംഗത്തിനുള്ള സ്ഥലം ഒഴിച്ചിട്ടു പ്രതിഷേധിച്ച പത്രത്തോട് അതു പറ്റില്ല, മുഖപ്രസംഗം എഴുതിയേ പറ്റൂ എന്ന് നിർബന്ധം ചെലുത്തിയ ഭരണകൂടം. അതായിരുന്നു അടിയന്തരാവസ്ഥക്കാലം. വേണമെങ്കിൽ പത്രങ്ങൾക്ക് പ്രവർത്തനം നിർത്താം. അല്ലെങ്കിൽ സർക്കാർ താൽപര്യപ്പെടുന്നതുപോലെ പത്രം ഇറക്കാം. ആ കാലമായപ്പോഴേക്കും പത്രം നടത്തിപ്പ് ഒരു വ്യവസായമായി മാറിയിരുന്നതിനാലും അടച്ചുപൂട്ടൽ അനേകരുടെ അന്നം മുട്ടിക്കുമെന്നതിനാലും പത്രം ഉടമകൾ രണ്ടാമത്തെ മാർഗമാണ് സ്വീകരിച്ചത്.

ഇന്നു കാലം മാറിയിരിക്കുന്നു. അടിയന്തരാവസ്ഥയ്ക്കെതിരെ പോരാടിയവരാണ് ഇന്ന് അധികാരത്തിൽ. പക്ഷേ അവർ ദേശീയ മാധ്യമങ്ങൾ എന്നു ലേബലൊട്ടിച്ച മിക്ക മാധ്യമങ്ങളെയും വിലയ്ക്കെടുത്തിരിക്കുന്നു. അല്ലാത്തവർക്കു മേൽ ഒരു അപ്രഖ്യാപിത അടിയന്തരാവസ്ഥ അടിച്ചേൽപിച്ചിരിക്കുന്നു. അത് പരസ്യ നിഷേധത്തിലൂടെയാവാം, കേസുകളിൽ കുരുക്കിയാവാം, മാർഗ നിർദേശങ്ങളുടെ രൂപത്തിലാവാം. ഇപ്പോൾ ടിവി ഉൾപ്പെടെയുള്ള നവ മാധ്യമങ്ങളെ വരുതിക്കു നിർത്തുക എളുപ്പവുമായിരിക്കുന്നു. മാത്രമല്ല, ഒരു അടിയന്തരാവസ്ഥയും ഇല്ലാതെ തന്നെ മിക്ക ദേശീയ മാധ്യമങ്ങളും സർക്കാരിന്റെ കുഴലൂത്തുകാരായി മറിക്കഴിഞ്ഞു. റഫാൽ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അതു കണ്ടതാണ്.

വ്യവസ്ഥാപിത മാധ്യമങ്ങളുടെ സ്ഥിതി ഇതാണെങ്കിൽ സമൂഹമാധ്യമങ്ങൾ എന്ന നവ മാധ്യമങ്ങളിലെ സ്ഥിതി അതിലും വഷളാണ്. ആർക്കും ആരെയും തേജോവധം ചെയ്യാനും വ്യാജ വിവരങ്ങൾ പ്രചരിപ്പിക്കാനും വ്യാജ ചരിത്ര നിർമിതികളുണ്ടാക്കാനും ആരെയും ഇകഴ്ത്താനും പുകഴ്ത്താനുമുള്ള വേദിയായി സമൂഹമാധ്യമങ്ങൾ മാറി. ഈ സമൂഹമാധ്യമങ്ങളെ ഏറ്റവും ഭംഗിയായി ഉപയോഗിച്ചതും സംഘപരിവാറാണ്. യുപിഎ സർക്കാർ അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുന്നു എന്ന പ്രചാരണം അഴിച്ചുവിട്ടുകൊണ്ടാണ് അവർ അതിനു തുടക്കമിട്ടത്. ഒപ്പം ഗുജറാത്തിന്റെ വികസന മാതൃകകളെപ്പറ്റി കൊട്ടിഘോഷിക്കുകയും ചെയ്തു. ചുരുക്കത്തിൽ മൻമോഹനെ പരാജയപ്പെട്ട പ്രധാനമന്ത്രിയായി ചിത്രീകരിക്കുന്നതിലും നരേന്ദ്ര മോദിയെ രാജ്യത്തിന്റെ രക്ഷകനായും അവതരിപ്പിക്കുന്നതിൽ അവർ വിജയിച്ചു. സമൂഹ മാധ്യമങ്ങളെ എങ്ങനെ ഉപയോഗിക്കാമെന്നതിന്റെ തെളിവായി അത്. എന്നാൽ അധികാരമേറ്റ ശേഷവും നരേന്ദ്ര മോദിയെ അതിമാനുഷനായി ചിത്രീകരിക്കുന്നതിലും അവർ ശ്രമം തുടർന്നു. പാളിപ്പോയ പരീക്ഷണമായ നോട്ട് നിരോധനത്തെപ്പോലും വൻ വിജയമായി അങ്ങനെയാണ് അവതരിപ്പിച്ചത്. റഫാൽ പ്രശ്നം വന്നപ്പോൾ രാജ്യരക്ഷയെന്ന ആയുധമെടുത്തു പയറ്റിയതും സമൂഹ മാധ്യമ പോരാളികളായിരുന്നു.

എന്നാൽ ആവശ്യമായപ്പോഴെല്ലാം സമൂഹ മാധ്യമത്തിൽ മറ്റുള്ളവരെ ഭീഷണിപ്പെടുത്തി നിയന്ത്രിക്കുന്നതിലും അവർ വിജയം കണ്ടു. അയോധ്യ വിധിയുടെ സമയത്ത് വാട്സ്ആപ് ഗ്രൂപ്പുകളിലെ സന്ദേശങ്ങളെല്ലാം നിരീക്ഷണത്തിലാണെന്നും അതുകൊണ്ട് ഗ്രൂപ്പുകളെല്ലാം അഡ്മിൻ ഒൺലി ആക്കണമെന്നും ഉള്ള സന്ദേശം ഏതോ കോണിൽ നിന്ന് ആരോ ഉയർത്തിവിട്ടു. അതുപോലെ എല്ലാ കോളുകളും റെക്കോർഡ് ചെയ്യുന്നുണ്ട് എന്ന ഭീഷണിയും ഉയർത്തി. ചുരുക്കത്തിൽ വിധി എന്തായാലും അതു സംബന്ധിച്ച് ഒരു ചർച്ചയും നടക്കുന്നില്ലെന്ന് ഉറപ്പാക്കണമെന്ന ആരുടെയോ ലക്ഷ്യം വിജയിച്ചു. ചുരുക്കത്തിൽ മാധ്യമങ്ങളെയെല്ലാം നട്ടെല്ലില്ലാത്തവർ എന്നാക്ഷേപിച്ച സോഷ്യൽ മീഡിയ പോരാളികൾ പേടിച്ചു മാളത്തിലൊളിക്കുന്നതും കണ്ടു. മാത്രമല്ല, മുൻകാലങ്ങളിൽ നിന്നു വ്യത്യസ്തമായി ഭരിക്കുന്ന പാർട്ടിയുടെ അനുഭാവികളും പ്രവർത്തകരും സ്വയം പ്രഖ്യാപിത പൊലീസ് ആയി മാറുകയും ആളുകൾ എന്തു ചെയ്യുന്നു, എന്തെഴുതുന്നു, ഭക്ഷിക്കുന്നു തുടങ്ങിയ കാര്യങ്ങൾ നിരീക്ഷിക്കുകയും നിങ്ങൾക്ക് ചെറിയ പാളിച്ചയെങ്കിലും ഉണ്ടായാൽ ഉടൻ അത് കേസ് ആക്കുകയും നിങ്ങളെ വല്ലാതെ ബുദ്ധിമുട്ടിക്കുകയും ചെയ്യും. ഈ ഉൾഭയം ഉള്ളതിനാൽ പലരും തുറന്നെഴുത്തിന് മടിക്കും. ഇതു ഇന്നു രാജ്യത്ത് ഉള്ള മാധ്യമ സ്വാതന്ത്ര്യത്തിന്റെ ഒരു നേർചിത്രമാണെന്നേ പറയാനാവൂ. സമൂഹ മാധ്യമങ്ങളെ എല്ലാ രാഷ്ട്രീയക്കാരും മത സംഘടനകളും ഉപയോഗപ്പെടുത്തുന്നുണ്ട്. ആളും അർഥവും നന്നായി വിനിയോഗിക്കുന്നവർ കൂടുതൽ വിജയിക്കും എന്നേയുള്ളു.

എന്തുകൊണ്ട് സോഷ്യൽ മീഡിയയെ ഭരണാധികാരികൾ ഭയക്കുന്നു എന്നതു കൂടി വിശകലനം ചെയ്ത ശേഷം മറ്റു ചില കാര്യങ്ങളിലേക്കു കടക്കാം. സോഷ്യൽ മീഡിയയ്ക്ക് എഡിറ്റിങ് ടേബിളില്ല എന്നതാണ് അതിന്റെ വിജയവും പരാജയവും. നിർഭയമായി അഭിപ്രായം പറയാൻ താൽപര്യമുള്ള ഒരാൾക്ക് രാജ്യവിരുദ്ധമല്ലാത്ത, മത സ്പർധ ഉണ്ടാക്കാത്ത വ്യക്തിഹത്യ നടത്താത്ത എന്തും സോഷ്യൽ മീഡിയയിലൂടെ പ്രകടിപ്പിക്കാമെന്നുള്ളതാണ് അതിന്റെ ഏറ്റവും വലിയ ശക്തി. അത് അഭിപ്രായ രൂപീകരണത്തിനുള്ള ഇടമായിക്കൂടി മാറുന്നു. അത് ഭരണാധികാരികൾ ഒരിക്കലും താൽപര്യപ്പെടുന്നതല്ല. അതുകൊണ്ടു തന്നെ സോഷ്യൽ മീഡിയയെ ആവശ്യമുള്ളപ്പോൾ കെട്ടഴിക്കാനും അല്ലാത്തപ്പോൾ കെട്ടിയിടാനും ഭരണാധികാരികൾ ശ്രമിക്കും. അതിനാവശ്യമായ സൈബർ നിയമങ്ങളുമുണ്ട്. രാജ്യതാൽപര്യം എന്നു പറഞ്ഞാൽ കോടതികളും എതിർക്കില്ല.

ഇനി രാജ്യത്ത് അഭിപ്രായ രൂപീകരണം നടത്തുന്നതിൽ വലിയ പങ്കു വഹിക്കുന്ന ടിവി, ഓൺലൈൻ മാധ്യമങ്ങളെക്കൂടി പരാമർശിക്കാതെ വയ്യ. ദേശീയ ചാനലുകളിലെ ആങ്കർമാർ പലരും പത്രപ്രവർത്തനത്തിന്റെ ബാലപാഠം എങ്കിലും അറിയാവുന്നവരാണോ എന്നു സംശയമുണ്ട്. പക്ഷേ നിർഭാഗ്യവശാൽ അവരാണ് ഇന്ന് മാധ്യമ പ്രവർത്തകരായി അറിയപ്പെടുന്നതും അഭിപ്രായരൂപീകരണത്തെ നിയന്ത്രിക്കുന്നതും. ആർക്കോ വേണ്ടി കുരയ്ക്കുന്നവരായി അവർ മാറിയിരിക്കുന്നു. ജനാധിപത്യം, നാലാം തൂണ് എന്നൊന്നും അവരോട് പറയരുത്. അവർ അതിതീവ്ര ദേശീയതയുടെ വക്താക്കളാണ് പലപ്പോഴും. കേരളത്തിൽ ചാനലുകളിലെ ആങ്കർമാർ പലപ്പോഴും ജഡ്ജിമാരായി രൂപം മാറാറുണ്ട്. ഇവിടെ ചർച്ചയ്ക്കുള്ള വിഷയം തീരുമാനിക്കുന്നതും ചർച്ചയ്ക്കുള്ള ആളുകളെ തീരുമാനിക്കുന്നതും ആങ്കർമാരാണ്. ആങ്കർ നിശ്ചയിക്കുന്ന താളത്തിലേ



ചർച്ച നീങ്ങൂ. ആങ്കറിന്റെ താൽപര്യമാണ് അവസാനം വിധിയായി പുറത്തു വരുക. അങ്ങനെയാണ് അവർ പലരെയും കുറ്റവാളികളായി വിധിച്ച് വധശിക്ഷയ്ക്കു മാറ്റിനിർത്തുന്നത്. ബിഷപ് ഫ്രങ്കോയുടെ കാര്യത്തിലായാലും സിസ്റ്റർ ലൂസി കളപ്പുരയുടെ കാര്യത്തിലായാലും ഏകപക്ഷീയമാവും ആ ചർച്ചയും വിധിയും. എന്നാൽ സമൂഹം ഇപ്പോൾ ആ ചർച്ചകളെ വെറും തമാശയായി മാത്രമേ കാണുന്നുള്ളു എന്നതുകൊണ്ടാണ് ചർച്ചകളുടെ വ്യൂവർഷിപ്പ് കുത്തനെ ഇടിയുന്നത് എന്ന് അവർ മനസ്സിലാക്കുന്നുമില്ല.

ഓൺലൈൻ മീഡിയയുടെ കാര്യവും പരിതാപകരമാണ്. വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എത്രയോ മടങ്ങാണ് അങ്ങനെയല്ലാത്തവയുടെ എണ്ണം. അത്തരം ഓൺലൈൻ മീഡിയയ്ക്ക് വരുമാനം ഉറപ്പാക്കണമെങ്കിൽ ഹിറ്റ് കൂടണം. അതിന് ആവശ്യം ഉദ്വേഗം ജനിപ്പിക്കുന്ന തുടക്കമാണ്. ചില തലക്കെട്ടുകൾ ഇങ്ങനെയായിരിക്കും. ആ നടൻ നടിയോട് ചെയ്തതു കണ്ടോ? സോഷ്യൽ മീഡിയയിൽ പ്രമോ കാണുന്ന വായനക്കാരന് ഉദ്വേഗമായി. ക്ലിക്ക് ചെയ്യുന്നു. പ്രത്യേകിച്ച് ഒന്നും കാണില്ല. നടിക്ക് ഷൂട്ടിങ് സ്ഥലത്തേക്ക് ഒരു ലിഫ്റ്റ് കൊടുത്തു അത്രയേ ഉള്ളൂ. ഇത്തരത്തിലാണ് മിക്ക ഓൺലൈൻ വാർത്തകളും. മുംബൈയിലിരിക്കുന്ന തൃപ്തി ദേശായിയെ ശബരിമലയിൽ കണ്ടു എന്നു പറയുന്ന ഓൺലൈൻ മാധ്യമങ്ങളും ഉണ്ട്. നല്ല രീതിയിൽ പ്രവർത്തിക്കുന്നവയും ഉണ്ട്. നെല്ലും പതിരും തിരിച്ചറിയാൻ സമയമെടുക്കും.

ജനാധിപത്യത്തിൽ മാധ്യമങ്ങളുടെ സ്ഥാനം വളരെ വലുതാണ്. സോപ്പ് , ചീപ്പ് വ്യവസായത്തിൽ നിന്ന് അതിനെ വത്യസ്തമാക്കുന്നത് നിലപാടുകളാണ്. ജനാധിപത്യത്തിന്റെ കാവൽഭടന്മാരാണ് മാധ്യമ പ്രവർത്തകരും മാധ്യമങ്ങളും എന്നാണ് സങ്കൽപം. മാധ്യമങ്ങൾ ഭരിക്കുന്നവരുടെ ജിഹ്വ അല്ല. മറിച്ച് ഭരണത്തിന്റെ നന്മകൾക്കൊപ്പം തിന്മകളും ചൂണ്ടിക്കാണിക്കാനുള്ളതാണ്. സമൂഹത്തിലെ മികവിനൊപ്പം പുഴുക്കുത്തുകളും ചൂണ്ടിക്കാണിക്കാനുള്ളതാണ്. ഏറ്റവും താഴേത്തട്ടിലുള്ളവന്റെ ജീവിതത്തെയും സ്പർശിക്കുന്നതാണ്. അതുകൊണ്ടാണ് പത്രപ്രവർത്തനം ഒരു തീച്ചൂളയാണ് എന്ന് മുൻഗാമികൾ പറഞ്ഞുവച്ചത്. അതുകൊണ്ടാണ് പത്രപ്രവർത്തകർക്കായി ജേർണലിസ്റ്റ് ആക്ടും വേജ് ബോർഡും ജവഹർലാൽ നെഹ്റു എന്ന ക്രാന്തദർശി പാർലമെന്റിന്റെ അംഗീകാരത്തോടെ നടപ്പാക്കിയെടുത്തത്. പത്രങ്ങളും നട്ടെല്ലുള്ള പത്രപ്രവർത്തകരും ഇല്ലാതാകുന്ന കാലത്ത് ജനാധിപത്യത്തിന്റെ മരണമണിയും മുഴങ്ങും എന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. ഇന്ന് പത്രങ്ങളെ ഞെരിച്ചുകൊല്ലുക മാത്രമല്ല, പത്രപ്രവർത്തകനെയും ഞെരിച്ചു കൊന്നുതുടങ്ങിയിരിക്കുന്നു. അതുകൊണ്ടാണല്ലോ ജേർണലിസ്റ്റ് ആക്ടിനെ തൊഴിൽ കോഡിന്റെ ഭാഗം മാത്രമാക്കാനുള്ള നീക്കം. ഇനി സർക്കാർ സ്പോൺസേർഡ് പത്രപ്രവർത്തനതിന്റെ കാലമാണ്. ജനാധിപത്യം അപകടത്തിലാണ് എന്നതിന്റെ സൂചനയായി അതിനെ വേണമെങ്കിൽ എടുക്കാം.

### പറയാൻ മറന്നത്

നിശബ്ദതയ്ക്ക് നൂറ് അർഥങ്ങളുണ്ട്. നിങ്ങൾ ആക്രോശിക്കുമ്പോൾ മറ്റൊരാൾ മിണ്ടാതിരിക്കുന്നു എന്നതിന്റെ അർഥം നിങ്ങൾ പറഞ്ഞതെല്ലാം അയാൾ അംഗീകരിച്ചു എന്നതല്ല. അയാളുടെ ശബ്ദം കെട്ടപ്പെട്ടിരിക്കുന്നു. സ്വനനാളിയിൽ ആരോ കൈകൊണ്ട് അമർത്തിയിട്ടുണ്ട്. അമർത്തിയതാരെന്നറിയാം. പക്ഷേ പിടിച്ചുമാറ്റാനാവില്ല. അതിനു ശ്രമിച്ചാൽ പിടിച്ചുമാറ്റാനാഞ്ഞ കൈ കൂടി നഷ്ടമായേക്കാം. ഭയം എല്ലാറ്റിനും മീതെയാണ്. മരണഭയം അതിനുമപ്പുറം. മരണഭയം എത്തുമ്പോൾ മനുഷ്യൻ വിളറിവെളുക്കും. ആ വിളറിവെളുപ്പ് പരക്കെയുണ്ട്. പക്ഷേ ചുവന്ന കണ്ണടയിലൂടെ നോക്കിയാൽ ആ വെളുപ്പ് ചുവപ്പാവും. ഓറഞ്ച് കണ്ണടയിലൂടെ നോക്കിയാൽ ഓറഞ്ചും. പക്ഷേ ഉള്ളിൽ എരിയുന്ന നെരിപ്പോടുകൾ കെടുത്താൻ ആർക്കാവും.

# സംവാദം

## ദേശീയതയും ഫാസിസവും




ദേശീയത ഒരു കേവല യാഗാർത്ഥ്യമല്ല, മറിച്ച് രാഷ്ട്രീയ സങ്കല്പമാണെന്ന് പറയാം. ഫ്യൂഡൽ കാലഘട്ടത്തിൽ നിന്നും വ്യത്യസ്തമായി ആധുനികതയോടൊപ്പം പിറവിയെടുത്ത രാഷ്ട്രവ്യവഹാര രൂപമാണത്. ഒരു ഭാഗത്ത് അത് കോളനിവൽക്കരിക്കപ്പെട്ട മൂന്നാം ലോകരാജ്യങ്ങൾക്ക് വിമോചനാദർശമായി മാറി. മറ്റൊരു ഭാഗത്ത് അത് അപരവൽക്കരണത്തിന്റെ അടയാളമായ ഫാസിസമായിത്തീർന്നു. ചുരുക്കത്തിൽ ദേശീയതയ്ക്ക് ഏകമാന സ്വഭാവമില്ല. ചരിത്രത്തിന്റെ വിഭിന്ന ഘട്ടങ്ങളിൽ അത് ഭിന്നമാനങ്ങൾ കൈവരിച്ചിട്ടുണ്ട്.

**റവ. ഫാ. ബിനോയ് പിച്ചളക്കാട്ട് എസ്ജെ**

എല്ലാറ്റിനുമപ്പുറം നാം ഇന്ത്യക്കാരാണ് എന്ന ചിന്തയാണ് ഉണ്ടാകേണ്ടത്. അതിനു കപട ദേശീയത ഒരു പരിഹാരമല്ല. ഇന്ത്യൻ ദേശീയത നിർമ്മിച്ചത് പൊതുവായ ഒരു ഭരണക്രമത്തിലൂടെയാണ്. ഇപ്പോൾ മതം ദേശീയതയുടെ ഒരേയൊരു ഏകകമാക്കി മാറ്റാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. അതിനിടയിലാണ് അതിർത്തി സംഘർഷങ്ങളുടെ അടിത്തറയിൽ ദേശീയ വികാരത്തെ ഉണർത്തി നിർത്തുവാനുള്ള ശ്രമം. ഒരു പൊതു ഭാഷ പോലെ, ഒരു പൊതു ദേശീയതയും ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കാമെന്ന ചിന്താപദ്ധതി ഫാസിസമല്ലാതെ മറ്റൊന്നുമല്ല.

**മുല്ലക്കര രത്നാകരൻ**



സംവാദം

# ദേശീയതയും ഫാസിസവും



**റവ. ഫാ. ബിനോയ് പിച്ചളക്കാട്ട് എസ്ജെ**

ദേശീയതയും ഫാസിസവും ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളാണ്. ഫാസിസത്തിന്റെ അടിസ്ഥാനം അതിതീവ്രമായ ദേശീയബോധമാണെന്നൊരു പൊതുനിഗമനം ലോകമെമ്പാടുമുള്ള സാമൂഹ്യശാസ്ത്രജ്ഞർക്കിടയിലുണ്ട്. എന്താണീ ദേശീയത? ദേശീയത ഒരു കേവല യാഥാർത്ഥ്യമല്ല, മറിച്ച് രാഷ്ട്രീയ സങ്കല്പമാണെന്ന് പറയാം. ഫ്യൂഡൽ കാലഘട്ടത്തിൽ നിന്നും വ്യത്യസ്തമായി ആധുനികതയോടൊപ്പം പിറവിയെടുത്ത രാഷ്ട്രവ്യവഹാര രൂപമാണത്. ഒരു ഭാഗത്ത് അത് കോളനിവൽക്കരിക്കപ്പെട്ട മൂന്നാം ലോകരാജ്യങ്ങൾക്ക് വിമോചനാദർശമായി മാറി. മറ്റൊരു ഭാഗത്ത് അത് അപരവൽക്കരണത്തിന്റെ അടയാളമായ ഫാസിസമായിത്തീർന്നു. ചുരുക്കത്തിൽ ദേശീയതയ്ക്ക് ഏകമാന സ്വഭാവമില്ല. ചരിത്രത്തിന്റെ വിഭിന്ന ഘട്ടങ്ങളിൽ അത് ഭിന്നമാനങ്ങൾ കൈവരിച്ചിട്ടുണ്ട്.

### ദേശീയതയുടെ അടിസ്ഥാനതത്വങ്ങൾ

പടിഞ്ഞാറൻ ദേശീയത ആരംഭിക്കുന്നത് ഫ്രഞ്ച് വിപ്ലവത്തോടെയാണ്. രാജവാഴ്ചയും നാടുവാഴിത്തവും തകർക്കപ്പെട്ടപ്പോൾ വെറും പ്രജകളായിരുന്ന ജനങ്ങൾ സ്വതന്ത്ര പൗരന്മാരായി. ദേശീയത അവരുടെ സാമൂഹ്യഅസ്തിത്വത്തിന്റെ പ്രതീകമായി മാറി. സ്ഥിരമായ അതിർത്തിയോടുകൂടിയതും സ്ഥിരഭരണകൂടമുള്ളതുമായ ദേശരാഷ്ട്രങ്ങളിൽ ദേശീയതയുടെ വേര് ആഴപ്പെട്ടു. ആ രാഷ്ട്രങ്ങളിൽ ദേശീയത രൂപംകൊണ്ടത് ചില ആഭ്യന്തരതത്വങ്ങളെ മുൻനിർത്തിയാണ്. ഭാഷയും മതവുമായിരുന്നു ഇവയിൽ പ്രധാനം. ഫ്രഞ്ച്, ജർമ്മൻ, ഇംഗ്ലീഷ് എന്നിങ്ങനെ ഒരു പൊതുഭാഷയാൽ കൂട്ടിയിണക്കപ്പെട്ട സമൂഹങ്ങളായാണ് പടിഞ്ഞാറൻ ദേശീയതകൾ വളർന്നുവന്നത്. മറ്റു ചില രാഷ്ട്രങ്ങളിലാകട്ടെ ഭാഷയോടൊപ്പം മതവും ദേശീയതയുടെ അടിത്തറയായി മാറിയിട്ടുണ്ട്. നിലവിലുള്ള അറബ് രാഷ്ട്രങ്ങൾ അതിനുദാഹരണങ്ങളാണ്. ഭാഷയും മതവും എന്നതുപോലെ ഭാഷയും വംശീയതയും ഒന്നിച്ചുവരുന്ന സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. സിക്ക് ദേശീയതയിൽ ഭാഷയും മതവുമാണ് ഒന്നിച്ചതെങ്കിൽ ജൂതരുടേതിൽ ഭാഷയും വംശീയതയുമാണ് ഒന്നിച്ചത്.

### ദേശീയതയുടെ അപരവൽക്കരണം

ഭാഷയും മതവും വംശീയതയും ആഭ്യന്തരതത്വങ്ങളായി രൂപപ്പെട്ട ദേശീയത അടിസ്ഥാനപരമായും അപരവൽക്കരണ സ്വഭാവം ഉള്ളവയായിരിക്കും. ഭാഷാപരമായി വിഭാവനം ചെയ്യപ്പെടുന്ന ദേശീയത ആ ഭാഷയിൽ പെടാത്തവരെ അതിന്റെ അപരങ്ങളായി മാറ്റും. ആര്യവംശ സങ്കല്പത്തെ അടിസ്ഥാനപ്പെടുത്തിയ ജർമ്മൻ ദേശീയതയിൽ യഹൂദർ അപരരായി മാറി. ഈ അപരവിഭാഗത്തെ ഉൾക്കൊള്ളുന്ന ദേശീയതകൾ ജനാധിപത്യപരവും പുറന്തള്ളുന്നവ ഫാസിസ്റ്റ് സ്വഭാവമുള്ളതുമായി നിലനിൽക്കും.

ജനാധിപത്യവും മതവുമായി രൂപംകൊണ്ട ദേശീയതകൾ പുരോഗമനപരമായി കണക്കാക്കാം. എന്നാൽ തീവ്രദേശീയവാദം ഫാസിസത്തിലേക്ക് നയിക്കുമെന്നതിന് നിരവധി ഉദാഹരണങ്ങൾ ചരിത്രത്തിലുണ്ട്. ജർമ്മനിയിൽ ഹിറ്റ്ലറും ഇറ്റലിയിൽ മുസ്സോളിനിയും നടത്തിയ വംശീയാധിപത്യ ശ്രമങ്ങൾ അവയിൽ ചിലത് മാത്രം. ഇങ്ങനെയൊക്കെയാണെങ്കിലും ചരിത്രം സഞ്ചരിക്കുന്നത് പലപ്പോഴും പൊതുതത്വങ്ങൾക്ക് വിധേയമായിട്ടാകണമെന്നില്ല. ലോകചരിത്രത്തിൽ അമേരിക്കയുടെ ഉദയം അത്തരമൊരു പ്രതിഭാസമാണ്. സ്പെയിനും പോർച്ചുഗലും തെക്കേ അമേരിക്കയിൽ കൊളോണിയലിസത്തിന് തുടക്കമിട്ടത് തദ്ദേശീയ ജനതയെ ഒരു വലിയ പരിധിവരെ ഉൾക്കൊണ്ടായിരുന്നു. എന്നാൽ വടക്കേ

അമേരിക്കയിലാകട്ടെ ഇംഗ്ലണ്ടിൽ നിന്നെത്തിയ കുടിയേറ്റക്കാർ തദ്ദേശീയരെ ക്രൂരമായി കൊന്ന് മേധാവിത്വം സ്ഥാപിക്കുകയാണുണ്ടായത്. ആഫ്രിക്കയ്ക്കും ഇങ്ങനെ ഭീകരമായ ഒരു ചരിത്രം പറയാനുണ്ടാകും.

### ഇന്ത്യൻ ദേശീയത: പരിണാമ വഴികൾ

ഭാഷയും മതവുംപോലെ സവിശേഷമായ ഏതെങ്കിലും ആഭ്യന്തരതത്വത്തെ ആധാരമാക്കി രൂപപ്പെട്ടതായിരുന്നില്ല ഇന്ത്യൻ ദേശീയത. കാരണം ഏതെങ്കിലും ഒരു ഭാഷകൊണ്ടോ മതം കൊണ്ടോ സംസ്കാരം കൊണ്ടോ മുഴുവൻ ഇന്ത്യക്കാരെ കൂട്ടിയിണക്കുക സാധ്യമല്ല. അടിസ്ഥാനതത്വങ്ങൾക്കപ്പുറം ഇന്ത്യൻ ദേശീയതയ്ക്ക് പ്രചോദനമായിത്തീർന്നത് സ്വാതന്ത്ര്യമെന്ന സ്വപ്നമാണ്. ബ്രിട്ടീഷുകാരുടെ അടിമത്തത്തിനെതിരെ ഉയർന്നുവന്ന ദേശീയ സ്വാതന്ത്ര്യസമരമാണ് ജാതിമതഭേദമെന്യെ ഇന്ത്യയിലെ ജനസഹസ്രങ്ങളെ ചേർത്ത് നിർത്തിയത്. നാനാത്വത്തിൽ ഏകത്വമെന്ന മഹനീയാദർശത്തിലൂടെ ഇന്ത്യ എന്ന പൊതു ഐക്യബോധം പങ്കുവയ്ക്കാൻ ഭാരതീയജനതയ്ക്ക് കഴിഞ്ഞു. ഭാഷയും മതവും സംസ്കാരവും പാശ്ചാത്യ ദേശീയതകളെ അപരവൽക്കരണത്തിലേക്ക് വലിച്ചെങ്കിൽ, സ്വാതന്ത്ര്യസമരങ്ങൾ ഇന്ത്യൻ ജനതയ്ക്ക് ഉൾക്കൊള്ളലിന്റെ പാഠങ്ങളാണ് പകർന്നേകിയത്. അതുകൊണ്ടുതന്നെ കാലാന്തരത്തിൽ ബഹുസ്വരതയും മതനിരപേക്ഷതയും ഇന്ത്യൻ ദേശീയതയുടെ സവിശേഷ ഘടകങ്ങളായി മാറി. വെട്ടിപ്പിടിക്കലും കോളനിവൽക്കരണവും പൊതുസ്വഭാവമയിത്തീർന്ന പാശ്ചാത്യദേശീയതകളിൽ നിന്ന് ഇന്ത്യൻ ദേശീയതയെ വ്യത്യസ്തമാക്കിയത് അത് ഉയർത്തിപ്പിടിച്ച സാഹോദര്യഭാവവും സഹകരണവുമാണ്. സാമ്രാജ്യത്വത്തിനെതിരായി ലോകത്തിന്റെ പല ഭാഗങ്ങളിൽ ഉയർന്നുവന്ന മൂന്നാം ലോക ദേശീയതകളോടുള്ള ഐക്യപ്പെടൽ ഇതിനുദാഹരണമാണ്. എന്നാൽ കോളനിഭരണത്തിന്റെ ബാക്കിപത്രമായിത്തീർന്ന ഭരണകൂടസ്ഥാപനങ്ങളും ബ്രാഹ്മണികമായ സാംസ്കാരിക നിക്ഷേപങ്ങളും ഇന്ത്യൻ ദേശീയതയുടെ ചില പൊതുതുറസുകളെ ഇടുങ്ങിയതാക്കി. സ്വാതന്ത്ര്യമെന്ന സങ്കല്പത്തിലൂന്നിയ ദേശീയതയിൽ നിന്ന് ഭരണകൂടപരവും സാംസ്കാരികവുമായ ദേശീയതയിലേക്കുള്ള മാറ്റമായിരുന്നു അതിനു കാരണം. കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളായി പ്രബലപ്പെട്ടുവരുന്ന സാംസ്കാരിക ദേശീയതയെന്ന വർഗീയ സങ്കല്പം തീവ്ര ദേശീയബോധമായി ഫാസിസത്തിലേക്ക് പരിണമിച്ചുകൊണ്ടിരിക്കുന്നുവെന്നത് തികച്ചും ദൗർഭാഗ്യകരമാണ്.


### ദേശീയതയുടെ ഫാസിസ്റ്റ് മുഖങ്ങൾ

ദേശീയതയുടെ ഫാസിസ്റ്റ് മുഖത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഹിന്ദുമഹാസഭയുടെ അധ്യക്ഷനായിരുന്ന വി. ഡി. ദാമോദർ സവാക്കർ ആണ് ഹിന്ദു ദേശീയതാ സങ്കല്പം ആവിഷ്കരിച്ചതും അതിന് ഹിന്ദുത്വം എന്ന പേര് നൽകിയതും. ഹിന്ദുത്വ പ്രത്യയശാസ്ത്രം അവതരിപ്പിച്ചുകൊണ്ടുള്ള സവാർക്കറുടെ പുസ്തകം 1923-ൽ പ്രസിദ്ധീകരിച്ചു. ഇന്ത്യ ഹിന്ദുരാഷ്ട്രമാണെന്ന് അദ്ദേഹം അതിൽ സമർത്ഥിച്ചു. ഹൈന്ദവേതര വിഭാഗങ്ങളെ ഒഴിവാക്കുന്ന ആ രാഷ്ട്രസങ്കല്പത്തിന്റെ ഉള്ളടക്കം ഹിന്ദു വർഗീയതയാണ്. ഇതേ പ്രത്യയശാസ്ത്രം സ്വീകരിച്ച് 1925-ൽ കെ.ബി. ഹെഡ്ഗെവാർ ആർ. എസ്.എസ്. സ്ഥാപിച്ചു. ഹിറ്റ്ലറെയും മുസോളിനിയെയും അനുകരിച്ച് അദ്ദേഹം ഹിന്ദുക്കളെ സൈനികവൽക്കരിക്കുകയുണ്ടായി. ഇന്ത്യാ-പാക് വിഭജനകാലത്ത് അവശിഷ്ട ഇന്ത്യ ഹിന്ദുരാഷ്ട്രമാക്കണമെന്നും കാവിക്കൊടി ദേശീയ പതാകയാക്കണമെന്നും ആർ. എസ്.എസ്. ആവശ്യപ്പെടുകയുണ്ടായി. കോൺഗ്രസ് നേതൃത്വമാകട്ടെ ഇന്ത്യയെ മതേതര ജനാധിപത്യ രാഷ്ട്രമായി പ്രഖ്യാപിക്കുന്ന ഭരണഘടനയുണ്ടാക്കി. കാലാന്തരത്തിൽ, ഹിന്ദു വർഗീയതയെ നേരിടുന്നതിൽ മതനിരപേക്ഷ നേതാക്കൾ പരാജയപ്പെട്ടു. അതോടെ വർഗീയതയ്ക്ക് രാഷ്ട്രീയമാന്യത ലഭിച്ചു. 1955-ൽ ആർ.എസ്.എസിന്റെ പിൻബലത്തിൽ ഭാരതീയ ജനസംഘം രൂപീകരിച്ചു. പിൽക്കാലത്ത് ഭാരതീയ ജനതാ പാർട്ടിയുടെ രൂപീകരണവും അവരുടെ രാഷ്ട്രീയ തേരോട്ടവും ഏവരേയും അമ്പരപ്പിക്കുന്നതാണ്.

ഇന്ത്യയുടെ ദേശീയതയ്ക്കിന്ന് പ്രാകൃതഭാവമാണുള്ളത്. ക്രൈസ്തവരും മുസ്ലീങ്ങളും ദളിതരും ആദിവാസികളും യുക്തിവാദികളും ബുദ്ധിജീവികളും സർവകലാശാലാ വിദ്യാർത്ഥികളും ഇവിടെ രാഷ്ട്രശത്രുക്കളായി പ്രഖ്യാപിക്കപ്പെടുന്നു. ഗോമാംസത്തിന്റെ പേരിൽ നൂറുകണക്കിന് മുസ്ലീങ്ങളെ തെരുവിലിട്ട് തല്ലിക്കൊല്ലുന്ന ഒരു ജനാധിപത്യരാഷ്ട്രത്തിൽ ഭരണഘടനാമൂല്യങ്ങൾ കാറ്റിൽ പറക്കുന്നു. അയോധ്യയിലെ ബാബറി മസ്ജിദ് തകർക്കലും ഗുജറാത്ത് കലാപവും കാശ്മീർ സംഘർഷവും ഇതിന്റെ നേർസാക്ഷ്യങ്ങളാണ്. സമീപകാലത്ത് ശക്തമാകുന്ന മതാധിഷ്ഠിത-സാംസ്കാരിക ദേശീയത വലിയൊരു ഭീഷണിയാണെന്ന് പറയാതെ വയ്യ.

### ദേശീയതയിലെ ഹിംസാത്മകത

അതിതീവ്രദേശീയത ഹിംസാത്മകമാണ്. ദേശീയതയെന്ന ആശയത്തിൽ അന്തർലീനമായ ഹിംസാത്മകതയെ കാലങ്ങൾക്ക് മുമ്പെ തിരിച്ചറിഞ്ഞവരുണ്ട്. ഐൻസ്റ്റെയിനും ടാഗോറും ബർണാഡ്ഷായുമൊക്കെ ദേശീയതയെ വിമർശിച്ചവരാണ്. ദേശീയത നാശകാരിയായ ഒന്നാണെന്നും ഇന്ത്യ നേരിടുന്ന എല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാനം അതാണെന്നും നാഷണലിസം (ദേശീയത) എന്ന ഗ്രന്ഥത്തിൽ ടാഗോർ എഴുതിയിട്ടുണ്ട്. ഒന്നാം ലോകമഹായുദ്ധത്തിന്റെ കെടുതികളുടെ വെളിച്ചത്തിലാണ് ടാഗോർ ദേശീയതയെ അതിരൂക്ഷമായി വിമർശിച്ചത്. രാഷ്ട്രീയവും കച്ചവടവും ചേർന്ന സംഘമാണ് രാഷ്ട്രമെന്നും അതിന് മനസ്സാക്ഷിയോ കണ്ണോ കാതോ ധാർമ്മികതയോ ഇല്ലെന്നും ടാഗോർ തന്റെ പുസ്തകത്തിൽ പ്രസ്താവിക്കുകയുണ്ടായി. ഏതു തരത്തിലുള്ള ദേശീയതാ സങ്കല്പത്തെയും താൻ എതിർക്കുന്നുവെന്നാണ് ഐൻസ്റ്റെൻ പറഞ്ഞത്. ദേശീയവാദം മനുഷ്യരെ വിഭജിക്കുന്ന വിഭാഗീയ പ്രവണതയായിത്തീരാമെന്ന ആശങ്കയായിരുന്നു ഈ വിമർശനങ്ങളുടെ എല്ലാം അടിസ്ഥാനം. മനുഷ്യസ്നേഹികളായ ആ മഹാരഥന്മാരുടെ ആശങ്ക കാലാന്തരത്തിൽ അറംപറ്റിയതായി നാമിന്ന് മനസിലാക്കുന്നു. മനുഷ്യാവകാശ പ്രവർത്തകർ, ഗായകർ, കലാകാരന്മാർ, പത്രപ്രവർത്തകർ, എഴുത്തുകാർ, ക്രിക്കറ്റ് കളിക്കാർ തുടങ്ങി ജനാധിപത്യത്തിനുവേണ്ടി വാദിക്കുന്ന എല്ലാവരും വധഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു. സമകാലിക ഇന്ത്യൻ ദേശീ




യതയിലെ ഹിംസാത്മക ഫാസിസ്റ്റ് പ്രവണതകളോട് ക്രൈസ്തവർ എങ്ങനെ പ്രതികരിക്കണം?

### ഫാസിസത്തോടുള്ള ക്രൈസ്തവ സമീപനം

ആപത്കരമായ പ്രതിസന്ധിയിലൂടെയാണ് ഇന്ത്യ നടന്നുനീങ്ങുന്നത്. അനുകൂലമായ ഭരണകൂട പിന്തുണയുള്ളതിനാൽ ഹിന്ദുവർഗ്ഗീയത, ഭീകരരൂപം പൂണ്ട് ആളിപ്പടരുകയാണ്. വർഗീയതയെ അഭിമുഖീകരിക്കാനും തമസ്കരിക്കപ്പെട്ട മതേതര ജനാധിപത്യമൂല്യങ്ങൾ തിരിച്ചുപിടിക്കാനുമാണ് ക്രൈസ്തവരുൾപ്പെടെയുള്ള മതനിരപേക്ഷകക്ഷികൾ പരിശ്രമിക്കേണ്ടത്. ഭരണകൂടവും കോർപ്പറേറ്റ് താല്പര്യങ്ങളും തമ്മിലുള്ള അനാരോഗ്യകരമായ ലയനം ഈ ഭീകരതയെ ശാക്തീകരിക്കുന്ന സ്ഥിതിവിശേഷമാണ് സൃഷ്ടിച്ചെടുത്തിരിക്കുന്നത്. വർഗീയതയോടുള്ള ന്യൂനപക്ഷ പ്രതികരണം ചിലപ്പോഴൊക്കെ തീവ്രവാദ സ്വഭാവം സ്വീകരിക്കുന്നുണ്ട്. കേവലം വൈകാരികമായ ഇത്തരം സമീപനം പ്രതിസന്ധിയെ രൂക്ഷമാക്കുകയേയുള്ളൂ. ദേശീയതയുടെ വിമോചനതലത്തിനാണ് നാം ഊന്നൽ നൽകേണ്ടത്. ഫാസിസ്റ്റ് വിരുദ്ധതയും പാവങ്ങളോടുള്ള പക്ഷം ചേരലുമാണ് യേശുവിന്റെ ദൗത്യത്തെ വിമോചനാത്മകമാക്കിയത്. അതേ പ്രവാചകദൗത്യത്തിന്റെ പിന്തുടർച്ചയാണ് ക്രൈസ്തവർ ഏറ്റെടുക്കേണ്ടത്.

ബൗദ്ധികവും സാംസ്കാരികവുമായ ഇടപെടലാണ് മറ്റൊരു ക്രൈസ്തവ സമീപനം. കാലോചിതമായ ഇടപെടലുകൾ നടത്തിയ ചരിത്രം കത്തോലിക്കാ സഭയ്ക്കുണ്ട്. മനുഷ്യാവകാശസംരക്ഷണത്തിനും സമാധാന സംസ്ഥാപനത്തിനും പരിസ്ഥിതി പരിചരണത്തിനും ഊന്നൽ നൽകി സഭ പുറത്തിറക്കിയ ചാക്രികലേഖനങ്ങളും പഠനങ്ങളും എടുത്ത് പറയേണ്ടതാണ്. 1891-ലെ റേരും നോവാരും (Rerum Novarum), 1963-ലെ പാചെം ഇൻ തെരിസ് (Pacem in Terris), 1965-ലെ ഗൗദിയം എത് സ്പെസ് (Gaudieum et spes), 2015-ലെ ലൗദാത്തോസി (Laudatosi) എന്നിവ ഈ ധാരയിൽ പ്രത്യേക പരാമർശം അർഹിക്കുന്നു. 1950-60 കളിൽ ആരംഭിച്ച വിമോചന ദൈവശാസ്ത്രത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട് ലാറ്റിനമേരിക്കയിലെ പാവങ്ങളെ ചൂഷണം ചെയ്ത ഭരണകൂടത്തിന്റെ അനീതിക്കും ചൂഷണത്തിനുമെതിരെ സമരം ചെയ്ത് രക്തസാക്ഷിത്വം വരിച്ച എൽസാൽവദോറിലെ ആർച്ച്ബിഷപ്പ് റൊമേരോയെപ്പോലുള്ള വിശുദ്ധരുടെ ധീരമായ ഇടപെടലുകളെ സഭയുടെ സാമൂഹികവും സാംസ്കാരികവുമായ പ്രതിബദ്ധതയുടെ അടയാളമായി കാണേണ്ടതുണ്ട്.

ക്രൈസ്തവസഭയുടെ സാംസ്കാരിക ഇടപെടലുകൾ കൂടുതൽ ത്വരിതപ്പെടുത്തേണ്ട കാലഘട്ടമാണിത്. ജാതി-മത-വർഗീയതയെ അതിജീവിക്കുന്ന ബദൽ അറിവുകളും ചിന്താപദ്ധതികളും ആവിഷ്ക്കരിക്കാൻ സഭയ്ക്ക് കഴിയണം.

ഹിന്ദുത്വ അജണ്ടയുടെ തീവ്രദേശീയ ബോധത്തോടും ഫാസിസ്റ്റ് പ്രവണതകളോടുമുള്ള പ്രതികരണമായ ഈശോസഭയുടെ ദക്ഷിണേഷ്യൻ നേതൃത്വം 2017-ൽ പുറത്തിറക്കിയ വർഗീയതാ വിരുദ്ധ പ്രസ്താവനയും ഇന്ത്യയുടെ വിദ്യാഭ്യാസ മണ്ഡലത്തിലെ കാവിവൽക്കരണത്തിന്റെ അപകടസാധ്യതകളെ വെളിച്ചത്ത് കൊണ്ടുവന്ന 2019 ഒക്ടോബർ മാസത്തിലെ വിദ്യാഭ്യാസ നയരൂപീകരണരേഖയും സമയോചിതമായ പ്രതികരണങ്ങളായി കരുതാൻ കഴിയും.

ക്രൈസ്തവസഭ മുൻഗണന നൽകേണ്ട മറ്റൊരു കർമ്മമേഖല സമാധാനദൗത്യമാണ്. തുറന്ന സംവാദത്തിനും വിമർശനാത്മകമായ വിലയിരുത്തലിനും തുറസ്സുകളൊരുക്കാൻ സഭയ്ക്ക് കഴിയണം. മതാന്തര സംവാദത്തിലൂടെയും ഐക്യവേദികളിലൂടെയും ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശവാഹകരായി വർത്തിക്കാൻ സഭ വഴിയൊരുക്കണം. കാരുണ്യം പ്രഘോഷിച്ച ബുദ്ധനെയും അഹിംസ പ്രചരിപ്പിച്ച ഗാന്ധിയെയും മാനവികതയെ സ്നേഹിച്ച ടാഗോറിനെയും ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും പുനരുജ്ജീവിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. വിദ്യാലയങ്ങളിലും കലാലയങ്ങളിലും സമാധാന ചിന്തകളെ പരിപോഷിപ്പിക്കുന്നതിന് പീസ് ക്ലബ്ബുകളും ഫോറങ്ങളും ആരംഭിക്കുന്നത് തികച്ചും അനുപേക്ഷണീയമാണ്. കാലാന്തരങ്ങളായി നമ്മുടെയിടയിൽ നിലനിൽക്കുന്ന മതസൗഹാർദ്ദ ഇടങ്ങളെയും ആഘോഷങ്ങളെയും വർഗീയ ധ്രുവീകരണ ശക്തികൾക്കെതിരെയുള്ള ബദൽ മാതൃകകളായി അവതരിപ്പിക്കുവാൻ നാം പരിശ്രമിക്കേണ്ടതുണ്ട്. ഹിന്ദുത്വവാദം ഹിന്ദുമതത്തിന്റേതല്ലെന്നും യഥാർത്ഥ ഹിന്ദു എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നവനാണെന്നുള്ള തിരിച്ചറിവ് ഈ പ്രക്രിയയെ സുഗമമാക്കും. സമാധാന ദൗത്യനിർവഹണത്തിൽ പങ്കുചേരുന്നതോടൊപ്പം സമകാലിക സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ സാഹചര്യങ്ങളുടെ താത്വികവും ദൈവശാസ്ത്രപരവുമായ വിശകലനം നമ്മുടെ പ്രവാചകദൗത്യത്തെ കൂടുതൽ ക്രിസ്തീയമാക്കും.

സംവാദം

# ഫാസിസത്തിന്റെ കാലൊച്ചകൾ



മുല്ലക്കര രത്നാകരൻ

'മനുഷ്യൻ കണ്ടുപിടിച്ച ഏറ്റവും വലിയ വിഡ്ഢിത്തമാണ് ജനാധിപത്യം' എന്ന് വിശ്വസിച്ചിരുന്ന ഒരു ലോക നേതാവുണ്ട്, ചരിത്രത്തിൽ. ബനിറ്റോ മുസ്സോളിനി എന്നതാണ് അയാളുടെ നാമം. ഏക വ്യക്തി കേന്ദ്രീകൃതമായ അധികാരം അന്യൂനവും കുറ്റമറ്റതും ആയിരിക്കുമെന്ന് ധരിച്ചിരുന്ന ഈ മുസ്സോളിനിയാണ് ഫാസിസത്തിന്റെ ഉപജ്ഞാതാവ്. ജനാധിപത്യമെന്നാൽ പിഴവുകളുടെ കൂമ്പാരമായിരിക്കും എന്നത് എല്ലാ ഏകാധിപതികളുടെയും എക്കാലത്തെയും വാചാടോപമാണ്. ഇന്ത്യയിൽ പുതിയ വേഷപ്പകർച്ച നേടിയിട്ടുള്ള ഫാസിസത്തിന്റെ പ്രണേതാക്കളും ജനാധിപത്യ സമ്പ്രദായത്തെയും ജനാധിപത്യ സ്ഥാപനങ്ങളെയും സർവ്വോപരി ഇതിന്റെയെല്ലാം ആധാരശിലയായ നമ്മുടെ ഭരണഘടനയെയും ദുർബലപ്പെടുത്താൻ കഴിയുന്ന ഏതൊരവസരവും ബോധപൂർവ്വം പ്രയോജനപ്പെടുത്തി കൊണ്ടിരിക്കുകയാണ്.

ഇന്ത്യയിൽ ഫാസിസം സമീപകാല വിനിമയ വ്യവഹാര സാധ്യതകളെ, വലിയ പ്രതിരോധങ്ങൾ നേരിടാതെ തന്നെ തങ്ങൾക്ക് അനുകൂലമാക്കി തീർത്തുകൊണ്ടിരിക്കുകയാണ്. ഒരു തുള്ളി ചോര ചൊരിയാതെ ഒരു വിപ്ലവം പൂർത്തിയാക്കാൻ കഴിയുന്നു എന്ന ഒരവസ്ഥ. ഫാസിസത്തിന്റെ തിരനോട്ടം പ്രകടമായിരുന്ന സ്വാതന്ത്ര്യസമര പൂർവ്വ കാലത്ത് ദേശീയ പ്രസ്ഥാനത്തിന്റെ വമ്പിച്ച ജനസമ്മിതിയുടെ മുമ്പിൽ പിടിച്ചു നിൽക്കാൻ ആകാത്തതു കൊണ്ടു മാത്രം പിൻവാങ്ങിയും ഒളി മങ്ങിയും നിലകൊള്ളാൻ വിധിക്കപ്പെടുകയായിരുന്നു തീവ്ര ഹിന്ദുവർഗ്ഗീയ ഫാസിസ്റ്റുകൾ. എന്നാൽ അവരുടെ ലക്ഷ്യം മുറുകെ പിടിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ നിരന്തരം നടത്തുന്നതിനാൽ അവർ ഒരു കുറവും വരുത്തിയിരുന്നില്ല. അവരുടെ ലക്ഷ്യം മതേതരത്വത്തിന്റെയും ജനാധിപത്യത്തിന്റേയും എക്കാലത്തെയും വലിയ മിശിഹയായ മഹാത്മാഗാന്ധി ആയിരുന്നു. 1948-ൽ ഗാന്ധിജിയുടെ ജീവൻ എടുത്തുകൊണ്ട് അവർ ലക്ഷ്യപ്രാപ്തിയിലെത്തിയത് ചരിത്രസത്യമാണ്. ഒളിഞ്ഞിരുന്ന്, കരുതിയിരുന്ന്, കൈവന്ന അവസരം വിനിയോഗിച്ചുകൊണ്ട് വർഗ്ഗീയ ഫാസിസ്റ്റുകൾ സ്വാതന്ത്ര ഇന്ത്യയിൽ അവരുടെ വരവറിയിക്കുകയായിരുന്നു. എന്നാൽ ലോകമെമ്പാടും ഉണ്ടായ പ്രതിഷേധാഗ്നിയിൽ വെന്തുരുകിത്തീരാതിരിക്കാൻ വേണ്ട കരുതലെടുത്തുകൊണ്ട് അവർ താൽക്കാലികമായി അണിയറയിലേക്ക് പിൻവാങ്ങി. നിശബ്ദതയുടെ മേലങ്കിയണിഞ്ഞു തങ്ങളുടെ പ്രത്യയ ശാസ്ത്രത്തിന്റെ പ്രയോഗവഴികളിൽ വെളിച്ചമാകാനാകുന്ന, ആയിത്തീരേണ്ട തീപ്പന്തങ്ങളെ അവർ സൃഷ്ടിച്ചുകൊണ്ടേയിരുന്നു. കാരണം അവരുടെ ആദ്യന്തിക ലക്ഷ്യം പിന്നെയും ബാക്കി കിടക്കുകയായിരുന്നല്ലോ. നാഥുറാം വിനായക് ഗോഡ്സെ അവർക്ക് ഒരു പേരു മാത്രമായിരുന്നില്ല. അത് ഒരു പ്രത്യയശാസ്ത്രം ആയിരുന്നു!

വർഗീയ ഫാസിസത്തിന്റെ ഇന്ത്യൻ രൂപമായ ആർ.എസ്.എസിന് ഗാന്ധി വധത്തിൽ പങ്കുണ്ടോ എന്ന കാര്യത്തിൽ അന്നുമിന്നും തർക്കം ഉയർന്നു വരുന്നുണ്ട്. എന്നാൽ ചില പിൽക്കാല സംഭവങ്ങൾ നമ്മെ ചിന്താഭരിതമാക്കുന്നുണ്ട്. ഗാന്ധി വധക്കേസിൽ ജീവപര്യന്തം തടവ് ശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഗോപാൽ ഗോഡ്സെ നാഥുറാമിന്റെ ഇളയ സഹോദരനായിരുന്നു. ശിക്ഷാ കാലാവധി കഴിഞ്ഞ് മുപ്പത് വർഷങ്ങൾക്കു ശേഷം ചെന്നൈയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ഫ്രണ്ട് ലൈൻ മാസികയ്ക്ക് 1994-ൽ ഗോപാൽ ഗോഡ്സെ നല്കിയ അഭിമുഖത്തിൽ താനും ജേഷ്ഠൻ നാഥുറാമും ആർ.എസ്.എസുകാരായിരുന്നു എന്ന് വെളിപ്പെടുത്തുകയുണ്ടായി. ആർ.എസ്.എസ് മേധാവിയായിരുന്ന എം.എസ് ഗോൾവൾക്കറെ കുഴപ്പത്തിൽ നിന്നും രക്ഷിക്കാനായിരുന്നു താൻ ആർ.എസ്.എസ് അല്ലെന്നു നാഥുറാം പറഞ്ഞതെന്നാണ് ഗോപാൽ ഗോഡ്സെ വിശദീകരിച്ചത്. ഗോഡ്സെയെ ഇപ്പോഴും മനസ്സിൽ കൊണ്ടു നടക്കുന്നവരും അയാൾക്കു ക്ഷേത്രം പോലും നിർമ്മിക്കാൻ തുനിയുന്നവരും ഏതു ചേരിയോട് ചേർന്നു നിൽക്കുന്നു എന്ന് നോക്കിയാൽ മാത്രം മതി സംഗതികൾ വ്യക്തമാകാൻ.

ഇന്ത്യയിലെ തീവ്ര ഹിന്ദുത്വഫാസിസ്റ്റു ശക്തികളുടെ അജണ്ട ഇന്ന് പകൽ വെളിച്ചം പോലെ സുതാര്യമാണ്. മുമ്പ് കർട്ടനു പിന്നിൽ നിന്നാണ് അവർ കളിച്ചതെങ്കിൽ ഇപ്പോൾ അരങ്ങിൽ അവർ വിവിധ വേഷങ്ങളിൽ തിമിർത്താടുകയാണ്. ഒരു തികഞ്ഞ ഹിന്ദുമത വിശ്വാസിയായിരുന്നിട്ടും എന്തുകൊണ്ടാണ് നാഥുറാം ഗോഡ്സെയുടെ ചിതാഭസ്മം അനുയായികൾ ഇപ്പോഴും നിമഞ്ജനം ചെയ്യാതെ കാത്തുസൂക്ഷിച്ചു പോരുന്നത്? തന്റെ മരണത്തെ മുൻകൂട്ടി കണ്ടുകൊണ്ട് ചിതാഭസ്മത്തെ അടിസ്ഥാനമാക്കി ഗോഡ്സെ ഗാന്ധി വധത്തിനു മുൻപേ നടത്തിയ

ഒരു തീവ്ര രാഷ്ട്രീയ പ്രതിജ്ഞയുണ്ട്. അതിന്റെ ഉള്ളടക്കം ഇപ്രകാരമാണ്.

“വെട്ടിമുറിക്കപ്പെടുകയും പരദേശി മതവിശ്വാസികൾ കൈയ്യേറുകയും ചെയ്ത ഭാരതം എന്ന് ഒരു അഖണ്ഡ സനാതന ഹൈന്ദവ സാമ്രാജ്യമായി പു:നസ്ഥാപിക്കപ്പെടുന്നുവോ അന്ന് മാത്രമേ എന്റെ ചിതാഭസ്മം ഗംഗയിൽ നിമഞ്ജനം ചെയ്യാൻ പാടുള്ളൂ. അന്നു മാത്രമേ എനിക്കു മോക്ഷം വേണ്ടൂ. അതുവരെ എന്റെ ആത്മാവ് ഗതികിട്ടാതെ അശാന്തമായി അലയണം”.




ഗോഡ്സെയുടെപ്രതിജ്ഞ യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടിയുള്ള ചമയങ്ങളും സന്നാഹങ്ങളും ഒരുക്കുന്നതിനു വേണ്ടിയുള്ള കഠിനമായ പരിശ്രമത്തിന്റെ ഭാഗാമായിട്ടാണ് ഇന്നത്തെ ഇന്ത്യയിലെ ഫാസിസ്റ്റ് അജണ്ടകൾ രൂപപ്പെടുത്തുന്നത്. ഈ പ്രയാണത്തിനിടയിൽ മതേതരത്വവും മാനവികതയും ജനാധിപത്യവും കൊലചെയ്യപ്പെട്ടെന്നിരിക്കും. എതിർ ശബ്ദങ്ങളെ നിശബ്ദമാക്കിയെന്നിരിക്കും. ഇന്ത്യൻ ഫെഡറിലിസവും രാജ്യത്തിന്റെ ബഹുസ്വരതയും തകർക്കപ്പെട്ടെന്നിരിക്കം. നീതിയും ന്യായവും ചില പക്ഷണങ്ങൾ പിടിച്ചെന്നിരിക്കും. കെട്ട കാലത്തിന്റെ ദുരന്തകാഴ്ചകൾക്കു മുൻപിൽ പകച്ചു നിൽക്കണോ അതോ ഉത്തമവിശ്വാസത്തിന്റെ രണഭൂമിയിൽ പോരാടി നിൽക്കണോ എന്ന കാര്യം നാം ഓരോരുത്തരും ചിന്തിക്കേണ്ട സമയം സമാഗതമായിരിക്കുന്നു എന്നാണ് എന്റെ പക്ഷം. കഴിഞ്ഞ ഏഴുപതിറ്റാണ്ടായി നാം തുടർച്ചയായി പറഞ്ഞുകൊണ്ടിരിക്കുന്ന മതേതരത്വം എന്ന ആശയം കൂടുതൽ അന്യം നിന്നുപോകുന്ന ഒരു കാലമാണിത്. ഹിന്ദുക്കൾ കൂടുതൽ ഹിന്ദുക്കളും മുസൽമാന്മാർ കൂടുതൽ മുസൽമാന്മാരും ക്രിസ്ത്യാനികൾ കൂടുതൽ ക്രിസ്ത്യാനികളുമായി മാറിക്കൊണ്ടിരിക്കുന്നു. ഇത് ഒരു തരത്തിലും ശുഭകരമല്ല. എല്ലാറ്റിനുമപ്പുറം നാം ഇന്ത്യക്കാരാണ് എന്ന ചിന്തയാണ് ഉണ്ടാകേണ്ടത്. അതിനു കപട ദേശീയത ഒരു പരിഹാരമല്ല. ഇന്ത്യൻ ദേശീയത നിർമ്മിച്ചത് പൊതുവായ ഒരു ഭരണക്രമത്തിലൂടെയാണ്. ഇപ്പോൾ മതം ദേശീയതയുടെ ഒരേയൊരു ഘടകമാക്കി മാറ്റാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. അതിനിടയിലാണ് അതിർത്തി സംഘർഷങ്ങളുടെ അടിത്തറയിൽ ദേശീയ വികാരത്തെ ഉണർത്തി നിർത്തുവാനുള്ള ശ്രമം. ഒരു പൊതു ഭാഷ പോലെ, ഒരു പൊതു ദേശീയതയും ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കാമെന്ന ചിന്താപദ്ധതി ഫാസിസമല്ലാതെ മറ്റൊന്നുമല്ല. “ഭരണകൂടം പറയുന്ന ഇച്ഛയാണ് ഏതായിരിക്കണം ദേശീയത എന്ന് നിർണയിക്കുന്നത്” എന്ന മുസ്സോളിനിയുടെ കാഴ്ചപ്പാടാണ് രാജ്യത്ത് നിലനിൽക്കുന്നത്.



നാം എന്ത് ഭക്ഷിക്കണം, ഏതു വസ്ത്രം ധരിക്കണം, ഏതു ഭാഷ സംസാരിക്കണം, എവിടെയൊക്കെ താമസിക്കണം എന്നിത്യാദിയുള്ള മനുഷ്യാവകാശങ്ങളേയും സ്വാതന്ത്ര്യങ്ങളേയും മാനിക്കാത്ത നീക്കങ്ങൾ നടക്കുന്നത് വളരെ ആസൂത്രിതമായിട്ടാണ്. ഏക സിവിൽകോഡ്, ഏക ഭാഷ, ഏക തെരഞ്ഞെടുപ്പ് തുടങ്ങി ‘ഏക’ങ്ങളിലേക്ക് രാജ്യം കടക്കണമെന്ന് ആഗ്രഹിക്കുന്നതിനെയാണ് ഏകാധിപത്യ പ്രവണത എന്നു പറയുന്നത്. ഫാസിസം ഏകാധിപത്യത്തിന് നിരന്തരം വെള്ളവും വളവും നൽകുന്ന രാഷ്ട്രീയ വീക്ഷണമാണ്. അവിടെ നാനാജാതിവൈവിധ്യങ്ങൾക്കോ നാനാത്വത്തിൽഏകത്വത്തിനോ പ്രസക്തിയില്ല. ‘His Master’s Voice’ മാത്രമായിരിക്കും. എങ്കിലും ഇത്തരമൊരു ഒരു ദശാസന്ധിയിൽ നിന്നും രാജ്യത്തെവിമോചിപ്പിക്കുവാനുള്ള അറിവും ആശയവും നമ്മുടെ പുണ്യഭൂമിക്കുമേൽ ഇപ്പോഴും പ്രസരിക്കുന്നുണ്ട്. അതാണ് ഈ നാടിന്റെ സുകൃതവും. അതിനെ തകർക്കുവാൻ ആരുടെ കയ്യിലുമുള്ള ആയുധങ്ങളും തികയില്ല. മനുഷ്യന്റെ ദൃഢനിശ്ചയവും ഇച്ഛാശക്തിയും ഒന്നു ചേരുമ്പോൾ ഭേദിക്കാനാകാത്ത ഒരു കോട്ടകളും ചരിത്രത്തിൽ ഉണ്ടായിട്ടില്ല. അതുതന്നെയാണ് ശുഭാപ്തി വിശ്വാസത്തോടെ മുന്നോട്ടു പോകുവാനുള്ള ഓരോ സത്ചിത്തരുടെയും സമാധാനകാംക്ഷികളുടെയും മൂലധനം. “ആയുധമല്ലല്ലോ വെൽവതാളുകൾ തൻ ദൃഢ ചിത്തം” എന്ന കവി വാക്യം ഓർമ്മയിൽ സൂക്ഷിക്കാം.

# സംവാദം

# ഹരിത ഭൂമി



*വംശനാശത്തിന്റെയും അമിതവിഭവചൂഷണത്തിന്റെയും തന്മൂലമുള്ള പരിസ്ഥിതി അപചയത്തിന്റെയും അത്യന്തം വിസ്ഫോടനാത്മകമായ ചിത്രമാണ് സമകാലീന മാനവ സമൂഹത്തിന്റെ ചിത്രം. ഉപജീവനവും, അതിജീവനവും അമിതമായ ഉപഭോഗ തൃഷ്ണയ്ക്ക് വഴിമാറിയപ്പോൾ ഉളവായത് പരിസ്ഥിതി സംന്തുലിതാവസ്ഥയുടെ താളം തെറ്റലാണ്.*

**റവ. ഫാ. റൊമാൻസ് ആൻണി**

*2050 ആകുമ്പോഴേക്കും കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായി സമുദ്ര നിരപ്പുയരുന്നത് മൂലം ഇപ്പോൾ 30 കോടി മനുഷ്യർ ജീവിക്കുന്ന പ്രദേശങ്ങളിൽ രൂക്ഷമായ വെള്ളപ്പൊക്കങ്ങളും കടലാക്രമണവുമുണ്ടാകും. 2100 ആകുമ്പോഴേക്കും നിലവിൽ 20 കോടി മനുഷ്യർ താമസിക്കുന്ന പ്രദേശം പൂർണമായും വേലിയേറ്റ മേഖലയായി മാറി സ്ഥിരമായി വാസയോഗ്യമല്ലാതാകും.*

**ഫഹദ് മർസൂക്ക്**



# ഇനിയും മരിക്കാത്ത ഭൂമി നിനക്കാത്മശാന്തി!



റവ. ഫാ. റൊമാൻസ് ആന്റണി

“നിങ്ങൾ ഈ ഭൂമിയെ ധർമ്മപത്നിയെ എന്ന പോലെ ഹൃദയത്തിൽ സൂക്ഷിക്കുകയും കാലാകാലങ്ങളായി മറ്റുള്ളവർ അപഹരിക്കാത്തവിധം പാലിച്ചുകൊള്ളുകയും വേണം. നിങ്ങളുടെ മനസ്സ് സത്ക്കർമ്മങ്ങളിൽ നിരതമാകട്ടെ. കാലൻ വായും പിളർന്ന് കാലവും പാർത്ത് ചുറ്റിത്തിരിയുന്നു.” (പാലിയം ശാസനം)

ഭൂമിയെ സ്വന്തം പത്നിയായി കരുതിയ ഒരു സംസ്ക്കാരം ഈ രാജ്യത്തുണ്ടായിരുന്നു. ആയ് രാജ്യത്തിന്റെ രാജാവ് വിക്രമാദിത്യവരഗുണൻ (ക്രി.വ. 885–925) ധർമ്മപ്രവർത്തനത്തിനായി ചേരസാമ്രാജ്യത്തിലെ ബുദ്ധമത വിഹാരമായ ശ്രീമൂലവാസത്തിനു ദാനമായി ഭൂസ്വത്തു നല്കികൊണ്ട് അതിന്റെ സംരക്ഷണം ഇന്ദുക്കോതവർമ്മയ്ക്കു നല്കിയ കല്പനയാണ് ‘പാലിയാ ശാസനം’. വംശനാശത്തിന്റെയും അമിതവിഭവശോഷണത്തിന്റെയും തന്മൂലമുള്ള പരിസ്ഥിതി അപചയത്തിന്റെയും അത്യന്തം വിസ്ഫോടനാത്മകമായ ചിത്രമാണ് സമകാലീന മാനവസമൂഹത്തിന്റെ ചിത്രം. ഉപജീവനവും, അതിജീവനവും അമിതമായ ഉപഭോഗതൃഷ്ണയ്ക്ക് വഴിമാറിയപ്പോൾ ഉളവായത് പരിസ്ഥിതി സംന്തുലിതാവസ്ഥയുടെ താളം തെറ്റലാണ്. ജീവനെ നിലനിർത്തുവാനുള്ള മണ്ണും ജലവും വായുവും വിഷലിപ്തവും വന്ധ്യയും ആയിമാറുകയും പ്രപഞ്ചത്തിലെ ആവാസഘടന ഗുരുതരമായ ഭീഷണി നേരിടുകയും ചെയ്യുന്ന ഒരു കാലയളവിലാണ് നമ്മൾ വസിക്കുന്നത്.

2015 മെയ് മാസത്തിൽ ഫ്രാൻസിസ് മാർപാപ്പ “ലൗദാത്തോസി” എന്ന തലക്കെട്ടിൽ ഒരു ചാക്രിക ലേഖനം പുറപ്പെടുവിച്ചു. ഭൂമിയെ “നമ്മുടെ പൊതുഭവനം” എന്ന് ഫ്രാൻസിസ് മാർപാപ്പ വിശേഷിപ്പിച്ചു. ഭൂമി ഇന്നു രോഗിണിയാണെന്നും മനുഷ്യൻ പല രീതിയിൽ ഏല്പിച്ച ക്ഷതങ്ങളാണ് രോഗകാരണമെന്നും മാർപാപ്പാ ലോകരാഷ്ട്രങ്ങളോടു പറഞ്ഞു. കാലാവസ്ഥവ്യതിയാനം, മലിനീകരണം, ജലലഭ്യതയുടെ കുറവ് തുടങ്ങി ഒട്ടേറെ പാരിസ്ഥിതിക പ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടിയ ചാക്രിക ലേഖനം ഇനിയും പഠിച്ചു തീരാത്ത് ഒരു രേഖയാണ്.

ലോകരാഷ്ട്രങ്ങൾ കഴിഞ്ഞ അഞ്ചു ദശാബ്ദങ്ങളായി ചർച്ച ചെയ്യുന്ന ഒരു വിഷയമാണ് കാലാവസ്ഥാ വ്യതിയാനം. 1992ൽ റിയോ ഡി ജനീറയിൽ നടന്ന ഭൗമ ഉച്ചകോടിയിലാണ് ഈ വിഷയം ലോക രാഷ്ട്രത്തലവന്മാർ ഗൗരവമായി ചർച്ച ചെയ്തത്. ഈ വലിയ വിപത്തിനെ നേരിടാൻ ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ പല സംവിധാനങ്ങൾക്കും രൂപം നൽകി. ഇതിന്റെ ഫലമായി 1997ൽ ലോകരാഷ്ട്രങ്ങൾ ജപ്പാനിലെ കിയോട്ടോ നഗരത്തിൽ ഒന്നിച്ചുകൂടി ഹരിതഗൃഹവാതകങ്ങളുടെ നിർഗമനം കുറയ്ക്കാനുള്ള ഒരു സംവിധാനത്തിനു രൂപം നൽകി. ഇതാണ് കിയോട്ടോ പ്രോട്ടോക്കോൾ എന്നറിയപ്പെടുന്നത്.

ആഗോള താപനവും അന്തരീക്ഷ ഊഷ്മാവും ഹരിതഗൃഹപ്രഭാവവും (Global warming and greenhouse effect) മലിനീകരണവും വെള്ളത്തിന്റെ വർദ്ധിച്ചുവരുന്ന ദൗർലഭ്യവും കൃഷിഭൂമിയുടെ ഉൽപാദനക്ഷമതക്കുറവും മത്സ്യപ്രജനനത്തിന്റെ കുറവും ആശങ്ക ഉണർത്തുന്നു. സമുദ്രജലനിരപ്പ് ക്രമാതീതമായി ഉയരുന്നതും, മരുഭൂമിവത്ക്കരണവും, വരൾച്ചയും, കടലേറ്റവും എല്ലാം സമകാലീന പാരിസ്ഥിതിക പ്രശ്നങ്ങളാണ്. നമ്മുടെ അന്തരീക്ഷവും മണ്ണും ജലാശയങ്ങളും, ഭൂമി തലമുറകളായി കാത്തുസൂക്ഷിച്ച് നമ്മളെ ഭരമേല്പിച്ച വിഭവങ്ങളും മലിനമാക്കപ്പെടുകയോ അമിത ചൂഷണം വഴി ഇല്ലാതാവുകയോ ചെയ്യാൻ സാദ്ധ്യതയുള്ള സാഹചര്യത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഇവിടെ മനുഷ്യന്റെ അതിജീവനം തന്നെ ഭീഷണി നേരിടുന്നു.

“എല്ലാവർക്കും സ്വന്തമായതും എല്ലാവരെയും ഉദ്ദേശിച്ചുള്ളതുമായ ഒരു പൊതു നന്മ”യെന്നാണ് കാലാവസ്ഥയെ പാപ്പാ വിശേഷിപ്പിക്കുന്നത്. കടലും മലയും കാടും കായലും വയലും നദിയും ഒത്തുചേരുന്ന ഒരു സങ്കീർണ്ണ വ്യവസ്ഥയാണ് കാലാവസ്ഥ. നമ്മുടെ ഗ്രഹത്തിനപ്പുറം സൗരയുഥ ചക്രം തഴുകി നില്ക്കുന്ന വ്യവസ്ഥയാണ് കാലാവസ്ഥ. ഭൂമിയുടെ ഭൂഗർഭ അറകളെയും ആകാശത്തിനപ്പുറമുള്ള മേഘങ്ങളെയും തൊട്ടുതലോടുന്ന കാലാവസ്ഥാക്രമത്തിന്റെ സന്തുലിതാവസ്ഥ തകിടം മറിഞ്ഞിരിക്കുന്നു എന്നതാണ് ലോകരാഷ്ട്രങ്ങളെയും ശാസ്ത്ര സമൂ

ഹത്തെയും ഭൂമിയുടെ നിലനില്പിൽ താൽപര്യമുള്ള സന്നദ്ധ സംഘങ്ങളെയും അസ്വസ്ഥരാക്കുന്നത്.

ഹരിതാഗൃഹവാതകങ്ങൾ എന്നറിയപ്പെടുന്ന കാർബൺ ഡൈ ഓക്സൈഡ്, മീഥെൻ. നൈട്രജൻ ഓക്സൈഡ് എന്നിവയുടെ സാന്ദ്രതമൂലം രൂപപ്പെടുന്ന വർദ്ധിത താപന (Global Warming) ത്തിന്റെ ഫലമായാണ് കാലാവസ്ഥാവ്യതിയാനം സംഭവിക്കുന്നത് എന്നത് ശാസ്ത്ര നിഗമനം. അനിവാര്യമെന്ന് പറയാവുന്ന വ്യവസായവത്കരണവും വനനശീകരണവും പ്രതിസന്ധിയെ രൂക്ഷമാക്കുന്നു. നമ്മുടെ അന്തരീക്ഷത്തിൽ ഈ വാതകങ്ങൾ ഒരു മറ സൃഷ്ടിച്ച്, സൂര്യകിരണങ്ങൾ ഭൂമിയിൽ എത്തുന്നതിനെ തടയുന്നു.

ഹരിതഗൃഹപ്രഭാവം (Greenhouse effect) എന്ന പ്രതിഭാസം മൂലം ഹിമമലകളിൽ മഞ്ഞുരുകുന്നു, സമുദ്രജലനിരപ്പ് ഉയരുന്നു, സമുദ്രങ്ങളിൽ അമ്ലീകരണം വർദ്ധിക്കുന്നു. താമസിയാതെ നമ്മുടെ തൊട്ടടുത്തുള്ള മാലിദ്വീപ് വെള്ളത്തിനടിയിലാകും എന്നാണ് പ്രവചനം. 2018 ഓഗസ്റ്റിൽ കേരളസംസ്ഥാനമാകെ ജലപ്രളയത്തിലായത് ഒരു സൂചനയാണ്. നമ്മുടെ നദികളുടെ വിസ്തൃതി കുറയുകയും നദീതടങ്ങൾ ജന ആവാസകേന്ദ്രമായതും ജലപ്രളയത്തിന്റെ ആഘാതം കൂടുവാൻ കാരണമായി. നമ്മുടെ കൊച്ചു കേരളം കരുതലുകൾ എടുത്തില്ലെങ്കിൽ നിലനിൽപിന് വലിയ വില കൊടുക്കേണ്ടി വരും. ഭൂമിയുടെ വിഹായസ്സിൽ കാർബൺ ഡൈഓക്സൈഡിന്റെ അളവ് കൂടുന്നതിന്റെ ഫലമായി ഉണ്ടാകുന്ന കാലാവസ്ഥപ്രതിസന്ധി ജീവന്റെ എല്ലാ അവതാരങ്ങളെയും സാരമായി ബാധിക്കും.

കാർബൺ ചക്രഗതിക്കുമേലുള്ള താപനം ജലസ്രോതസ്സുകളെയും ഊർജ്ജത്തെയും ബാധിക്കും എന്നത് ശാസ്ത്ര നിഗമനം. ഭൂമിയിലെ ജൈവവൈവിധ്യം വലിയതോതിൽ നിർമാജ്ജനം ചെയ്യപ്പെടുംഎന്നതും വസ്തുനിഷ്ഠമായ പ്രവചനം. പുനരുപയോഗക്ഷമമായ ഊർജ്ജത്തിന് പ്രചാരം ഇനിയും ഉണ്ടായിട്ടില്ല എന്നതാണ് ദുഃഖസത്യം.

അന്തിമ വിശകലനത്തിൽ ആഗോളതാപന (Global Warming) മാണ് കാലാവസ്ഥവ്യതിയാനത്തിൻ ഭീമമായ സംഭാവന ചെയ്യുന്ന ഘടകം. കാർബൺ അതിപ്രസരണത്തിന്റെ കരാള ഹസ്തത്തിന്റെ വിളയാട്ടം വരുത്തുന്ന വിനകൾ അതിഭീകരമാണ്. വ്യവസായ വിപ്ലവത്തിനു മുമ്പ് അന്തരീക്ഷ കാർബൺ ഡൈഓക്സൈഡിന്റെ അളവ് 260 ppm (parts per million) ആയിരുന്നു. 2012ൽ അത് 387 ppm ആയി വർദ്ധിച്ചു. 2025ൽ കാർബൺ ഡൈഓക്സൈഡിന്റെ അളവ് 400 ppm ആകും എന്നും ഈ നൂറ്റാണ്ടിന്റെ അവസാനത്തിൽ അത് 500 ppm ആകും എന്നുമാണ് പ്രവചനം. ഇതിന്റെ പ്രത്യാഘാതം ഭീകരമായിരിക്കും. അങ്ങനെ ഒരു അവസ്ഥയിൽ ജീവജാലങ്ങൾക്കും മനുഷ്യർക്കും അതി ജീവിക്കാൻ കഴിയില്ല. ഈ നൂറ്റാണ്ടിന്റെ അന്ത്യമാവുമ്പോൾ 58 ഡിഗ്രി സെൽഷ്യസായി അന്തരീക്ഷ താപം വർദ്ധിക്കും എന്നാണ് പ്രവചനം. ആഗോളതാപനവും കാർബൺ ഡൈഓക്സൈഡിന്റെ അളവ് വർദ്ധിക്കുന്നതും സർവ്വ ജീവജാലങ്ങളെയും ബാധിക്കും. വെള്ളപ്പൊക്കം, ചുഴലിക്കാറ്റ്, വരൾച്ച, വിളനാശം, ഉരുൾപൊട്ടൽ ഇവയെല്ലാം ഏത് സമയത്തും സംഭവിക്കാം.

“മനുഷ്യജീവിതത്തിനുള്ള നിരവധി അനുപേക്ഷണീയ ഉപാധികളുമായി ബന്ധപ്പെട്ടിരിക്കുന്ന ഒരു സങ്കീർണ്ണ വ്യവസ്ഥ’സ്ഥ, എന്നാണ് മാർപ്പാപ്പ കാലാവസ്ഥയെ വിശേഷിപ്പിക്കുന്നത്. അസ്വാസ്ഥ്യജനകമായ താപനവർദ്ധനവിനെ നേരിടുന്നതിന് ജീവിതശൈലിയിലെയും ഉൽപാദനത്തിലെയും ഉപഭോഗത്തിലെയും മാറ്റങ്ങളുടെ ആവശ്യകത അംഗീകരിക്കുവാൻ മാനവരാശിയെ മാർപാപ്പാ ആഹ്വാനം ചെയ്യുന്നു.

ഭൂമിയെ നമ്മൾ ആദരിക്കണം, വണങ്ങണം. ഭൂമി പൂജ നടത്തിയിട്ടാണല്ലോ നമ്മുടെ ഹൈന്ദവ സഹോദരർ വീടുവയ്ക്കുന്നത്. അതിൽ ഒരു സന്ദേശമുണ്ട്. ഭൂമുയുടെ അനുവാദത്തോടെ മാത്രമേ ഭൂമിക്കു മുകളിൽ ഒരു കൃത്രിമ ആവാസകേന്ദ്രം സൃഷ്ടിക്കാവൂ എന്ന വിശ്വാസം.

അമേരിക്കയിലെ സിയാറ്റിലെ ആദിവാസി തലവൻ പറഞ്ഞത് ഇപ്രകാരം: “നമ്മൾ ഈ ഭൂമിയുടെ ഭാഗമാണ്. ഭൂമി നമ്മുടേതും. ഇതിന്റെ ഓരോ ഭാഗവും പവിത്രമാണ്. പുഷ്പങ്ങൾ നമ്മുടെ സഹോദരികളാണ്. മാനും കുതിരയും പരുന്തും ഒക്കെ സഹോദരങ്ങളുളും.

കാടും പുഴയും കടലും മനുഷ്യന്റെ ആർത്തിക്കു മുന്നിൽ കീഴടങ്ങുമ്പോൾ തകരുന്നത് നാളെയുടെ സ്വപ്നങ്ങളാണ്.

വളരെ സങ്കീർണ്ണമായ ഒരു പരിസ്ഥിതി ചക്രമാണ് പ്രപഞ്ചത്തിലുള്ളത്. അന്തരീക്ഷ ഘടകങ്ങളുടെ താളലയം ഗുരുതരമായ ഭീഷണി നേരിടുന്നു. രാസപരവും ജൈവപരവുമായ പ്രവർത്തനങ്ങളിലൂടെ (Chemical & Biochemical) രൂപപ്പെട്ടതാണ് നമ്മുടെ വായു മണ്ഡലം. ജീവൻ നിലനില്ക്കുവാൻ അത്യന്താപേക്ഷിതമാണ് ഭൂമിയുടെ ജലമണ്ഡലം (Hydrosphere). ഈ രണ്ടു മണ്ഡലങ്ങളും ഗുരുതരമായ പ്രതിസന്ധി നേരിടുന്നു. ഭൂമിയുടെ ഉള്ളറ എന്നു പറയാവുന്ന ലിത്തോസ് ഫിയർ നിലനിർത്തേണ്ടതും അത്യാവശ്യമാണ്. പലവിധത്തിലുള്ള ആവാസ വ്യവസ്ഥകളിലെ ജീവന്റെ തുടിപ്പു നിലനിർത്തുന്ന ജൈവ മണ്ഡലം ഇന്ന് മനുഷ്യന്റെ ഇടപെടൽ മൂലം ഭീഷണി നേരിടുകയാണ്.

അവഗാഹമായ ശാസ്ത്ര വിജ്ഞാനത്തിന്റെയും ശക്തമായ ധാർമ്മിക പ്രിഷേധത്തിന്റെയും പ്രതലത്തിൽ നിന്നുകൊണ്ട് ഫ്രാൻസിസ് മാർപാപ്പ് കാലാവസ്ഥവ്യതിയാനത്തെപ്പറ്റി നടത്തുന്ന നിരീക്ഷണം സമകാലീന ചരിത്രത്തിലെ ഏറ്റവും ശക്തമായ പരിസ്ഥിതി അപഗ്രഥനമാണ്. ‘ആഗോളത്താപനം, മനുഷ്യപ്രവർത്തനത്തിന്റെ ഫലമായി പുറത്തുവിടുന്ന ഹരിതഗൃഹവാതകങ്ങളുടെ (കാർബൺ ഡൈഓക്സൈഡ്, മീഥൈൻ, നൈട്രജൻ ഓക്സൈഡ്, ക്ലോറോ ഫ്ളൂറോ കാർബൺ, ഓസോൺ തുടങ്ങിയവ) വലിയ സാന്ദ്രതമൂലമാണെന്ന് നിരവധി ശാസ്ത്രീയ പഠനങ്ങൾ കാണിക്കുന്നു. അന്തരീക്ഷത്തിൽ കെട്ടിനില്ക്കുന്ന ഈ വാതകങ്ങൾ ബഹിരാകാശത്തിൽ ചിതറിപ്പോകാത്തക്കവിധം സൂര്യരശ്മികളുടെ ചൂട് ഭൂമിയിൽ നിന്ന് പ്രതിഫലിക്കപ്പെടുന്നതിനെ തടയുന്നു. ലോകവ്യാപകമായ ഊർജ്ജസംവിധാനത്തിന്റെ ഹൃദയമായിരിക്കുന്ന അശ്മക ഇന്ധനങ്ങളുടെ (Fossil Fuels) തീവ്ര ഉപയോഗത്തെ അടിസ്ഥാനമാക്കിയ വികസനമാതൃക ഈ പ്രശ്നത്തെ രൂക്ഷമാക്കുന്നുണ്ട്. മണ്ണിന്റെ ഉപയോഗങ്ങളിൽ വന്ന മാറ്റങ്ങളുടെ വർദ്ധന, മുഖ്യമായി കാർഷികാവശ്യങ്ങൾക്കു വേണ്ടിയുള്ള വനനശീകരണം എന്നിവയാണ് നിർണ്ണായകമായ മറ്റ് ഘടകങ്ങൾ”.

കാർബൺ ചക്ര ഗതിക്കുമേൽ ആഗോളതാപനം വരുത്താവിന്ന പ്രത്യാഘാതങ്ങളെപ്പറ്റി ലോകജനതയെ മാർപാപ്പാ ഓർമ്മിപ്പിക്കുന്നു. കുടിവെള്ളം, ഊർജ്ജം, കാർഷികോൽ

പാദനം എന്നിലയെ സാരമായി ബാധിക്കുന്ന ജൈവ വൈവിധ്യത്തെഹനിക്കുന്ന, ധ്രുവ ഹിമമുടികളിലെ മഞ്ഞുരുകൽ മൂലം പ്രവഹൃഹിക്കുന്ന മീഥെെൻ വാതകം എന്നിവ മനുഷ്യജീവിതത്തെ സാരമായി ബാധിക്കുമെന്നും ഉഷ്ണമേഖലാ വനങ്ങളുടെ നാശവും കാർബൺ ഡൈഓക്സൈഡ് മലിനീകരണം മൂലം സമുദ്രഹ്ങളുടെ അമ്ലീകരണം വർദ്ധിക്കുമെന്നും സാമുദ്രിക ഭക്ഷണ ശൃംഖലയ്ക്കുണ്ടാകുന്ന ക്ഷതവും പരിഗണിക്കപ്പെടേണ്ട വസ്തുതകളാണെന്ന് മാർപാപ്പ പഠിപ്പിക്കുന്നു. സമുദ്ര നിരപ്പ് ഉയരുന്നത് അതീവ ഗുരുതരമായ ഒരു സ്ഥിതി വിശേഷണമാണ്. ഏറെ പ്രത്യേകിച്ച് ലോകജനസംഖ്യയുടെ നാലിലൊന്ന് സമുദ്രതീരത്തിനടുത്ത് വസിക്കുന്നുവെന്നതും ആശങ്കയുണർത്തുന്നുവെന്ന് മാർപാപ്പ ലോകത്തെ ഓർമ്മിപ്പിക്കുന്നു.

സമുദ്ര നിരപ്പ് ഉയരുന്നതു കേരള തീരപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം വിനാശകരമായ ഒരു സാഹചര്യം സൃഷ്ടിക്കും. കേരളത്തിന്റെ 40 ശതമാനം ജനങ്ങൾ തീരപ്രദേശത്തു വസിക്കുന്നു എന്നതു തന്നെയാണ് ആശങ്ക ഉണർത്തുന്നത്. തീരദേശങ്ങളെ കടൽ ആക്രമിക്കുകയും മത്സ്യത്തൊഴിലാളികളുടെ ആവാസകേന്ദ്രങ്ങൾ അപ്രത്യക്ഷമാവുകയും ചെയ്യുമ്പോൾ നമുക്ക് നഷ്ടപ്പെടുക പ്രാചീന സംസ്കാരങ്ങൾ മാത്രമല്ല ശുഭകരമായ കാലാവസ്ഥാക്രമം കൂടിയായിരിക്കും. സമുദ്രനിരപ്പിന് താഴെയുള്ള പ്രദേശങ്ങളിലേക്ക് കടൽവെള്ളത്തിന്റെ തള്ളിക്കയറ്റം മൂലം ശുദ്ധ ജലസ്രോതസ്സുകൾ മലിനമാകുമെന്നും ജലജന്യരോഗങ്ങളും പകർച്ചവ്യാധികളും വ്യാപകമാകുമെന്നുമാണ് ശാസ്ത്രജ്ഞന്മാരുടെ പ്രവചനം.

ഫ്രാൻസിസ് മാർപാപ്പ അനാവരണം ചെയ്യുന്ന രണ്ടാമത്തെ പാരിസ്ഥിതിക പ്രതിസന്ധി മലിനീകരണമാണ്. നമ്മുടെ ഭൂമി ബൃഹത്ത് മാലിന്യക്കൂമ്പാരമായി മാറിയിരിക്കുന്നു എന്നാണ് ഫ്രാൻസിസ് പാപ്പ പറയുന്നത്. നൂറുകണക്കിനു കോടി ടൺ മാലിന്യമാണ് നമ്മുടെ വീടുകളിൽ നിന്നും വീണ്ജ്യ സ്ഥാപനങ്ങളിൽ നിന്നും വ്യവസായിക സ്രോതസ്സുകളിൽ നിന്നും ആശുപത്രികളിൽ നിന്നും ഇലക്ട്രോണിക് മേഖലകളിൽ നിന്നും ഉൽപാദിപ്പിക്കപ്പെടുന്നത്. ഇവയിൽ ഭൂരിഭാഗവും സ്വാഭാവികമായി അഴുകിപ്പോകാത്തതാണ്. പലപ്പോഴും ഇവയുടെ സാമീപ്യം മനുഷ്യർക്ക് രോഗകാരണമാകുന്നു. മാരകമായ റേഡിയോ വികിരണവും ഗുരഗതരമായ വിഷയമാണ്.

മനുഷ്യർക്കു ഭക്ഷണം നല്കുന്ന കാർഷികമേഖലയിലെ മലിനീകരണം മനുഷ്യരെയും പ്രകൃതിയെയും രോഗാവസ്ഥയിലാക്കുന്നു. രാസവസ്തുകളും കീടനാശിനികളും ഭൂമിയുടെ പ്രത്യുല്പാദന ശേഷിയെ ബാധിക്കുന്നു. വ്യാവസായിക മാലിന്യം നമ്മുടെ ജലസ്രോതസ്സുകളുടെ ശുദ്ധി നശിപ്പിക്കുന്നു.

ഒരു സാമൂഹ്യ പ്രശ്നമായി മാറിയിരിക്കുന്ന മലിനീകരണത്തെ വലിച്ചെറിയൽ സംസ്ക്കാരത്തോടാണ് മാർപാപ്പ ബന്ധപ്പെടുത്തുന്നത്. പുനർചംക്രമണം ഒഴിവാക്കുന്ന വലിച്ചെറിയൽ സംസ്ക്കാരം സ്വാഭാവിക പരിസ്ഥിതി വ്യവസ്ഥകളെ തകിടം മറിക്കുന്നു എന്നതാണ് സത്യം. "പുനരുപയോഗക്ഷമമല്ലാത്ത വിഭവങ്ങളുടെ ഉപയോഗം കഴിയുന്നിടത്തോളം പരിമിതപ്പെടുതിയും അവയുടെ ഉപഭോഗം സമീകരിച്ചും അവയുടെ കാര്യക്ഷമമായ ഉപയോഗം പരമാവധി കുറച്ച് അവ പുനരുപയോഗിക്കുകയും പുനർചംക്രമണം നടത്തുകയും ചെയ്തു കൊണ്ട് ഇന്നത്തെയും വരുംകാലത്തെയും തലമുറകൾക്കു വേണ്ടി വിഭവങ്ങൾ സംരക്ഷിക്കാൻ പര്യാപ്തമായ ഉൽപാദനത്തിന്റെ ഒരു ചാക്രിക മാതൃക സ്വീകരിക്കുവാൻ നമുക്കിനിയും സാധിച്ചിട്ടില്ല." വലിച്ചെറിയലല്ല പുനർചംക്രമണമാണ് ഇന്ന് ആഗോളവ്യാപകമായി അംഗീകരിക്കപ്പെട്ട മാലിന്യ നിയന്ത്രണ നയം എന്ന് ഫ്രാൻസിസ് മാർപാപ്പ പറയുമ്പോൾ അത് കാലഘട്ടത്തിന്റെസ്വരമായി മാറുന്നു. ഫ്രാൻസിസ് മാർപാപ്പയുടെ മലിനീകരണത്തെപ്പറ്റിയുള്ള നിരീക്ഷണങ്ങളും ചിന്തകളും വളരെ ഗൗരവമായിട്ടാണ് ലോകരാഷ്ട്രങ്ങൾ സ്വീകരിച്ചിരിക്കുന്നതത്.

ഫ്രാൻസിസ് മാർപാപ്പ മാനവസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന മൂന്നാമത്തെ പാരിസ്ഥിതിക പ്രതിസന്ധി "ജലപ്രശ്ന"മാണ്. പ്ലാച്ചിമടയിലെ ഭൂഗർഭ ജലസ്രേതസ്സുകൾ പ്രതിസന്ധി നേരിടുന്നതു കൊണ്ടാണ് അവിടത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനം പ്രതികൂല കോടതിവിധികളെ മറികടന്ന് കൊക്കൊകോളാ കമ്പനി അടച്ചുപൂട്ടിയത്.

"ഇരുപതാം നൂറ്റാണ്ടിലെ യുദ്ധങ്ങൾ എണ്ണയ്ക്കുവേണ്ടിയുള്ളതായിരുന്നു എങ്കിൽ ഇരുപത്തിഒന്നാം നൂറ്റാണ്ടിലെ യുദ്ധങ്ങൾ ജലത്തിനുവേണ്ടിയുള്ളതാവും," എന്നു പറഞ്ഞത് സെരാ ജെൽഡിൻ (ലോകബാങ്ക് വൈസ് പ്രസിഡന്റ്) ആയിരുന്നു. സുരക്ഷിതമായ കുടിവെള്ളത്തിനുള്ള അഭിഗമൃത അടിസ്ഥാനപരവും സാർവ്വത്രികവുമായ ഒരു മനുഷ്യാവകാശമാണെന്ന് ഐക്യ രാഷ്ട്രസഭയ്ക്ക് പ്രഖ്യപിക്കേണ്ടി വന്നതിന്റെ പശ്ചാത്തലം പരിശോധിക്കേണ്ടതാണ്.

ജലലഭ്യതയുടെ കുറവു മാത്രമല്ല ജലസ്രോതസ്സുകളുടെ മലിനീകരണവും ആശങ്ക ഉണർത്തുന്നു. നമ്മുടെ നദികൾ ഇന്ന് മാലിന്യനിക്ഷേപ കേന്ദ്രമായി മാറിയിരിക്കുന്നു. പല നദികളിലെയും കോളിഫോം ബാക്ടീരിയായുടെ അളവ് അനുവദനീയമായ പരിധിയേക്കാൾ അറുപതിരട്ടിയാണ്. ജലത്തിന്റെ അമ്ലാംശം കൂടുന്നതും നൈട്രജന്റെയും ക്ലോറൈഡിന്റെയും സാന്നിദ്ധ്യം വർദ്ധിക്കുന്നതും ഇരുമ്പും ഈയവും തുടങ്ങിയ ഖര ലോഹങ്ങൾ ജലത്തിൽ വ്യാപകമായി ഉള്ളതുകൊണ്ടും സുരക്ഷിതമല്ല നമ്മുടെ ജലസ്രോതസ്സുകൾ. തന്മൂലം ജലജന്യ രോഗങ്ങൾ വർദ്ധിച്ചിരിക്കുന്നു. ഇന്നു മനുഷ്യരെ ബാധിക്കുന്ന രോഗങ്ങളിൽ 50 ശതമാനം മലിനജലവുമായി ബന്ധപ്പെട്ടതാണ്. കുപ്പിവെള്ള വ്യവസായം ലാഭകരമായ ഒരു വ്യവസായമായിരിക്കുന്നു. ജലസ്രോതസ്സുകൾ സ്വകാര്യവൽക്കരിക്കപ്പെടുമ്പോൾ പ്രശ്നം കൂടുതൽ രൂക്ഷമാകും. ഇന്ത്യയിൽ 3000ൽപ്പരം കമ്പനികളാണ് ജലവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നത്.

ജലവും ജലസ്രോതസ്സുകളും പുണ്യമായി കരുതുന്ന ഒരു നാടാണ് നമ്മുടേത്. നദികളുടെ സംഗമസ്ഥാനവും സമുദ്രതീരവും നമുക്കു പുണ്യസ്ഥലവും പാപനാശസ്ഥാനവും ആണ്. കുളങ്ങളും തോടുകളും കൊണ്ട് സമൃദ്ധമായ ദേശമാണ് നമ്മുടേത്. ഈ തോടുകളും കുളങ്ങളും സംരക്ഷിക്കുവാനുള്ള വികസനപദ്ധതികളും ആത്മീയതയുമാണ് ഉരുത്തിരിയേണ്ടത്.

ജലലഭ്യതയെ ഒരു ധാർമ്മിക പ്രശ്നമായിട്ടാണ് ഫ്രാൻസിസ് മാർപാപ്പ കരുതുന്നത്. സമൃക്കായ ഒരു ജല സംസ്ക്കാരം രൂപപ്പെടുത്തുക ഒരു ദൈവിക



ദൗത്യമായിട്ടാണ് ഫ്രാൻസിസ് മാർപാപ്പ കാണുന്നത്.

ഫ്രാൻസിസ് മാർപാപ്പ ജലത്തെ ഒരു വില്പനച്ചരക്കാക്കി മാറ്റിയതിനെ അപലപിച്ചു കൊണ്ടു പറഞ്ഞതു ഇപ്രകാരം: "മനുഷ്യന്റെ നിലനില്പിന് അനുപേക്ഷണീയമായതിനാലും അതുവഴി മറ്റു മനുഷ്യാവകാശങ്ങളുടെ വിനിയോഗത്തിന് ഒരു ഉപാധിയായിരിക്കുന്നതിനാലും സുരക്ഷിതമായ കുടിവെള്ളത്തിനുള്ള അഭിഗമ്യത അടിസ്ഥാനപരവും സാർവ്വത്രികവുമായ ഒരു മനുഷ്യാവകാശമാണ്'ണ.

ഫ്രാൻസിസ് മാർപാപ്പ നമ്മുടെ ശ്രദ്ധയിൽ കൊണ്ടു വരുന്ന നാലാമത്തെ പാരിസ്ഥിതിക പ്രതിസന്ധി ജൈവ വൈവിധ്യത്തിന്റെ നഷ്ടമാണ്. വംശനാശം സംഭവിക്കുന്ന സസ്യ ജന്തു വർഗ്ഗങ്ങൾ ദൈവത്തോടു നീതിക്കായി നിലവിളിക്കുന്നു എന്നാണ് ഫ്രാൻസിസ് മാർപാപ്പ പറയുന്നത്.ഭൂമിയിലെ വിഭവങ്ങൾ കൊള്ളയടിക്കപ്പെടുകയാണ് എന്നാണ് മാർപാപ്പ വിലപ്പിക്കുന്നത്. മനുഷ്യരുടെയും സസ്യലോകത്തിന്റെയും ജന്തുലോകത്തിന്റെയും പക്ഷികളുടെയും അതിജീവനത്തിനു സഹായകരമായ വിവിധ ഇനം ജീവികളുടെയും മീനുകളുടെയും വിനാശം ആശങ്ക ഉണർത്തുന്നു. "സസ്തനികൾ, സമുദ്രതൃണം, കുമിൾ, പൂമ്പാറ്റകൾ, പുഴുക്കൾ, ചെറുപ്രാണികൾ, ഉരഗങ്ങൾ, സൂക്ഷ്മജീവികൾ എന്നിവയെല്ലാം പാരിസ്ഥിതിക വ്യവസ്ഥകളുടെ നിലനില്പിന് ആവശ്യമാണ്..... കൃത്രിമ കളനാശിനി കൾ മൂലം അപ്രത്യക്ഷമാകുന്ന അനേകം പക്ഷികളും ചെറുപ്രാണികളും കൃഷിക്ക് സഹായകരമാണ്; അവയുടെ അന്തർധാനത്തെ, കൂടുതൽ ദോഷകരമായി തീരാവുന്ന മറ്റു സങ്കേതങ്ങൾകൊണ്ട് പകരം വയ്ക്കേണ്ടിവരുന്നു." വളരെ ഗൗരവമായ ഒരു പ്രകൃതി ദുരന്തത്തിലേക്കാണ് ഫ്രാൻസിസ് മാർപാപ്പ വിരൽ ചൂണ്ടുന്നത്.

കന്യാവനങ്ങളുടെ സ്ഥാനത്തു ഏകവിളത്തോട്ടങ്ങളും നാണ്യവിള പ്ലാന്റേഷനുകളും വർദ്ധിക്കുന്നതുമൂലം ഉണ്ടാകുന്ന വംശനാശം വലുതാണ്. ലോകത്തെമ്പാടുമുള്ള തണ്ണീർത്തടങ്ങളുടെ എണ്ണവും വിസ്തൃതിയും കുറയുന്നതുകൊണ്ടാണ് അവയിൽ ചിലതിനെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയത്. 1971ൽ ഇറാനിലെ റാംസർ നഗരത്തിൽ കൂടിയ ഉച്ചകോടി നമ്മുടെ ഭൂമിയിലെ സമുദ്രനിരപ്പിനു താഴെയുള്ള 2231 ജലസ്രോതസ്സുകൾ പരിരക്ഷിക്കേണ്ട ഉത്തരവാദിത്വം വോകരാഷ്ട്ര സമുച്ചയത്തിന്റേതാണ് എന്ന തീർപ്പിൽ എത്തിച്ചേർന്നു. ഇന്ത്യയിലെ 26 തണ്ണീർത്തടങ്ങളാണ് ഇപ്രകാരം പരിരക്ഷിക്കപ്പെടേണ്ട പൈതൃകസ്ഥലങ്ങളായി തെരഞ്ഞെടുക്കപ്പെട്ടത്. 'Ramsar Sites' പട്ടികയിൽ ഉൾപ്പെട്ട ഭൂനിരപ്പിന് താഴെയുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുവാനുള്ള ബാധ്യത ലോക രാഷ്ട്ര സമുച്ചയം ഏറ്റെടുത്തിരിക്കുകയാണ്. ഈ പട്ടികയിൽ ഉൾപ്പെട്ടതാണ് നമ്മുടെ വേമ്പനാട്ട് കായൽ, അഷ്ടമുടിക്കായൽ, ശാസ്താംകോട്ടത്തടാകം എന്നിവ.

നമ്മുടെ കാർഷികമേഖല പോലെത്തന്നെ മത്സ്യ മേഖലയും രൂക്ഷമായ പ്രതിസന്ധി നേരിടുന്നു. അനിയന്ത്രിതമായ മത്സ്യബന്ധനംമൂലം കടലിലും കായലിലും നദിയിലും മത്സ്യങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥകളുടെ വിനാശവും മത്സ്യസമ്പത്തിന്റെ ശോഷണവും സംഭവിക്കുന്നു,. മത്സ്യം, ഞണ്ട്, നത്തക്കക്കാ, കടൽപ്പന്നി എന്നിവ ഉൽപ്പെടെ പത്തുലക്ഷത്തോളം ജീവവർഗ്ഗങ്ങളെ സംരക്ഷിക്കുന്ന ജലസ്രോതസ്സുകൾ തരിശ്ശായിക്കൊണ്ടിരിക്കുന്നു. "ശേഖരിക്കുന്നതിൽ ഏറിയ പങ്കും ഉപേക്ഷിച്ചു കളയുന്ന വരണാത്മക മത്സ്യബന്ധനരീതികൾ നിയന്ത്രണമില്ലാതെ തുടരുകയാണ്." ഫിലിപ്പൈൻസിലെ മെത്രാന്മാർ ചോദിച്ച ചോദ്യം പ്രസക്തിയുള്ളതാണ്. 'കടലുകളുടെ വിസ്മയ ലോകത്തെ ആരാണ് നിറവും ജീനൃവനുമില്ലാത്ത ഭൂഗർഘ ശ്മശാനങ്ങളാക്കി മാറ്റിയത്?"

ഒറ്റവൈക്കോൽ കൃഷിയുടെ കാരണരായ ഫുക്കുവോക്കയുടെ സ്വപ്നം നമുക്ക് സ്വന്തമാക്കാം. ''എന്റെ ആദ്യന്തിക സ്വപ്നം മരുഭൂമിയിൽ വിത്തു വിതയ്ക്കുക എന്നതാണ്. മരുഭൂമിയെ വീണ്ടും ശാദ്വലമാക്കുക എന്നുവച്ചാൽ ജനഹൃദയങ്ങളിൽ വിത്തു വിതയ്ക്കുക എന്നതാണ്. അതായത് ഭൂമിയെ സമാധാനനിർഭരവും ഹരിതാഭവുമായ ഇടമായി മാറ്റുക".

## ഉപകാരസ്മരണ



ഒരു വിശ്വാസി



സംവാദം

# കാലാവസ്ഥ വ്യതിയാനവും ദുരന്ത സാധ്യതകളും – കേരളത്തിൽ




**ഫഹദ് മർസൂക്ക്**
അനലിസ്റ്റ്,
സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി


മുൻപേ കണക്ക് കൂട്ടിയിരുന്നതിലും വേഗതയിലും മോശമായ അവസ്ഥയിലുമാണ് കാലാവസ്ഥ വ്യതിയാനത്തിന്റെ അനന്തരഫലങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്നത്. 2050 ആകുമ്പോഴേക്കും കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായി സമുദ്ര നിരപ്പുയരുന്നത് മൂലം ഇപ്പോൾ 30 കോടി മനുഷ്യർ ജീവിക്കുന്ന പ്രദേശങ്ങളിൽ രൂക്ഷമായ വെള്ളപ്പൊക്കങ്ങളും കടലാക്രമണവുമുണ്ടാകും. 2100 ആകുമ്പോഴേക്കും നിലവിൽ 20 കോടി മനുഷ്യർ താമസിക്കുന്ന പ്രദേശം പൂർണമായും വേലിയേറ്റ മേഖലയായി മാറി സ്ഥിരമായി വാസയോഗ്യമല്ലാതാകും. മുൻകാലങ്ങളിൽ കണക്ക് കൂട്ടിയിരുന്നതിലും മൂന്നിരട്ടിയാണിത്. അമേരിക്കയിലെ ഒരു ഗവേഷകസംഘം 2019 ഒക്ടോബറിൽ പുറത്ത് വിട്ട അവരുടെ പഠനറിപ്പോർട്ടിലെ പരാമർശങ്ങളാണിവ. വലിയ കടലോരമുള്ള ഇന്ത്യയുടെ സ്ഥിതിയും വ്യത്യസ്തമല്ല. നിലവിൽ തന്നെ ഇന്ത്യയിൽ വേലിയേറ്റപരിധിയിൽ താമസിക്കുന്നവരുടെ എണ്ണം ഏകദേശം 60 ലക്ഷമാണ്. ഇത് 2100 ആകുമ്പോഴേക്കും 3.8 കോടിയായി ഉയരുമെന്നാണ് പഠനം മുന്നറിയിപ്പ് നൽകുന്നത്.

ഇന്ത്യയിലെ ബോംബെ ഉൾപ്പെടെയുള്ള വൻ നഗരങ്ങളുൾപ്പെടെ വലിയ പ്രതിസന്ധി നേരിടുമ്പോൾ നമ്മുടെ കേരളത്തിലെയും താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലാവാനുള്ള സാധ്യത വിലയിരുത്തപ്പെട്ടിരിക്കുന്നു. കാലാവസ്ഥ വ്യതിയാനമെന്നത് അന്താരാഷ്ട്ര ഉച്ചകോടികളിലെ ചൂടേറിയ സംവാദ വിഷയത്തിൽ നിന്ന് ഇറങ്ങി വന്ന് നമ്മുടെ ജീവിതത്തിൽ നേരിട്ടിടപെടാൻ തുടങ്ങിയിരിക്കുന്നു. തലമുറകളുടെ പ്രവർത്തനഫലമായുണ്ടായ ഒരു ആഗോള പ്രശ്നത്തിന്റെ ഹതഭാഗ്യരായ ഇരകളായി നമ്മൾ മാറിയെന്നതാണ് വസ്തുത. അടുത്ത തലമുറയുടെ ഭേദപ്പെട്ട ഭാവി സാധ്യമാക്കുവാൻ ഒട്ടും വൈകാതെയുള്ള നമ്മുടെ ഇടപെടൽ കാലം ആവശ്യപ്പെടുന്നു.

### എന്താണ് കാലാവസ്ഥ വ്യതിയാനം?

മനുഷ്യന്റെ ഇടപെടലിന്റെ ഭാഗമായി വ്യാവസായിക വിപ്ലവാനന്തരം സമൂഹത്തിന്റെ വിവിധ മേഖലകളിലുണ്ടായ 'വികസന' ഫലമായി അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡ് ഉൾപ്പെടെയുള്ള ഹരിതഗൃഹ വാതകങ്ങളുടെ അളവ് ക്രമാതീതമായി വർധിക്കുന്ന സ്ഥിതിയുണ്ടായി. ഹരിതഗൃഹ വാതകങ്ങൾക്ക് പൊതുവെ ചൂടിനെ ആഗിരണം ചെയ്യാനുള്ള കഴിവ് കൂടുതലാണ്. ഇത്തരത്തിൽ ക്രമാതീതമായി വർധിക്കുന്ന ഹരിതഗൃഹ വാതകങ്ങൾ, വിശേഷിച്ച് കാർബൺ ഡൈ ഓക്സൈഡ് ശരാശരി ആഗോള അന്തരീക്ഷ താപനില വർധിപ്പിക്കുന്നു. ഈ പ്രതിഭാസത്തെയാണ് ആഗോള താപനം എന്ന് വിളിക്കുന്നത്. ആഗോള താപനം കാരണം വിവിധങ്ങളായ മാറ്റങ്ങളാണ് പല പ്രദേശങ്ങളിലെയും

സ്വാഭാവിക കാലാവസ്ഥയിൽ ദൃശ്യമാകുന്നത്. ആർട്ടിക്കിലേതുൾപ്പെടെയുള്ള മഞ്ഞുരുകുന്ന സാഹചര്യമുണ്ടാകുന്നു. മഞ്ഞുരുകി കടലിലെത്തുന്ന വെള്ളം സമുദ്രജലനിരപ്പ് ഉയരാൻ കാരണമാകുന്നു. പലയിടങ്ങളിലും രൂക്ഷമായ കടലാക്രമണവും കരകടലെടുക്കുന്ന സാഹചര്യവുമുണ്ടാകുന്നു. ദിനാന്തരീക്ഷാവസ്ഥ (WEATHER) പലപ്പോഴും അതിതീവ്ര സ്വഭാവം കൈവരിക്കുന്നു. മനുഷ്യ ഇടപെടൽ മൂലം കാലാവസ്ഥ പ്രതിഭാസങ്ങളിൽ വരുന്ന സൂക്ഷ്മവും സമൂലവുമായ മാറ്റങ്ങളെയാകെ വിളിക്കുന്ന പേരാണ് കാലാവസ്ഥ വ്യതിയാനം അഥവാ ക്ലൈമറ്റ് ചേഞ്ച്.

ഭൂമിയിലെ ശരാശരി അന്തരീക്ഷ താപനില കഴിഞ്ഞ നൂറ്റാണ്ടിൽ 0.9 ഡിഗ്രി സെൽഷ്യസ് ഉയർന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ തന്നെ വലിയ തീവ്രമായ ചൂട് അനുഭവപ്പെട്ടത് കഴിഞ്ഞ 35 വർഷത്തിലാണ്. 2016 ചരിത്രത്തിലെ ഏറ്റവും ചൂട് കൂടിയ വർഷമായിരുന്നു. ആഗോള താപനത്തിന്റെയൊരു പ്രധാന അനന്തരഫലമായി കണക്കാക്കപ്പെടുന്നത് ക്രമേണയുള്ള സമുദ്രനിരപ്പുയരലാണ്. താപനിലയിലുണ്ടാകുന്ന വർദ്ധനവ് ഗ്രീൻലാൻഡിലെയും ഉഷ്ണമേഖലാ പർവതനിരകളിലെയും അന്റാർട്ടിക്കയിലേയുംമഞ്ഞുരുകുന്ന (Glaciers) സാഹചര്യമാണുണ്ടാകുന്നത്. അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസയുടെ 1993 മുതൽ 2016 വരെയുള്ള പഠനം വ്യക്തമാക്കുന്നത് ഗ്രീൻലാൻഡിൽ മാത്രം പ്രതിവർഷം 286 ബില്യൺ ടൺ ഐസ് ഉരുകിപ്പോയിട്ടുണ്ട്. അന്റാർട്ടിക്കയിലിത് പ്രതിവർഷം ശരാശരി 127 ബില്യൺ ടൺ ആണ്. കഴിഞ്ഞ പത്ത് വർഷം കണക്കാക്കിയാൽ ഐസ് ഉരുകുന്നത് മൂന്നിരട്ടി വേഗതയിലാണെന്നും പഠനം പറയുന്നു. കഴിഞ്ഞ ഒരു നൂറ്റാണ്ട് കാലം കൊണ്ട് ശരാശരി സമുദ്രനിരപ്പ് 20 സെന്റീമീറ്ററിന് മുകളിലാണ് ഉയർന്നത്. കഴിഞ്ഞ 20 വർഷമാകട്ടെ അതിന് മുന്നേയുള്ള ഒരു നൂറ്റാണ്ട് കാലം കൊണ്ടുണ്ടായ സമുദ്രനിരപ്പ് ഉയരലിന് തുല്യമായ രീതിയിലാണ്. നിരവധി താഴ്ന്ന പ്രദേശങ്ങൾ ഇതിനോടകം തന്നെ വേലിയേറ്റ പരിധിയിലാവുകയും കടലെടുക്കുകയും ചെയ്ത് തുടങ്ങിയിട്ടുണ്ട്.

അന്തരീക്ഷ താപനില ഉയരുന്നത് മൂലം സമുദ്രജലത്തിന്റെ ഊഷ്മാവും ക്രമാനുഗതമായി വർധിക്കും. കഴിഞ്ഞ 50 വർഷം കൊണ്ട് 700 മീറ്റർ വരെ ആഴത്തിലുള്ള സമുദ്രജലത്തിന്റെ ഊഷ്മാവ് ശരാശരി 0.5 ഡിഗ്രി വരെ വർധിച്ചതായി പഠനങ്ങൾ പറയുന്നു. സമുദ്രോപരിതലത്തിന്റെ ഊഷ്മാവ് വർധിക്കുന്നത് കൂടുതൽ ചുഴലിക്കാറ്റുകൾ രൂപംകൊള്ളാനും രൂപം കൊള്ളുന്ന ചുഴലിക്കാറ്റുകളുടെ തീവ്രത വർധിക്കാനുമിടയാക്കും. വ്യാവസായിക വിപ്ലവാനന്തരം സമുദ്രജലത്തിന്റെ അസിഡിറ്റി 30% വർധിച്ചിട്ടുണ്ട്. അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡ് വർധിച്ചത് മൂലം സമുദ്രത്തിന് കൂടുതൽ കാർബൺ ഡൈ ഓക്സൈഡിനെ ആഗിരണം ചെയ്യേണ്ടി വന്നതാണ് അസിഡിറ്റി വർധിപ്പിക്കാൻ കാരണമായത്. സമുദ്രത്തിലെ ആവാസ വ്യവസ്ഥയെ പോലും ബാധിക്കുന്ന അവസ്ഥയാണിത് മൂലമുണ്ടായിരിക്കുന്നത്.

### കേരളവും കാലാവസ്ഥ വ്യതിയാനവും തമ്മിലെന്ത് ബന്ധം?

കാലാവസ്ഥ വ്യതിയാനത്തിന് കാരണമായ കാർബൺ ഡൈ ഓക്സൈഡ് എമിഷനിൽ താരതമ്യത്തിൽ ചെറുതെങ്കിലും നമുക്കും പങ്കുണ്ട്. എന്നാൽ അതിനേക്കാൾ പ്രധാനം കേരളം കാലാവസ്ഥ വ്യതിയാനത്തിന്റെ തിക്തഫലങ്ങൾ സാരമായി അനുഭവിച്ച് തുടങ്ങിയ പ്രദേശം കൂടിയാണെന്നതാണ്. അതിതീവ്ര സ്വഭാവത്തിലുള്ള ദിനാന്തരീക്ഷവസ്ഥകൾ (Extreme Weather Events) സംഭവിക്കുവാനുള്ള സാധ്യത വർധിപ്പിക്കലും ഇത്തരം പ്രതിഭാസങ്ങളുടെ ആവർത്തനം വർധിപ്പിക്കലും കാലാവസ്ഥ വ്യതിയാനത്തിന്റെ സ്വഭാവത്തിൽ പെടുത്തതാവുന്നതാണ്. കേരളത്തിലെ സ്വാഭാവിക മഴക്കാലങ്ങളായ ഇടവപ്പാതിയിലേയും തുലാവർഷത്തിലെയും മഴയുടെ വിന്യാസത്തിലും സ്വഭാവത്തിലും പ്രകടമായ മാറ്റങ്ങൾ ഇന്ന് ദൃശ്യമാണ്. 2018-ലും 2019-ലും ഓഗസ്റ്റ് മാസത്തിൽ ലഭിക്കേണ്ട സാധാരണ മഴയെക്കാൾ ഒരുപാടിരട്ടി മഴയാണ് ലഭിക്കുന്ന സാഹചര്യമാണുണ്ടായത്. കുറഞ്ഞ സമയം കൊണ്ട് കൂടുതൽ മഴ ലഭിക്കുന്ന സ്ഥിതി ആവർത്തിക്കപ്പെടുന്നു. അത് മിന്നൽ പ്രളയത്തിലേക്കും ഉരുൾ പൊട്ടലുകളിലേക്കും നയിക്കുന്നു. കേരളത്തിലെ സാധാരണ സീസണുകളിലെ ദിനാന്തരീക്ഷ അവസ്ഥയിൽ ഇത്തരം മാറ്റങ്ങൾ പ്രകടമാകുന്നതിൽ കാലാവസ്ഥ വ്യതിയാനം വഹിക്കുന്ന പങ്ക് പഠനവിധേയമാക്കേണ്ടതാണ്.

കേരളത്തിലെ വേനൽക്കാലങ്ങൾ അസഹനീയമായ ചൂട് ഉല്പാദിപ്പിക്കുന്നവയായി മാറിയിരിക്കുന്നു. 2016 ൽ താപതരംഗം (ഒന്നിലധികം സ്റ്റേഷനുകളിൽ 40 ഡിഗ്രി സെൽഷ്യസിലധികം ഉയർന്ന താപനില രേഖപ്പെടുത്തുകയോ സാധാരണയിൽ നിന്ന് 5 ഡിഗ്രിയിലധികം താപവ്യതിയാനമുണ്ടാവുകയോ ചെയ്യുന്ന അവസ്ഥ) റിപ്പോർട്ട് ചെയ്യപ്പെട്ടു. 2019-ൽ ഏകദേശം 1600 ആളുകളാണ് ചൂട് മൂലമുള്ള ചെറുതും വലുതുമായ ആരോഗ്യ പ്രശ്നങ്ങളുമായി കേരളത്തിലെ ആശുപത്രികളെ ആശ്രയിച്ചത് എന്നാണ് ആരോഗ്യവകുപ്പിന്റെ കണക്ക്. തീരസംസ്ഥാനമായ കേരളത്തിൽ ആർദ്രത കൂടുതലായിരിക്കും എന്നത് കൊണ്ട് തന്നെ താപനിലയിലെ ചെറിയ വർധനവ് പോലും താപസൂചിക (Heat Index) വലിയ രീതിയിൽ വർധിപ്പിക്കുകയും അസ്വസ്ഥതകൾ ഉണ്ടാക്കുകയും ചെയ്യും. ഇത്തരത്തിൽ അന്തരീക്ഷ താപനില വർധിക്കുന്നത് കാരണം കേരളത്തിന്റെ ജൈവവൈവിധ്യത്തിലും കാലാവസ്ഥയിലുമുണ്ടാക്കുന്ന മാറ്റങ്ങളെ സംബന്ധിച്ചുള്ള ആഴത്തിലുള്ള പഠനങ്ങൾ നടക്കേണ്ടതായുണ്ട്.

580 കിലോമീറ്ററാണ് കേരളത്തിന്റെ കടൽതീരം. സമുദ്രനിരപ്പിൽ നിന്ന് താഴ്ന്ന പ്രദേശങ്ങൾ ഉൾപ്പെടെയുള്ള ഭൂപ്രകൃതിയാണ് നമ്മുടേത്. സമുദ്രനിരപ്പ് ഉയരുന്നതുമായി ബന്ധപ്പെട്ട് കടലെടുത്ത് പോകുമെന്ന് പ്രവചിക്കപ്പെട്ടിരിക്കുന്ന പ്രദേശങ്ങളിൽ കേരളതീരവുമുണ്ട്. രൂക്ഷമായ കടലാക്രമണം ഇപ്പോൾ തന്നെ കേരളത്തിലെ തീരമേഖലയിൽ വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. ചൂട് കൂടിക്കൊണ്ടിരിക്കുന്ന അറബിക്കടൽ കൂടുതൽ ചുഴലിക്കാറ്റുകൾക്ക് രൂപം കൊടുക്കുന്ന സ്ഥിതിയുണ്ട്. ഉണ്ടാകുന്ന ചുഴലിക്കാറ്റുകളാവട്ടെ അതിതീവ്ര സ്വഭാത്തിലുള്ളതായി മാറുകയും ചെയ്യുന്നു. ഇത്തരം ചുഴലിക്കാറ്റുകൾ പ്രത്യക്ഷമായും



പരോക്ഷമായും നമ്മുടെ മൽസ്യത്തൊഴിലാളികളെയും തീരദേശ ജനതയെയും ഭീഷണിയിലാഴ്ത്തുന്നു. ചുരുക്കത്തിൽ കേരളത്തിൽ പ്രളയത്തിനും കടലാക്രമണത്തിനും കടൽകയറ്റത്തിനും ചുഴലിക്കാറ്റിനും മറ്റ് പ്രകൃതിക്ഷോഭങ്ങൾക്കുമെല്ലാം സാധ്യത ഭീതിജനകമായ രീതിയിൽ വർധിപ്പിക്കുന്നതിന് കാലാവസ്ഥ വ്യതിയാനം കാരണമാകുന്നുവെന്ന് പറയാം.

### കേരളമെങ്ങനെ പ്രതിരോധിക്കും?

കാലാവസ്ഥ വ്യതിയാനത്തിന്റെ കാലത്ത് ലോകത്തൊരിടവും പൂർണ്ണമായും സുരക്ഷിതമല്ല. പ്രകൃതിക്ഷോഭങ്ങളെ നമുക്ക് തടയനുമാകില്ല. സാധ്യമായത് പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുകയും കേരളത്തിലെ മനുഷ്യരുടെ ജീവനും സ്വത്തിനും പരമാവധി സംരക്ഷണമൊരുക്കലുമാണ്. കാലാവസ്ഥ വ്യതിയാനത്തെയും ദുരന്ത സാധ്യതകളെയും അതർഹിക്കുന്ന പ്രാധാന്യത്തോടെ സമസ്ത മേഖലകളിലും പ്രതിധ്വനിപ്പിക്കലാണ് അതിന്റെ ആദ്യപടി. കേരളത്തിലെ സർക്കാർ സംവിധാനങ്ങൾ അത്തരത്തിലുള്ള ചിന്താധാരയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. കേരള പുനർനിർമ്മാണ രൂപരേഖയിൽ കാലാവസ്ഥ വ്യതിയാനവും ദുരന്തനിവാരണവും വലിയ പ്രാധാന്യമാണ് നേടിയിരിക്കുന്നത്. അവസാനത്തെ മനുഷ്യനെയും ഉൾപ്പെടുത്തിക്കൊണ്ടും എല്ലാ മേഖലയിലേക്കും വ്യാപിപ്പിച്ചുകൊണ്ടും ഭാവിയെ ദീർഘ വീക്ഷണത്തോടെ കണ്ടുകൊണ്ടും മാത്രമേ കാലാവസ്ഥാ വ്യതിയാനമുയർത്തുന്ന ഭീഷണിയെ കേരളത്തിന് നേരിടാനാവൂ.

### ദുരന്ത നിവാരണ സംവിധാനങ്ങൾ സജ്ജമാണോ?

കാലാവസ്ഥ വ്യതിയാനം മൂലമുണ്ടായിക്കൊണ്ടിരിക്കുന്ന നമ്മുടെ ദിനാന്തരീക്ഷ അവസ്ഥകളെയും മറ്റ് മാറ്റങ്ങളെയും അതുണ്ടാക്കുന്ന ദുരന്തസാധ്യതകളെയും വളരെ സൂക്ഷമമായ പഠനത്തിന് വിധേയമാക്കുകയും അതിനനുസൃതമായി കാലേക്കൂട്ടിയുള്ള തയ്യാറെടുപ്പുകൾ നടത്തുകയുമാണ് ദുരന്ത നിവാരണ അതോറിറ്റി ചെയ്ത് വരുന്നത്. കടലാക്രമണവും കടൽകയറ്റവും സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുകയും ഇവ ആശങ്കയിലാഴ്ത്തുന്ന തീരദേശ വാസികൾക്കായി രാജ്യത്താദ്യമായി മാതൃകാപരമായ ഒരു പുനരധിവാസ പാക്കേജ് അവതരിപ്പിക്കുവാനും കേരളത്തിന് സാധിച്ചിട്ടുണ്ട്. അപകടകരമായ തീരങ്ങളിൽ താമസിക്കുന്നവർക്കും 50 മീറ്റർ വേലിയേറ്റ പരിധിയിലുള്ളവർക്കും സുരക്ഷിതമായ ഇടങ്ങളിൽ ഭൂമി വാങ്ങി വീട് നിർമിക്കുന്നതിന് വേണ്ടി 10 ലക്ഷം രൂപ വരെ സർക്കാർ ധനസഹായം നൽകും. ദീർഘകാലാടിസ്ഥാനത്തിൽ കടൽ കയറിവരുന്ന സാഹചര്യം കൂടി മുന്നിൽ കണ്ട് കൊണ്ടുള്ള പുനരധിവാസ പദ്ധതിയായിരിക്കും താൽക്കാലിക ആശ്വാസം മാത്രമാകുന്ന മറ്റ് പ്രതിരോധ മാർഗങ്ങളെക്കാൾ അഭികാമ്യം. കടൽഭിത്തി നിർമാണത്തിനായി കുറേക്കൂടി പ്രകൃതി സൗഹാർദ മാർഗങ്ങൾ സ്വീകരിക്കാനുള്ള നിലപാടിലാണ് സർക്കാർ. ഇത്തരത്തിലുള്ള പരീക്ഷണങ്ങൾ നടന്ന് വരുന്നു. വിജയിക്കുന്ന നല്ല മാതൃകകൾ പ്രദേശങ്ങളുടെ സ്വഭാവം കൂടി പരിഗണിച്ച് വ്യാപിപ്പിക്കുകയുമാവാം.

2017-ൽ അപൂർവമായ സവിശേഷതകൾ കൂടി ഉണ്ടായിരുന്ന ഓഖി ചുഴലിക്കാറ്റ് അറബിക്കടലിൽ അതിവേഗം ശക്തിപ്പെട്ട് കേരളത്തിന്റെ തീരത്തോട് ചേർന്നുള്ള അറബിക്കടലിലൂടെ കടന്ന് പോയപ്പോൾ മത്സ്യബന്ധനത്തിന് പോയിരുന്ന നമ്മുടെ മൽസ്യത്തൊഴിലാളികൾക്ക് വലിയ അപകടമുണ്ടായി. ഓഖി ദുരന്താനന്തരം കേരളത്തിലെ ചുഴലിക്കാറ്റ് പ്രതിരോധ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ കേരള സർക്കാർ തീരുമാനിക്കുകയും ശ്രമകരമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. ഓഖി ദുരന്തബാധിതരുടെ പുരധിവാസത്തോടൊപ്പം തന്നെ കേരളത്തിന്റെ ദുരന്ത നിവാരണ സംവിധാനങ്ങൾ ശക്തിപ്പെടുത്താനുമാണ് ഊന്നൽ നൽകിയത്. ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് ദുരന്ത ലഘൂകരണ-പ്രതിരോധ പ്രൊജക്റ്റ് (NCRMP) ഉപയോഗപ്പെടുത്തി കേരളത്തിൽ 18 സൈക്ലോൺ ഷെൽട്ടറുകൾ നിർമിച്ചു വരികയാണ്. ആദ്യത്തെ ഷെൽട്ടർ ആലപ്പുഴ ജില്ലയിലെ മാരാരിക്കുളത്ത് 2019 ഡിസംബർ മാസം ഉദ്ഘാടനത്തിനൊരുങ്ങുകയാണ്. ഒരു ദുരന്ത സാഹചര്യത്തിൽ ആയിരത്തോളം ആളുകൾക്ക് താമസിക്കാനുള്ള സൗകര്യത്തോട് കൂടിയാണ് ഷെൽട്ടർ ഒരുങ്ങുന്നത്. വലിയ ഹാളുകൾ, ശൗചാലയ സമുച്ചയങ്ങൾ, അടുക്കള, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക സൗകര്യങ്ങൾ തുടങ്ങിയവയടങ്ങിയതാണ് ഷെൽട്ടറുകൾ. ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിലുള്ള കെട്ടിടത്തിന്റെ പരിപാലന ചുമതല പഞ്ചായത്തുകൾക്കായിരിക്കും. NCRMPഉപയോഗപ്പെടുത്തിക്കൊണ്ട്


ഏറ്റവും സമഗ്രമായ മുന്നറിയിപ്പ് സംവിധാനമൊരുക്കി (Early Warning System) വരികയാണ്. മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലുമെല്ലാം കൃത്യസമയത്ത് മുന്നറിയിപ്പ് അതിവേഗം എത്തിക്കാനുള്ള സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കുന്നത്. ഇവ ഉപയോഗപ്പെടുത്താനുള്ളതും സുരക്ഷാ പരിശീലന പരിപാടികളും ഇതോടൊപ്പം തന്നെ നടക്കുന്നു.

കാലാവസ്ഥ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ അറബിക്കടലിൽ കൂടുതൽ ചുഴലിക്കാറ്റുകളും ന്യൂനമർദങ്ങളും രൂപപ്പെടാനുള്ള സാധ്യത കൂടുന്നുവെന്ന വിദഗ്ധരുടെ മുന്നറിയിപ്പിനെ കേരളം വളരെ ഗൗരവത്തോടെ തന്നെയാണ് കാണുന്നത്. മൽസ്യ തൊഴിലാളികൾക്ക് ആശയ വിനിമയ സൗകര്യങ്ങളൊരുക്കലാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കൃത്യമായ മുന്നറിയിപ്പ് മൽസ്യ തൊഴിലാളികളിൽ എത്തിക്കുന്നതിന് വേണ്ടി ISRO യുടെ സാങ്കേതിക സഹായത്തോടെ 'നാവിക്' ഉപകരണം വികസിപ്പിച്ചെടുത്തു. കരയിൽ നിന്ന് മുന്നറിയിപ്പ് ആഴക്കടലിൽ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മൽസ്യതൊഴിലാളികൾക്ക് ഉപഗ്രഹ സഹയാത്തോടെ എത്തിക്കാൻ ഈ ഉപകരണം വഴി സാധിക്കും. തിരിച്ച് മൽസ്യ തൊഴിലാളി ആഴക്കടലിൽ കാണുന്ന അപകടം കരയിൽ സുരക്ഷാ സേനയെ കൂടി അറിയിക്കാൻ ഉതകുന്ന രീതിയിൽ 'നാവിക്' പരിഷ്കരിക്കാൻ വേണ്ട ഗവേഷണം നടത്തി വരികയാണ്. കൃത്യമായതും ബോട്ടുകളുടെ വലിപ്പത്തിനും സ്വഭാവത്തിനുമനുസരിച്ച് കസ്റ്റമൈസ് ചെയ്തതുമായ കൂടുതൽ മെച്ചപ്പെട്ട മുന്നറിയിപ്പ് രീതികളിലേക്ക് മാറാനുള്ള പഠനങ്ങളും ഗവേഷണങ്ങളും ദേശീയ സമുദ്ര സ്ഥിതിപഠന കേന്ദ്രത്തിൽ നടക്കുന്നു. പ്രത്യേകമായ പരിശീലനത്തിന് പുറമെ ലൈഫ് ജാക്കെറ്റുകളും മൽസ്യ തൊഴിലാളികൾക്ക് ഉപഗ്രഹ ഫോണുകളും നൽകുന്ന പദ്ധതിയും ഫിഷെറീസ് വകുപ്പ് ആവിഷ്ക്കരിച്ചിട്ടുണ്ട്. കടലിൽ ഏകദേശം 150 നോട്ടിക്കൽ മൈൽ ദൂരം വരെയെങ്കിലും റേഡിയോ സിഗ്നലുകൾ ലഭ്യമാണ്. കേരളത്തിലെ മൽസ്യത്തൊഴിലാളികളിൽ പലരും ഇതുപയോഗിക്കുന്നവരുമാണ്.

കേരളത്തിലെ കലാവസ്ഥ പ്രവചനങ്ങൾ (Weather Forecast) കൂടുതൽ കൃത്യവും കാര്യക്ഷമവുമാക്കുന്നതിന് വേണ്ടിയുള്ള ഇടപെടലുകളും ദുരന്ത നിവാരണ അതോറിറ്റി നടത്തി വരുന്നു. ഇതിനുത്തരവാദിത്വപ്പെട്ട കേന്ദ്ര കാലാവസ്ഥ വകുപ്പിൽ ശക്തമായി സമ്മർദം ചെലുത്തുകയും ഫോർകാസ്റ്റിംഗ് മെച്ചപ്പെടുത്താൻ വേണ്ട സാങ്കേതിക സൗകര്യങ്ങളൊരുക്കാൻ സഹായിക്കുകയും ചെയ്യുന്നു. കേരളത്തിന്റെ നിരന്തരാവശ്യം പരിഗണിച്ച് റിയൽ ടൈം മോണിറ്ററിങ് കൂടി സാധ്യമാക്കുവാൻ പ്രപ്തിയുള്ള 100 ഓട്ടോമേറ്റഡ് വെതർ സ്റ്റേഷനുകൾ (AWS) കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിന് കേരളം അതിവേഗത്തിൽ കൃത്യമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലമേറ്റെടുത്ത് നൽകിക്കഴിഞ്ഞു. കേരളത്തിൽ നിലവിൽ പ്രവൃത്തിക്കുന്ന 2 റഡാറുകൾ മതിയാവില്ലെന്നും മലബാറിൽ കൂടി ഒരു റഡാർ സ്ഥാപിക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥാവകുപ്പ് കേരളത്തിൽ പ്രാദേശിക ചുഴലിക്കാറ്റ് മുന്നറിയിപ്പ് കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ഇതിന് പുറമെ മെച്ചപ്പെട്ട കേരളത്തിന്റെ പ്രാദേശിക സ്വഭാവങ്ങളും കൂടി കണക്കിലെടുത്ത് കേരളത്തിനായി പ്രത്യേകമായി കാലാവസ്ഥ മുന്നറിയിപ്പുകൾ കൃത്യതയോടെ ലഭ്യമാക്കാനുള്ള സംവിധാനാമൊരുക്കാനുള്ള ശ്രമവും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് കീഴിൽ അന്തർദേശീയ തലത്തിലുള്ള വിദഗ്ധരുടെ സഹായത്തോടെ ശ്രമങ്ങൾ നടക്കുന്നുണ്ട്.

ചൂട് മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ വർധിച്ചു വരുന്ന സഹചര്യത്തിൽ സമഗ്രമായ കേരളത്തിനായി ഒരു Heat Action Plan രൂപം നൽകി വരികയാണ്. നിലവിൽ നമ്മളിലേക്കെത്തുന്ന അപകടകാരിയായ അൾട്രാ വയലറ്റ് രശ്മികളെ അളക്കാൻ ഇവിടെ സംവിധാനങ്ങളില്ല. മികച്ച ഒരു മുന്നറിയിപ്പ് സംവിധാനം ഇവിടെയൊരുക്കാൻ കേരളത്തിലെ 14 ജില്ലകളിലും UV index സെൻസറുകൾ വെക്കാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. വെള്ളപ്പൊക്ക മുന്നൊരുക്ക സംവിധാങ്ങളും കേന്ദ്ര ജല കമ്മീഷന്റെ സഹകരണത്തോടെ മെച്ചപ്പെടുത്തുകയാണ്. വിവരങ്ങൾ ജനങ്ങളിലേക്കും ഉദ്യോഗസ്ഥരിലേക്കും കൃത്യമായി എത്തിക്കാൻ ലൊക്കേഷൻ ബേസ്ഡ് മെസ്സേജിങ് സിസ്റ്റത്തിന് പുറമെ ആൻഡ്രോയിഡ് ആപ്പ്ളിക്കേഷനും നിർമിച്ച് കൊണ്ട് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതകൾ ആളുകളിലേക്ക് മുന്നറിയിപ്പുകളും വിവരങ്ങളുമെത്തിക്കുവാനുള്ള ശ്രമത്തിലാണ് ദുരന്ത നിവാരണ അതോറിറ്റി.

ദുരന്ത സാദ്ധ്യതകൾ കൂടി പരിഗണിച്ച് കൊണ്ട് സംസ്ഥാനത്തെ ഭൂവിനിയോഗത്തിൽ ദീർഘദൃഷ്ടിയോടെ വരുത്തേണ്ട മാറ്റങ്ങൾ, മുഴുവൻ പഞ്ചായത്തുകൾക്കും സമഗ്രമായ ദുരന്ത നിവാരണ പ്ലാനുകൾ, സ്കൂൾ സേഫ്റ്റി, ഹോസ്പിറ്റൽ സേഫ്റ്റി, പ്രഗൽഭ്യമുള്ള സന്നദ്ധ സേവകരെ ഓരോ പ്രദേശത്തും സൃഷ്ടിക്കാൻ വേണ്ടിയുള്ള സിവിൽ ഡിഫെൻസ്, ഉദ്യോഗസ്ഥ സംവിധാനം കാര്യക്ഷമവും ഏകോപനം എളുപ്പവുമാക്കാൻ മുഴുവൻ സർക്കാർ വകുപ്പുകളിലും ദുരന്ത നിവാരണ സാങ്കല്പിക ഉദ്യോഗസ്ഥ ശ്രേണി തുടങ്ങി നിരവധി ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ദുരന്ത നിവാരണ അതോറിറ്റി നടപ്പിലാക്കി വരികയാണ്. കാലാവസ്ഥ വ്യതിയാനമുയർത്തുന്ന വെല്ലുവിളിയെ കൃത്യമായ ആസൂത്രണത്തോടെയും ദീർഘവീക്ഷണത്തോടെയും നേരിടാനുതകുന്ന പദ്ധതികൾക്കാണ് കേരളത്തിൽ രൂപം നൽകി വരുന്നത്. കൂടുതൽ സുരക്ഷിതമായ ഒരു നവകേരളം സൃഷ്ടിക്കാൻ മഹാപ്രളയത്തെ കൂട്ടായ്മകൊണ്ട് അതിജീവിച്ച് ചരിത്രം രചിച്ച മലയാളി മാതൃക നമുക്ക് തുടരാം.



# സംവാദം

## വർദ്ധിച്ചുവരുന്ന സ്ത്രീവിരുദ്ധത

ക്രിസ്തുവിന്റെ പരിമളം പരത്തുന്ന ലക്ഷക്കണക്കിന് സന്യാസിനികളും സാധാരണക്കാർക്ക് അചിന്ത്യമായ വജ്രക്കരുത്തിന്റെ ആത്മബലം പേറുന്ന ലോകമഹാത്ഭുതങ്ങളാണ്. ഓരോ സന്യാസിനിയും സ്വന്തം ചേതനയിൽ സുബോധത്തോടെ നടത്തിയ തെരഞ്ഞെടുപ്പാണ് ഇത്തരം വിപ്ലവകരമായ ജീവിതത്തിനു നിദാനം. ഇതെല്ലാം ബോധപൂർവ്വം മറന്നും മറച്ചുവച്ചും സഭയെ അപമാനിക്കുന്നവർക്ക് കാഴ്ച കിട്ടിയിരുന്നെങ്കിൽ!

**ഡോ. സി. തെരേസ് ആലഞ്ചേരി**

ശാസ്ത്രസാങ്കേതിക വളർച്ച മനുഷ്യന് അനുഗ്രഹമായി മാറേണ്ടിടത്തു പലപ്പോഴും അതു ഒരു ശാപമായി പരിണമിക്കുന്നു. ദിനംപ്രതി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളാണ് ഇന്നു നമ്മുടെ മുൻപിലുള്ളത്. സോഷ്യൽ മീഡിയകളിലൂടെയുള്ള അപവാദം പ്രചരിപ്പിക്കൽ ഇതിലൂടെ സ്ത്രീകളെയും കുട്ടികളെയും ചൂഷണം ചെയ്യുന്നതിലൂടെ അവരുടെ വ്യക്തിത്വത്തെ തന്നെ നശിപ്പിക്കുന്നു. ഇന്നിതൊരു പതിവായി കാണപ്പെടുന്നു.

**ഡോ. ജോളി ജെയിംസ്**

അതെ, ഒരു പെൺകുട്ടിക്കു ചുറ്റുമുള്ളവരെ വിശ്വാസമില്ലാത്ത കാലത്തിനു അന്നും ഇന്നും യാതൊരു മാറ്റവുമില്ല എന്ന ഖേദകരമായ വസ്തുതയിലേക്കാണ് വീണ്ടും വീണ്ടും കണക്കുകളും കാഴ്ചകളും നമ്മളെ കൊണ്ടെത്തിക്കുന്നത്. കണക്കനുസരിച്ചു ഓരോ മൂന്നു മിനിട്ടിലും ഒരു സ്ത്രീ ആക്രമിക്കപ്പെടുന്നു.

**ഷൈലാ തോമസ്**

സംവാദം

# മരുഭൂമിയിലെ വിളക്കു മരങ്ങൾ





ഡോ. സി. തെരേസ് ആലഞ്ചേരി

അയാളുടെ ആന്തരിക ലോകത്തിലെ രാജാവിനെ, കവിയെ അയാൾ കൈകളിൽ ഏന്താനിരിക്കുന്ന രാജകീയ ചെങ്കോലിനെ, അയാളുടെ ഉള്ളിലെ സംഗീതത്തെ ആ അപ്പന് മനസ്സിലായില്ല. അദ്ദേഹമാകട്ടെ, അവിചാരിതമായെത്തിയ വിരുന്നുകാർക്കു മുന്നിൽ അവനെമാത്രം പരിചയപ്പെടുത്തിയതുമില്ല. ആരും അവനെ അറിയണ്ട എന്നു കരുതിയാകും അപ്പൻ അങ്ങനെ ചെയ്തത്. എന്നാൽ ദൈവത്തിന്റെ തെരഞ്ഞെടുപ്പ് തികച്ചും വ്യത്യസ്തം. ക്രിസ്തുവിന്റെ വംശാവലിയിൽ ആ പേരുകൂടി രേഖപ്പെടുത്തുവാൻ ദൈവം തീരുമാനിച്ചു. ദൈവം ഹൃദയത്തിൽ കോറിയിട്ട പേര് “ദാവീദ്”.

ദൈവത്തിന്റെ വിളിയും തെരഞ്ഞെടുപ്പും മനുഷ്യന്റെ ചിന്തകൾക്കതീതമാണ്. ദൈവനിയോഗങ്ങൾ ഏറ്റെടുത്തുവർ ലോകത്തിനു നൽകുന്ന ശുശ്രൂഷകളിൽ ക്രിസ്തുവിന്റെ മുഖം അടയാളപ്പെടുത്തുന്ന അത്ഭുതകരമായ ഇടപെടലുകൾക്ക് കാലവും ചരിത്രവും സാക്ഷികളാണ്. ഈ വിശുദ്ധ ജീവിതങ്ങളിലെല്ലാം വിളങ്ങി നിന്നിരുന്നത് കാരുണ്യമായിരുന്നു.

കാലിക സമൂഹം സഭയേയും സഭാസംവിധാനങ്ങളെയും തകർക്കാനുള്ള ഗൂഢനീക്കങ്ങളിൽ ഏർപ്പെടുന്നു എന്ന വിവേകം നിറഞ്ഞ തിരിച്ചറിവ് അഭിഷേകം നിറഞ്ഞ കുമ്പസാരത്തിന് നിമിത്തമാകട്ടെ.

തച്ചന്റെ അളവുകോലുകൾ കൊണ്ടു മാത്രം ജീവിതത്തെ അളക്കുന്ന പെരുന്തച്ചന്മാർ വർത്തമാന സാഹചര്യങ്ങളിൽ തലയ്ക്കുമീതെ വട്ടമിട്ടു പറക്കുന്നുണ്ട്. ദുഷ്ടതയുടെ കയ്പുനീർ കുടിച്ചു തളർന്ന മസ്തിഷ്ക്കത്തിന് സ്നേഹത്തിന്റെ നിയമം വായിക്കാൻ കഴിവില്ല എന്ന സത്യവും നാം തിരിച്ചറിയണം. സ്വന്തം കരങ്ങൾ വൃത്തിയാക്കാതെ അപരന്റെ ചെളിതോണ്ടാൻ ഇറങ്ങിപ്പുറപ്പെടുന്നവർ ആരെ വിഴുങ്ങണം എന്നുവിചാരിച്ച് പാഞ്ഞു നടക്കുകയാണ്. പത്തിലൊരാൾ ഇടറിയെന്നറിയുമ്പോൾ ബാക്കി ഒൻപതു ചെരാതിന്റെയും വെട്ടം മറച്ചുവക്കുന്ന ഇരുട്ടു വിഴുങ്ങിയ മാധ്യമപ്പടകൾ തകർക്കാൻ ശ്രമിച്ചാലും ഈ സഭ തകരില്ല എന്നത് സത്യം. ഇത് വിശുദ്ധരുടെയും രക്തസാക്ഷികളുടെയും ചുടുചോരയിൽ വളർത്തപ്പെട്ടതാണ്.

വിശ്വമാതൃത്വത്തിലേക്കുള്ള വിളി തിരിച്ചറിഞ്ഞ് ദൈവഹിതം നിറവേറ്റാൻ ലൊറേറ്റായുടെ പരിസരം വിട്ട് ചേരിയിലേക്ക് ഇറങ്ങിവന്ന മദർതെരേസയും, സഭയിൽ നവീകരണത്തിന്റെ വിപ്ലവശീതം മുഴക്കിയ ആവിലാവിലെ വിശുദ്ധ അമ്മത്രേസ്യയും, പരാതികളും പരിഭവങ്ങളുമില്ലാതെ നിശബ്ദമായി സഹിച്ച ആത്മീയ ധീരതയുടെ സാക്ഷ്യമായ അൽഫോൻസാമ്മയും റാണിമരിയയും, എവുപ്രാസ്യാമ്മയും, മറിയം ത്രേസ്യയും ലോകം വറിച്ചെറിഞ്ഞ കുഷ്ഠരോഗികളെയും, എയ്ഡ്സ് ബാധിതരെയും, ഓട്ടിസം ബാധിച്ചവരെയും അനാഥരെയും വൃദ്ധമാതാപിതാക്കളെയും ശുശ്രൂഷിച്ചു കൊണ്ട് ലോകത്തിന്റെ വൈകൃതങ്ങൾക്കുമീതെ

ക്രിസ്തുവിന്റെ പരിമളം പരത്തുന്ന ലക്ഷക്കണക്കിന് സന്യാസിനികളും സാധാരണക്കാർക്ക് അചിന്ത്യമായ വജ്രക്കരുത്തിന്റെ ആത്മബലം പേറുന്ന ലോകമഹാത്ഭുതങ്ങളാണ്. ഓരോ സന്യാസിനിയും സ്വന്തം ചേതനയിൽ സുബോധത്തോടെ നടത്തിയ തെരഞ്ഞെടുപ്പാണ് ഇത്തരം വിപ്ലവകരമായ ജീവിതത്തിനു നിദാനം. ഇതെല്ലാം ബോധപൂർവ്വം മറന്നും മറച്ചുവച്ചും സഭയെ അപമാനിക്കുന്നവർക്ക് കാഴ്ച കിട്ടിയിരുന്നെങ്കിൽ!

ഇവിടെ സ്ത്രീ വിമോചന പ്രസ്ഥാനക്കാരും ഫെമിനിസ്റ്റുകളും മാധ്യമലോകവും സ്ത്രീ സംരക്ഷണം എന്ന് പറഞ്ഞ് വിളറിപിടിച്ചു നടക്കുമ്പോഴും ഇടറിവീണ ഏതാനും ചില സന്യാസിനികൾക്ക് പിന്തുണ നൽകുമ്പോഴും സ്നേഹത്തിന്റെ പീഠഭൂമിയിൽ പരിത്യാഗത്തിന്റെ റാന്തൽ വിളക്കുമായി സ്വയം കത്തിയെരിയുന്നവരെ വിസ്മരിക്കുന്നു എന്നത് പ്രബുദ്ധകേരളത്തിന്റ് നെഞ്ചിലേറ്റ മുറിവു തന്നെ.

പൗരോഹിത്യ സന്യാസ വഴികളെ കാലത്തിന്റെ കാൽക്കീഴിലേക്ക് വലിച്ചിറക്കപ്പെടുന്നതിന്റെനേർക്കാഴ്ചകൾ ഇന്നു കാണാം. അപ്പോഴും ശത്രുവിന്റെ പ്രഹരം സ്വയം പ്രതിരോധത്തിന്റെ പാഠമായി കരുതുന്നവർ ഈ മുന്തിരിത്തോട്ടത്തിലെ വിളവു വർദ്ധിപ്പിക്കുന്നു. ദൈവഹിതമനുസരിച്ച് സ്വന്തം നിയോഗങ്ങൾ നിറവേറ്റി ജീവിക്കുന്നവർ കാലത്തിന്റെ ശേഷിപ്പുകളാണ്. പടിയിറങ്ങിപ്പോകുന്ന സത്യത്തെ നോക്കി ചങ്കുപൊട്ടിക്കരയുന്നവരും, ചില്ലകൾ ഒടിഞ്ഞ് ഉണങ്ങി നിൽക്കുന്ന നീതിയുടെ ഓക്കു മരങ്ങൾക്കു ചുവട്ടിൽ പ്രതീക്ഷയുടെ കണ്ണീർ തൂകി നനയ്ക്കുന്നവരും സഭയുടെ ചന്തം വീണ്ടെടുക്കുന്ന സ്വത്വബോധത്തിന്റെ ഉടൽഭാഷ്യങ്ങളാണ്. റൂമിയുടെ കവിത ഒരു വീണ്ടു വിചാരത്തിന് നിമിത്തമാകട്ടെ.

“പ്രണയമില്ലെങ്കിൽ
ആരാധനയെല്ലാം
ബാധ്യതയാകും.
നൃത്തമെല്ലാം വെറും
പ്രവൃത്തിയാകും
സംഗീതമെല്ലാം ശബ്ദങ്ങൾ
മാത്രമാകും”



# വർദ്ധിച്ചുവരുന്ന സ്ത്രീവിരുദ്ധത



ഡോ. ജോളി ജെയിംസ്

വിവിധ മത സംസ്കാരങ്ങളുടെ കലർപ്പെങ്കിലും കലഹങ്ങളില്ലാതെ ഒറ്റ സമൂഹമായി കൈകോർത്തു സഹവസിച്ചു ജീവിക്കുന്നു എന്നതാണ് ലോകം കേരളത്തെ വിസ്മയത്തോടെ നോക്കി കാണുന്നത്. സ്കൂൾ പുസ്തകങ്ങളിൽ നമ്മൾ വായിച്ചു പഠിക്കുകയും പ്രസംഗിക്കുകയും അഭിമാനിക്കുകയും ചെയ്യുന്ന 'നാനാത്വത്തിൽ ഏകത്വം' എന്ന സിദ്ധാന്തം അനുഭവത്തിൽ ദർശിക്കാനാവുന്നത് കേരളത്തിലാണ് എന്നതിൽ അഭിമാനിക്കാം. നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മതത്തിന്റെ അല്ലെങ്കിൽ സംസ്കാരത്തിന്റെ പേരിലുള്ള ഏറ്റുമുട്ടലുകൾ വർദ്ധിച്ചു വരുമ്പോഴും കേരളം അതിൽ നിന്നു വേറിട്ടു നില്ക്കുന്നതിനു ശ്രദ്ധിച്ചിരുന്നു. ഇതിനു കാരണം, സ്ത്രീ വിദ്യാഭ്യാസത്തിലൂടെയും കാലാകാലങ്ങളിൽ നടന്ന നവോദ്ധാന പ്രസ്ഥാനങ്ങളുടെ മുന്നേറ്റങ്ങളിലൂടെയും കേരളം ആർജ്ജിച്ചെടുത്ത സഭ്യതയും മാന്യതയും പരസ്പര ബഹുമാനത്തോടെയുള്ള പക്വതയാർന്ന പെരുമാറ്റരീതികളും ജീവിത രീതികളുമാണ്. (വർത്തമാന കാലത്തിൽ ഈ വിശ്വസത്തിനു ഇളക്കം തട്ടിത്തുടങ്ങി എന്ന സത്യം വിസ്മരിക്കുന്നില്ല.) ഇതിന്റെ ഭാഗമായി കേരള സമൂഹത്തിൽ സ്ത്രീകളുടെ എല്ലാ രീതിയുലുമുള്ള വളർച്ച സമൂഹത്തിന്റെ ആകെ വികസനത്തിന്റെ പ്രധാന ഘടകമായി എമ്പാടും പ്രകീർത്തിക്കപ്പെടുന്നു. സ്ഥിതിഗതികൾ ഇതാണെങ്കിലും ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കനുസരിച്ചു സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളും സ്ത്രീവിരുദ്ധതയും വർധിച്ചു വരുന്നതായി കാണുന്നു. ഇവിടെ, സമൂഹത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള വിരുദ്ധനിലപാടുകൾ ഏതെല്ലാം തരത്തിൽ കാണപ്പെടുന്നു എന്നും അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നും അതിനുള്ള പരിഹാര മാർഗ്ഗങ്ങൾ എന്തെല്ലാമെന്നുള്ള കണ്ടെത്തലുകളിലേയ്ക്ക് പോകാം.

ജാതി സമ്പ്രദായം ആണ് ഇന്ത്യയിലെ സ്ത്രീകളുടെ ദുരവസ്ഥയ്ക്ക് പ്രധാനമായൊരു കാരണം. ഹിന്ദുവിസത്തിൽ ജാതിസമ്പ്രദായം കടന്നുകൂടിയിട്ട് 3000-ൽ പരം വർഷങ്ങളായി. അത് ഇന്ത്യയിൽ നിയമം മൂലം നിനിരോധിച്ചിട്ട് 68 വർഷവും. എന്നിരുന്നാലും സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടനാ ശില്പികൾ സ്വപ്നം കണ്ടതും അതനുസരിച്ചു ഭരണഘടന പ്രകാരം സ്ത്രീപുരുഷ ഭേദമന്യേ ഓരോ വ്യക്തിക്കും ഉറപ്പു നൽകുന്നതുമായ സാമൂഹ്യ സാമ്പത്തിക നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവക്കുള്ള സ്വാതന്ത്ര്യം സ്ഥാനമാനങ്ങൾ അവസരങ്ങൾ എന്നിവയിലുള്ള സമത്വം മുതലായവ സ്ത്രീകൾക്ക് ഇന്നും അപ്രാപ്യമായി തന്നെ നിലകൊള്ളുന്നു. പിന്നോക്ക ജാതിയിൽ ജനിക്കുന്ന സ്ത്രീകൾ അനുഭവിക്കുന്ന ദുരിതം മറ്റുള്ളവരെ അപേക്ഷിച്ചു ഇരട്ടിയാണ്. ജനനം പിന്നോക്കജാതി എന്നതും പോരെങ്കിൽ സ്ത്രീയും. ബലാത്സംഗം എന്ന മൂർച്ചയേറിയ ആയുധമാണ് പിന്നോക്കജാതി സ്ത്രീകളുടെമേൽ ആധിപത്യവും നിയന്ത്രണവും നേടുന്നതിനായി ഉപയോഗിക്കപ്പെടുന്നത്. നാഷണൽ ക്രൈം ബ്യൂറോയുടെ കണക്കനുസരിച്ചു 2007 മുതൽ 2017 വരെയുള്ള പത്തുവർഷക്കാലത്തിനിടക്ക് പിന്നോക്കക്കാരായ സ്ത്രീകളുടെ നേരെയുള്ള അതിക്രമം 66 ശതമാനം കണ്ടു വർധിച്ചിരിക്കുന്നു. ആംനസ്റ്റി ഇന്റർനാഷനലിന്റെ അഭിപ്രായപ്രകാരം പിന്നോക്ക സ്ത്രീകൾക്കെതിരെയുള്ള മുന്നോക്കക്കാരുടെ അതിക്രമങ്ങൾക്ക് പോലീസിന്റെ ഒത്താശയും ലഭിക്കുന്നു എന്നതാണ്. ദളിതർക്ക് എതിരെയുള്ള അക്രമങ്ങൾ റിപ്പോർട് ചെയ്യാനോ കേസെടുക്കാനോ പോലീസ് മുതിരാറില്ല.

സ്ത്രീവിരുദ്ധത മുഖ്യമായും മനുഷ്യാവകാശ വിഷയം ആണെങ്കിലും ഒപ്പം തന്നെ അത് ശാരീരികമാനസിക ആരോഗ്യത്തെ സംബന്ധിക്കുന്ന വിഷയം കൂടിയാണ്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ചു അഞ്ചിൽ ഒരു സ്ത്രീ തന്റെ ജീവിതകാലത്തിൽ ഒരു പുരുഷനാൽ ശാരീരികമായോ ലൈംഗികമായോ ചൂഷണങ്ങൾ നേരിടേണ്ടി വരുന്നു. കണക്കുകൾ കാണിക്കുന്നത് സ്വന്തം ഭർത്താവിൽ നിന്നുള്ള ചൂഷണങ്ങൾ ഇന്ന് വർധിച്ചു വരുന്നുവെന്നുള്ളതാണ്. ഗർഭാവസ്ഥയിൽ ആയിരിക്കുമ്പോൾ പോലും ഇതിനുമാറ്റം സംഭവിക്കുന്നില്ല എന്നുള്ളതാണ് സത്യം. സ്ത്രീധന സമ്പ്രദായം ആണ് ഇതിനു ഒരുപ്രധാനകാരണമായി പറയാവുന്നത്. സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകളെ ശാരീരികമായും മാനസികമായും ചൂഷണം ചെയ്യപ്പെടുന്നു. വാക്കുകളാലുള്ള മുറിപ്പെടുത്തലുകൾ കഠിനമായ മനസികാഘാതം സൃഷ്ടിക്കുന്നു. ഗാർഹിക പീഡനങ്ങൾക്ക് കാരണമായി പറയാൻ പറ്റുന്നത് മുഖ്യമായും നാലു കാരണങ്ങളാണ്. ജീവിതപങ്കാളിയുടെ മദ്യപാനവും അത് ഉണ്ടാക്കപ്പെടുന്ന സാമ്പത്തിക പ്രതിസന്ധിയും ആണ് പ്രഥമവും പ്രധാനവുമായ കാരണം. വിവാഹേതര

ബന്ധങ്ങൾ, പങ്കാളിയുടെ പരിശുദ്ധിയിലുള്ള സംശയം, ഭാര്യയുടെ ജോലി സാഹചര്യങ്ങൾ സംബന്ധിച്ച സംശയങ്ങൾ, ഭാര്യയുടെ ആരോഗ്യ പ്രശ്നങ്ങൾ ഭർത്താവിന്റെ അസംതൃപ്തമായ ജോലിസാഹചര്യങ്ങൾ തുടങ്ങിയവയാണ് മറ്റു കാരണങ്ങൾ.

ജോലി സ്ഥലങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന വിവേചനം അവരുടെ വ്യക്തി വികസനത്തിനു വിഘാതമായി നിൽക്കുന്ന ഒരു പ്രധാന ഘടകമാണ്. സർവീസ് സെക്ടറുകളിൽ സ്ത്രീ പ്രാതിനിധ്യം കൂടുന്നുണ്ട് എങ്കിലും അതിനെ സ്ത്രീകൾക്ക് അർഹമായ സ്ഥാനം ലഭിക്കുന്നു എന്ന് വിവക്ഷിക്കുന്നതിൽ അർത്ഥമില്ല. കാരണം കൂടുതൽ തന്ത്രപ്രധാനമായ ജോലികളിലേക്ക് ശ്രദ്ധകേന്ദ്രീകരിക്കുന്ന പുരുഷന്മാർ അധ്യാപക, ക്ലറിക്കൽ, നഴ്സിംഗ് ജോലികൾ സ്ത്രീകൾക്കായി വിട്ടു കൊടുത്തു കൊണ്ടു അവരെ നിയന്ത്രിക്കുന്ന പദവികളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് ചെയ്യുന്നത്. ഏതെങ്കിലും അംഗനവാടിയിൽ ഒരു പുരുഷടീച്ചറെ കാണാൻ കഴിയുമോ? നഴ്സ് എന്ന്കേട്ടാൽ തന്നെ സ്ത്രീകൾ മാത്രം ഉള്ള ഒരു പ്രസ്ഥാനം ആയാണ് കരുതപ്പെടുക. (അടുത്ത കാലത്തായി മെയിൽ നഴ്സ് ആകാനും വളരെ കുറഞ്ഞ എണ്ണം പുരുഷന്മാർ തയ്യാറാവുന്നുണ്ടെകിലും) പക്ഷെ അവരുടെ സംഘടനയുടെ തലപ്പത്തു പോലും പുരുഷമേധാവിത്വമാണ് കാണാൻ കഴിയുക. തലപ്പത്തിരുന്നവർ നടത്തിയ ചൂഷണങ്ങളെ പറ്റി ഇപ്പൊ നിയമപരമായ അന്വേഷണം നടക്കുന്നു എന്നതും കൂട്ടിവായിക്കേണ്ടതുണ്ട്. അവിടെയും സ്ത്രീകൾ വഞ്ചിക്കപ്പെടുന്നു. സാംസ്കാരികമായും സാമൂഹികമായും പുരോഗതി പ്രാപിച്ചവർ എന്ന് അഹങ്കരിക്കുന്ന മലയാളികൾ അടുത്ത നാളുകളിൽ കണ്ടൊരു സമരമാണ് ജോലിസ്ഥലത്തു ഇരിക്കാനുള്ള അവകാശത്തിനായി സ്ത്രീകൾ സമര രംഗത്തിറങ്ങിയത്. ആ അവകാശം അവർ നേടിയെടുത്തിട്ടു വിരലിലെണ്ണാവുന്ന നാളുകളെ ആയിട്ടുള്ളൂ. അതായത് ഒന്ന്ഇരിക്കാൻപോലും അവകാശമില്ലാത്ത മനുഷ്യ ജന്മങ്ങളാണ് സ്ത്രീകൾ. എന്തൊരു വിരോധാഭാസം. ഭരണഘടനയിൽ വിഭാവനം ചെയ്തിരിക്കുന്ന സമത്വ സുന്ദരഭാരത നിർമ്മാണം എവിടെ എത്തിനിൽക്കുന്നു. അര ദിവസത്തെ ലീവ് ചോദിച്ചെത്തിയ ടീച്ചറെ തെറിവിളിയാൽ അഭിഷേകം ചെയ്തതും അപമാനം താങ്ങാനാവാതെ തളർന്നു വീണ ടീച്ചർ ആശുപത്രിയിലായതും കഴിഞ്ഞയാഴ്ച ഒറ്റപ്പാലത്തുനിന്നു പുറത്തുവന്ന വാർത്തയാണ്. മുതിർന്നവർക്ക് പോലും കേൾക്കാൻപറ്റുന്ന അശ്ലീലവാക്കുകൾ ആയിരുന്നില്ല ഹെഡ്മാസ്റ്റർ ടീച്ചർക്കെതിരെ പ്രയോഗിച്ചത്. അതിന്റെ ഓഡിയോ റെക്കോർഡ് ചെയ്യാൻ ടീച്ചറിന് ബുദ്ധി തോന്നിയതു കൊണ്ട് ഹെഡ് മാസ്റ്റർ ഇന്ന് അഴിക്കുള്ളിലായി. ആ ഓഡിയോ ക്ലിപ് സോഷ്യൽ മീഡിയയിൽ വൈറലായി പടർന്നു. അതിനുള്ള സാഹചര്യം ലഭിക്കാതെ ക്ഷമിച്ചു സഹിച്ചു ജോലി ചെയ്യുന്നവർ എത്രയുണ്ടാവും.

ശാസ്ത്രസാങ്കേതിക വളർച്ച മനുഷ്യന് അനുഗ്രഹമായി മാറേണ്ടിടത്തു പലപ്പോഴും അതു ഒരു ശാപമായി പരിണമിക്കുന്നു. ദിനംപ്രതി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളാണ് ഇന്നു നമ്മുടെ മുൻപിലുള്ളത്. സോഷ്യൽ മീഡിയകളിലൂടെയുള്ള അപവാദം പ്രചരിപ്പിക്കൽ ഇതിലൂടെ സ്ത്രീകളെയും കുട്ടികളെയും ചൂഷണം ചെയ്യുന്നതിലൂടെ അവരുടെ വ്യക്തിത്വത്തെ തന്നെ നശിപ്പിക്കുന്നു. ഇന്നിതൊരു പതിവായി കാണപ്പെടുന്നു. തനിക്കു കിട്ടിയ ഒരു വാർത്ത/വിവരം ശരിയോ തെറ്റോ എന്നൊരു പുനർചിന്തനം പോലും നടത്താതെ പരമാവധി മറ്റുള്ളവരിലേക്ക് പകർന്നു കൊടുക്കുന്നതിൽ ആനന്ദം കണ്ടെത്തുന്ന ഒരു വിഭാഗമായി ഇന്നത്തെ ജനത മാറിയിരിക്കുന്നു. ഇത് ശരിക്കും ഒരു രോഗാവസ്ഥയാണ്. മറ്റുള്ളവരുടെ വേദനയിൽ ആനന്ദം കണ്ടെത്തുന്ന ജനസമൂഹം. ഇതിനു പിന്നിൽ പ്രവർത്തിക്കുന്നവരുടെ മാനസിക വൈകല്യം തിരിച്ചറിയുകയും അത് പരിഹരിക്കുന്നതിനുള്ള ചികിത്സാ നടപടികൾ കൈക്കൊള്ളുകയും വേണം. ഇത് തടയുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി ആഭ്യന്തര മന്ത്രാലയത്തിനു കീഴിൽ CCPWC (Cybercrime Prevention against Women and Children) രൂപീകരിക്കപ്പെട്ടു. ഓൺലൈൻ സൈബർ ക്രൈം റിപ്പോർട്ടിങ് യൂണിറ്റിലൂടെ കുറ്റകൃത്യങ്ങൾക്ക് ഇരയായവർക്ക് പരാതി നല്കാൻ കഴിയുന്ന പോർട്ടൽ ആരംഭിച്ചു കഴിഞ്ഞു. ഇതിലൂടെ കുട്ടികളെ സംബന്ധിക്കുന്ന അശ്ളീല സാഹിത്യം കുട്ടികളെ ലൈംഗീകമായി ദുരുപയോഗം ചെയ്യുന്ന ആശയവിനിമയ സാമഗ്രികൾ അല്ലെങ്കിൽ ലൈംഗീകത പ്രകടമാകുന്ന ഉള്ളടക്കങ്ങൾ എന്നിവ സംബന്ധിച്ച പരാതികൾ സമർപ്പിക്കാം. ഇതുപോലെ തന്നെ സ്ത്രീകൾ ക്കെതിരെയുള്ള ആക്രമണം റിപ്പോർട്ട് ചെയ്യുന്നതിനും അത്തരം കേസുകൾക്ക് പോലീസ്സഹായം ലഭ്യമാക്കുന്നതിനും കഴിയും.

പെൺകുട്ടികളുടെ കൂട്ട ആത്മഹത്യകൾ വർദ്ധിച്ചു വരുന്നതായി ഇന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ദേശീയ ക്രൈം ബ്യൂറോയുടെ കണക്കനുസരിച്ചു കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളത്തിന് നാലാം സ്ഥാനമാണ് . ഇതിനുള്ള പ്രധാന കാരണങ്ങൾ സാമ്പത്തിക ഞെരുക്കം കുടുംബ പ്രശ്നങ്ങൾ മദ്യത്തിന്റെയും മയക്കു മരുന്നുകളുടെയും ഉപയോഗം പഠനസമ്മർദ്ദം പ്രേമനൈരാശ്യം സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള ചൂഷണം മുതലായവയാണെന്ന് ചൂണ്ടിക്കാട്ടപ്പെടുന്നുണ്ടെങ്കിലും മുഖ്യകാരണം കുടുംബ പ്രശ്നങ്ങൾ തന്നെയാണ്. വിവാഹിതരാണ് ആത്മഹത്യചെയ്യുന്നതിൽ മുൻപന്തിയിൽ. ദാമ്പത്യത്തിലെ പൊരുത്തക്കേടുകൾ ഭതൃഭവനത്തിലെ പീഡനങ്ങൾ ലൈംഗിക പരാജയം സംശയരോഗം വിവാഹേതര ബന്ധങ്ങൾ കുടുംബശൈഥില്യം തുടങ്ങിയ പ്രശ്നങ്ങൾ പലരെയും മാനസിക പിരിമുറുക്കത്തിനും വിഷാദരോഗത്തിനും ഇടവരുത്തുകയും ഒടുവിൽ അത് ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നതിന് കാരണമാകുകയും ചെയ്യുന്നു.

ചാനലുകളും സാമൂഹ്യ നെറ്റ്വർക്ക് സംവിധാനങ്ങളും ആശയവിനിമയ രംഗത്തിൽ കുതിച്ചുചാട്ടം ഉണ്ടാക്കിയെങ്കിലും മാനുഷിക ബന്ധങ്ങളിൽ അവയുണ്ടാക്കിയ വിള്ളലുകൾ അതിതീവ്രമാണ്. ഭർത്താവ് ഭാര്യയുമായും മക്കൾ മാതാപിതാക്കളുമായും പങ്കുവെയ്ക്കേണ്ട കുടുംബകാര്യങ്ങൾ ജീവിതത്തിൽ ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത വ്യക്തികളുമായി പങ്കുവെയ്ക്കുന്ന ദുരവസ്ഥയിലാണ് ഇന്ന് ബന്ധങ്ങൾ എത്തിനിൽക്കുന്നത്. ഇതിൽ ഒളിഞ്ഞിരിക്കുന്ന അപകടം എന്തെന്ന് ഒരിക്കലും തിരിച്ചറിയാനാവാത്തവിധം വലിയ ചതിക്കുഴികളാണ് സോഷ്യൽമീഡിയ ഉപഭോക്താക്കളെ കാത്തിരിക്കുന്നത്. കൗമാരപ്രായക്കാരിലെ ആത്മഹത്യകളിലും ഒളിച്ചോട്ടങ്ങളിലും കുടുംബ ശൈഥി


ല്യത്തിലും ഇവയുടെ പങ്ക് ഏറെ പ്രസക്തമാണ്. മൊബൈൽ ബന്ധത്തിന്റെ പുറകെപോയി കെണിയിലാക്കപ്പെടുന്ന കുടുംബിനികളെക്കുറിച്ചുള്ള ഒരു വർത്തയെങ്കിലും കേൾക്കാത്ത ഒരുദിവസം പോലും ഇല്ലെന്നായിരിക്കുന്നു. "വേലിചാട്ടം" എന്ന് സോഷ്യൽ മീഡിയകളിലെ "റിസേർച് ജേർണലിസ്റ്റുകൾ" പ്രചരിപ്പിച്ചു ആനന്ദിക്കുന്ന ഈ പ്രതിഭാസം, എങ്ങിനെ ഈ രീതിയിൽ സംഭവിക്കുന്നു എന്ന് ആരെങ്കിലും ചർച്ചചെയ്തിട്ടുള്ളതായി അറിവില്ല. പട്ടാളക്കാരന്റെ ഭാര്യയും ഗൾഫുകാരന്റെ ഭാര്യയും എപ്പോഴും സംശയത്തിന്റെ നിഴലിൽ ആണ് ജീവിക്കുന്നത്. വേലിചാടാൻ മുട്ടിനിൽക്കുന്ന ഒരു വിഭാഗമായി ഇവർ എപ്പോഴും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഭർത്താവിന്റെ അഭാവത്തിൽ സ്ത്രീകൾ ഭർതൃവീടുകളിൽ സുരക്ഷിതരാണോ അല്ലെങ്കിൽ അവർ ഏതെങ്കിലും രീതിയിലുള്ള ചൂഷണത്തിന് ഇരയാക്കപ്പെടുന്നുണ്ടോ അതിൽനിന്നും രക്ഷപെടാനുള്ള അവസാന ശ്രമം എന്നനിലക്കാണോ ഈ വേലിചാടൽ എന്നൊന്നും ആരും അന്വേഷിക്കുന്നില്ല. ഇങ്ങനെയൊരു വാർത്തവന്നാൽ ഒരാഴ്ചത്തെ ആഘോഷം - സോഷ്യൽ മീഡിയകളിൽ അകൗണ്ടുകളിൽ നിന്ന് അകൗണ്ടുകളിലേയ്ക്ക് വാർത്ത പറക്കും. ഒടുക്കം "വേലിചാടിയവൾ" എന്ന ലേബലും പേറി സ്ത്രീ പിന്നാമ്പുറത്തെ ഇരുട്ടിലേക്ക് തള്ളപ്പെടുന്നു. വേലിചാടാൻ പ്രേരിപ്പിച്ചവൻ ഒരാഴ്ച്ച കഴിയുമ്പോൾ പുതിയ നമ്പറുമായി പുറത്തിറങ്ങുന്നു മാന്യമായി ജീവിക്കുന്നു. പെണ്ണിനെ "വെറുംപെണ്ണ്" ആയും, ലീവിന് വന്ന പട്ടാളക്കാരൻ തിരിച്ചുപോകാൻ കാത്തിരിക്കുന്ന, വേലിചാടാൻ മുട്ടിനിൽക്കുന്ന അസാന്മാർഗ്ഗി ഭാര്യയായും സ്ത്രീകളെ ചിത്രീകരിക്കുന്ന ബോക്സോഫീസ് ഹിറ്റ് സിനിമകൾ സമൂഹത്തിൽ സ്ത്രീത്വത്തിനു സംഭാവന ചെയ്യുന്ന "മഹത്വം" എന്താണ്.

1000 പുരുഷന്മാർക്ക് 1084 സ്ത്രീകൾ എന്ന ജനസംഖ്യാനുപാതം ഉള്ള കേരളത്തിൽ ഭരണസാരഥ്യം കയ്യാളാൻ എത്ര സ്ത്രീകൾ ഉണ്ട് എന്നത് പഠനവിഷയമാക്കണം. ജനസംഖ്യയിൽ പാതിയിലധികമുള്ള സ്ത്രീകൾക്ക് എന്തുകൊണ്ട് അർഹമായ പ്രാതിനിധ്യം ഭരണനേതൃത്വത്തിൽ നേടാനാവുന്നില്ല. കാരണം അവർക്ക് അതിനുള്ള സ്വാതന്ത്ര്യം ഇല്ല എന്നത് തന്നെയാണ്. സ്വന്തം പ്രതിനിധി ആരായിരിക്കണം എന്ന് തീരുമാനിക്കാനുള്ള അവകാശം പോലും അവർക്കില്ല. ഇന്ന് സ്ത്രീ സ്വാതന്ത്ര്യം എന്നത് പുരുഷൻ അനുവദിച്ചു കൊടുക്കുന്ന സൗജന്യമായി ആണ് കരുതപ്പെടുന്നത്. രാത്രി 9 മണികഴിഞ്ഞു വെളിയിൽ പോകേണ്ടിവരുന്ന ഒരു സ്ത്രീയുടെ സുരക്ഷയെകുറിച്ചുള്ള ആകുലത പ്രകടിപ്പിച്ച സ്ത്രീയായ ഒരു ഇന്റർവ്യൂവറോട് കേരളരാഷ്ട്രീയത്തിലെ "പുലി" എന്നറിയപ്പെടുന്ന ജനപ്രതിനിധി "9 മണി കഴിഞ്ഞു പെണ്ണെന്തിനാ വെളിയിൽ പോകുന്നത്? ഇനി അഥവാ പോകണമെങ്കിൽ ഭർത്താവിന്റെ ഒപ്പം അല്ലെങ്കിൽ അച്ഛന്റെ ഒപ്പം പോയാൽ മതി" എന്നു അഭിപ്രായപ്പെട്ടത് അടുത്തകാലത്തു കേരളം കണ്ടതാണ്. രാത്രിയിൽ വെളിയിൽ പോകേണ്ട ഒരത്യാവശ്യം വന്നാൽ അതിനുള്ള സ്വാതന്ത്ര്യം പോലും സ്തീകൾക്കില്ല, ഇനി അഥവാ ഇറങ്ങിയാൽ വരും വരായ്കകൾ അനുഭവിച്ചോണം എന്ന് വ്യക്തമാക്കുകയാണ് 25000 വോട്ടിന്റെ ഭൂരിപക്ഷം പേറുന്ന ആജനപ്രതിനിധി.

ശാസ്ത്രം പുരോഗമിക്കുമ്പോൾ പലപല നൂതനാശയങ്ങളും ഉരുത്തിരിയുകയും പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ ഉണ്ടാവുകയും സമൂഹത്തിനു ഉപകാരപ്രദമായ പല യന്ത്രസാമഗ്രികളും ഉപകരണങ്ങളും സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഇന്നത്തെ ദിനംതോറും മാറിക്കൊണ്ടിരിക്കുന്ന മൊബൈൽ ടെക്നോളജി ഏറ്റവും നല്ല ഉദാഹരണം. ഓരോ പുതിയ യന്ത്രം അല്ലെങ്കിൽ ഉപകരണം സമൂഹത്തിൽ അവതരിപ്പിക്കപ്പെടുമ്പോൾ അതിന്റെ ഉപയോഗത്തെ സംബന്ധിച്ചും ഗുണദോഷങ്ങളെസംബന്ധിച്ചും അപകടം കൂടാതെ എങ്ങിനെ അത് ഉപയോഗിക്കാം എന്നതിനെ സംബന്ധിച്ചും ഓരോ നിർമാതാവും അവരവരുടെ ഉപഭോക്താക്കളെ ബോധവൽക്കരിക്കാറുണ്ട്. പുതിയതായി അവതരിപ്പിക്കുന്ന ഓരോ പുതിയ വാഹനവും പുറത്തിറക്കുമ്പോൾ അതിന്റെ സുരക്ഷാ രീതിയിലുള്ള മാറ്റങ്ങൾ, ഉപയോഗം, മുതലായവ ഉപഭോക്താവിനെ വ്യക്തമായി പഠിപ്പിക്കുന്നു. ഇതു പോലൊരു ബോധവൽക്കരണം ഒരുസ്മാർട്ഫോൺ ഉപഭോക്താവിന് ലഭിക്കുന്നില്ല. ഓരോ പുതിയ ഫോണും പുറത്തിറങ്ങുന്നത് പുതിയ ചതിക്കുഴികളുമായാണ്. അത് ഏറ്റവും കൂടുതൽ അപായപ്പെടുത്തുന്നത് വിദ്യാഭ്യാസം കുറഞ്ഞ താഴ്ന്ന ചുറ്റുപാടുകളിൽ ജീവിക്കുന്ന സ്ത്രീകളെയാണ്. ഒരു കതകടച്ചു അതിനു പിന്നിൽ ഇരുന്നു താൻ സംസാരിക്കുന്നത് അല്ലെങ്കിൽ ചെയ്യുന്നത് ലോകത്തിന്റെ അങ്ങേത്തലക്കൽ ഇരിക്കുന്ന ഒരാൾക്ക് കാണാമെന്നും അതിലൂടെതന്നെ ചൂഷണം ചെയ്യാമെന്നും മനസിലാക്കാനുള്ള അറിവ് അവർക്കുണ്ടാകണമെന്നില്ല. ഇന്റർനെറ്റും സ്മാർട്ടഫോണും സർവത്രികമാക്കുന്നതിനു മുൻപ് അതിന്റെ ഉപകാരവും അതുമൂലമുണ്ടായേക്കാവുന്ന ഉപദ്രവങ്ങളും സംബന്ധിച്ച ഒരു അവബോധം ഉണ്ടാക്കേണ്ടത് ആവശ്യമാണ്.

ഈ ആധുനിക നൂറ്റാണ്ടിലും സ്ത്രീയുടെ സ്ഥാനം ഒരു ഉപഭോഗവസ്തു എന്ന രീതിയിൽ മാത്രമാണ്. കുടുംബത്തിൽ, സമൂഹത്തിൽ, ബസ്സ്റ്റോപ്പിൽ, ബസിൽ, സ്കൂളിൽ, ഓഫീസിൽ മനുഷ്യർ സഹവസിക്കുന്ന എല്ലായിടത്തും അവൾ ഒരു ഉപഭോഗവസ്തു മാത്രമായി ചുരുങ്ങുന്നു. ഈ അവസ്ഥയിൽ നിന്നും ഒരു വ്യക്തിയായി, പുരുഷനെപ്പോലെ തന്നെ വ്യക്തിത്വവും സ്വാതന്ത്ര്യവുമുള്ള ഒരു വ്യക്തിയായി അവൾ വളരേണ്ടതുണ്ട്. പുരുഷന്റെ ദാനമായി പുരുഷൻ വച്ചുനീട്ടുന്ന സ്വാതന്ത്ര്യവും അനുവദിച്ചു കിട്ടപ്പെടുന്ന അവകാശവുമല്ല അവൾക്കു വേണ്ടത് മറിച്ചു തന്റെ അവകാശങ്ങൾ സ്വന്തമായി നേടിയെടുക്കാനുള്ള സാഹചര്യമാണ്. അതായത് അവളുടെ കാര്യത്തിൽ തീരുമാനം എടുക്കാൻ അവളെത്തന്നെ അനുവദിക്കുക എന്നത്. മറ്റുള്ളവർ അതിൽ ഇടപെടാതിരിക്കുക എന്നത്. അച്ചടക്കം, കാലഹരണപ്പെട്ട പരമ്പരാഗത മൂല്യബോധം, അന്ധമായ അനുസരണം മുതലായവയിലൂന്നിയ വിദ്യാഭ്യാസരീതി മാറി ആധുനികതയിലൂന്നിയ സ്വാതന്ത്ര്യവും വ്യക്തിബോധവും സ്വതന്ത്ര ചിന്താഗതിയും വളർത്തി വ്യക്തികളെ സ്വയം പര്യാപ്തമാക്കുന്ന രീതിയിലുള്ള വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കണം. സ്ത്രീയാണ് എന്ന ഒറ്റ കാരണം കൊണ്ട് അവസരങ്ങളിൽ നിന്നും മാറ്റി നിർത്തപ്പെടേണ്ടി വരുന്ന അവസ്ഥയിൽ മാറ്റമുണ്ടായേ പറ്റൂ.

സംവാദം



# തിരിച്ചറിയേണ്ട ആത്മശക്തി



ഷൈലാ തോമസ്

എന്റെ കോളേജ് കാലഘട്ടങ്ങളിൽ, സർവകലാശാല കലോത്സവത്തോട് അടുപ്പിച്ച ദിവസങ്ങളിൽ, മത്സര ഇനങ്ങളിലുള്ള പ്രാക്ടീസിനായി, പല ദിവസങ്ങളിലും കോളേജിൽ വൈകി നിൽക്കേണ്ടി വന്നിട്ടുണ്ട്. ഈ ദിവസങ്ങളിലെല്ലാം വീടിനടുത്തുള്ള ബസ്സ്റ്റോപ്പിൽ വണ്ടിയിറങ്ങുമ്പോൾ നേരമിരുട്ടിയിട്ടുണ്ടാവും. ഇറങ്ങുമ്പോഴേ കാണാം റോഡിനപ്പുറത്ത് എന്നെക്കാത്ത് നിൽക്കുന്ന എന്റെ ഇച്ചായനെ (എന്റെ പിതാവിനെ ഞാൻ 'ഇച്ചായൻ' എന്നാണ് വിളിക്കാറ്). റോഡ്മുറിച്ചു അപ്പുറമെത്തുന്ന എന്റെ കൂടെ ഇച്ചായനും പതിയെ നടന്നു തുടങ്ങും. ഏതാണ്ട് ഒരു കിലോമീറ്റർ നടക്കണം ബസിറങ്ങിയിട്ട്. ആദ്യമൊക്കെ ഞാൻ ചോദിക്കുമായിരുന്നു,

'എന്തിനാണെന്നെകാത്തുനിൽക്കുന്നത്, എനിക്കെന്താ വീട്ടിലേക്കുള്ള വഴിയറിയാൻ പാടില്ലേ'.

ഇച്ചായൻ ഒന്ന് പുഞ്ചിരിക്കുകമാത്രം ചെയ്തു വീടെത്തും വരെ കൂടെത്തന്നെ നടക്കുമായിരുന്നു. ഈ പതിവ് തുടർന്നപ്പോൾ ഒരു ദിവസം ഞാൻ ഇത്തിരി ഗൗരവത്തിൽ തന്നെ ചോദിച്ചു: 'അല്ല, എനിക്ക് ശരിക്കും അറിയാമ്മേലാഞ്ഞിട്ട്ചോദിക്കുവാ, ഇങ്ങനെ എല്ലാദിവസവും അവിടെ വന്നുനിൽക്കണ്ട വല്ല കാര്യവുമുണ്ടോ, ഞാനിങ്ങോട്ടു തനിയെ വന്നോളൂല്ലേ, എന്നെയെന്താ ഇച്ചായന് അത്രയ്ക്കു വിശ്വാസമില്ലേ'

അപ്പോൾ ഇച്ചായന്റെ മറുപടി ഇങ്ങനെയായിരുന്നു:

'മോളേ, നിന്നെയല്ല, നിനക്ക് ചുറ്റുമുള്ളവരെയാണ് എനിക്ക് വിശ്വാസമില്ലാത്തത്'

അതെ, ഒരു പെൺകുട്ടിക്കും ചുറ്റുമുള്ളവരെ വിശ്വാസമില്ലാത്ത കാലത്തിനു അന്നും ഇന്നും യാതൊരു മാറ്റവുമില്ല എന്ന ഖേദകരമായ വസ്തുതയിലേക്കാണ് വീണ്ടും വീണ്ടും കണക്കുകളും കാഴ്ചകളും നമ്മളെ കൊണ്ടെത്തിക്കുന്നത്. NCRB(National Crime Records Bureau)യുടെ കണക്കനുസരിച്ചു ഓരോ മൂന്നു മിനിട്ടിലും ഒരു സ്ത്രീ ആക്രമിക്കപ്പെടുന്നു. 2019-ൽ കേരളത്തിൽ മാത്രം സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്തത് പതിനായിരത്തിലധികമാണ്. റിപ്പോർട്ട് ചെയ്യപ്പെടാതെ പോയത് എത്ര മാത്രമായിരിക്കുമെന്നുകൂടി ഓർക്കുക. എന്തിലേക്കാണിത് വിരൽചൂണ്ടുന്നത്? സമൂഹത്തിൽ കാലാനുകാലം നിലനിന്നു പോരുന്ന സ്ത്രീ വിരുദ്ധ മനോഭാവമാണ് ഇതിന്റെ അടിസ്ഥാനഹേതു.

സ്ത്രീകൾക്കെതിരെ എന്തക്രമം കാണിച്ചാലും രക്ഷപെടാമെന്നും നിയമത്തെ പേടിക്കേണ്ടതില്ലെന്നും ഇതിനകം നടന്ന കേസുകൾ സാക്ഷ്യം പറയുന്നു. ശിക്ഷകൾ കർശനമല്ലാത്തതും മറ്റൊരു കാരണമാണ്. തെറ്റ് ചെയ്തവനെ സംരക്ഷിക്കുന്ന സാമൂഹ്യവ്യവസ്ഥിതി മാറിയേപറ്റൂ. സമത്വവും തുല്യപരിഗണനയും ഭരണഘടനാപരമായും നിയമപരമായും ഉറപ്പാക്കിയിട്ടും സ്ത്രീകൾക്കെതിരെയുള്ള അക്രമവും സ്ത്രീകളോടുള്ള അവഗണനയും വിവേചനവും തുടരുകയാണ്. നിയമമുണ്ടായതുകൊണ്ടുമാത്രം കാര്യമാകുന്നില്ലല്ലോ. അത് ഫലപ്രദമാകണമെങ്കിൽ അതിനു വേണ്ടുന്ന സാമൂഹികമായ അവബോധവും, നിയമം കൃത്യമായി നടപ്പിലാക്കാനുള്ള സംവിധാനവും സൃഷ്ടിച്ചേ മതിയാവൂ.

എവിടെയാണ് നമുക്ക് പിഴച്ചത്? എവിടം മുതൽക്കെന്നു ചോദിക്കുന്നതാവും കൂടുതൽശരി. തകഴിയുടെ രണ്ടിടങ്ങഴിയിൽ കോരനൊപ്പം ചിരുതയെയും നിർത്തിയ പാത്രസൃഷ്ടി അന്നത്തെ വിവേചനങ്ങൾക്കെതിരെ പോരാടുവാൻ തൊഴിലാളികൾക്ക് ഊർജ്ജമേകുവാൻ മാത്രമായിരുന്നോ? നീതിക്കും തുല്യതക്കും വേണ്ടിയുള്ള സമരങ്ങളിൽ സ്ത്രീകളും ഒട്ടും പിന്നിലാവരുതെന്ന സന്ദേശം കൂടിയല്ലേ? ഏതുരംഗത്തും വേണ്ടുന്ന സ്ത്രീ പങ്കാളിത്തത്തിന്റെ ആവശ്യകതയിലേക്കുള്ള ഒരു കണ്ണ് തുറക്കൽകൂടിയല്ലേ?

ഒന്ന് പെറ്റുകഴിഞ്ഞ പെണ്ണിനെ തമ്പ്രാക്കന്മാര് നോക്കില്ല എന്ന് ചിരുതയോട് അവളുടെ കൂട്ടുകാരി പറഞ്ഞു കൊടുക്കുമ്പോൾ അത് കേൾക്കുന്ന ചിരുത കോരനോട് 'എനിക്ക് ഒന്ന് പെറണം' എന്ന് പറയുന്ന വികാരഭരിതമായ രംഗം മാനം കാത്തു രക്ഷിക്കാൻ ഒരു കർഷക സ്ത്രീ അക്കാ

ലത്ത് അനുഭവിക്കേണ്ടി വരുന്ന യാതനകളുടെ ആകെത്തുകയായി കാണാം. 'തുല്യജോലിക്ക് തുല്യവേതനം' എന്ന മുദ്രാവാക്യം ഉയർത്തുമ്പോഴും ലിംഗപരമായ മേധാവിത്തം നിലനില്ക്കുന്നുവെന്നും സ്ത്രീകൾ രണ്ടാംതരമാക്കപ്പെടുന്നു എന്നുമുള്ള സാമൂഹിക യാഥാർത്ഥ്യം 'ചിരുത'യിലൂടെ നമുക്ക് കാണാം.

ഇന്ത്യയിൽ ഒരു വ്യക്തിക്ക് ലഭിക്കേണ്ട എല്ലാ ജനാധിപത്യ പൗരാവകാശങ്ങളും സ്ത്രീകൾക്കും അവകാശപ്പെട്ടതാണ്. സ്ത്രീകൾ രാത്രി പോകുന്നത് തെറ്റ്, ഒറ്റയ്ക്ക് യാത്ര ചെയ്യുന്നത് തെറ്റ്, അന്യപുരുഷന്റെ കൂടെ പോകുന്നത്, ഒറ്റയ്ക്ക് സിനിമക്ക് പോകുന്നത്, ചില വസ്ത്രങ്ങൾ ധരിക്കുന്നത്, ആവഴിപോയത്, ഈ വഴി പോയത്, ഇങ്ങനെ തെറ്റുകളുടെ ഘോഷയാത്രതന്നെയാണ് അവളുടെ നേരെ അടിച്ചേൽപ്പിക്കപ്പെടുന്നത്. ഇതിലെല്ലാം പ്രകടമാകുന്നത്, മൊത്തമായി നിലനിൽക്കുന്ന സ്ത്രീ വൈരുദ്ധ്യത തന്നെയാണ്. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾക്ക് മറയാക്കപ്പെടുന്നതും മനപ്പൂർവ്വമായ ഈ കുറ്റാരോപണം തന്നെയാണ്. കുറ്റവാളികളാവട്ടെ, സമൂഹത്തിന്റെ ഈ മനോഭാവത്തോടെ രക്ഷപെടുകയും കുറ്റങ്ങൾ ആവർത്തിക്കുകയും ചെയ്യും.

വിവേകചൂഡാമണി ശ്ലോകം 174 പറയുന്നത് നോക്കൂ:

വായു നാ നീയതേ മേഘ:
പുനസ്തേ നൈവ നീയതേ
മനസാ കൽപ്യതേ ബന്ധോ
മോക്ഷസ്തേ നൈവ കൽപ്യതേ

കാറ്റ് മഴക്കാറിനെ അടിച്ചുകൊണ്ടു വരുന്നു. ആ കാറ്റ് തന്നെ മഴക്കാറിനെ അടിച്ച് തുരത്തുകയും ചെയ്യുന്നു. ബന്ധത്തെകൽപ്പിക്കുന്നത്മനസ്സാണ്മോക്ഷത്തെ കൽപ്പിക്കുന്നതും മനസ്സ്തന്നെ.

ഇതുതന്നെ വൈരുദ്ധ്യങ്ങളായ രണ്ടുകാര്യങ്ങളാണ്.

സ്ത്രീയുടെ ഉദരത്തിൽ പിറന്നവൻ, സ്ത്രീക്ക് നേരെ തന്നെ വാളെടുക്കുന്ന (വാക്കാലും പ്രവൃത്തിയാലും) വൈരുദ്ധ്യതക്കു വളം വെക്കുന്ന രീതിയിലാണ് ഇവിടുത്തെ നിയമവ്യവസ്ഥയും. ഒരു ഭാഗത്തു സ്ത്രീരക്ഷക്കനുകൂലമായ നിയമനിർമാണവും ഭേദഗതിയും നടക്കുമ്പോൾ തന്നെ, കുറ്റവാളികൾക്ക് രക്ഷപെടാനുള്ള പഴുതുകളും വിധികൽപനക്കുള്ള കാലതാമസവും അതെ നിയമം തന്നെ ഒരുക്കിക്കൊടുക്കുന്നു.

വർത്തകമാന കാലത്തിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ മാത്രമല്ല, ഇന്ന് നിലനിൽക്കുന്ന സ്ത്രീ വിരുദ്ധ മനോഭാവങ്ങളുടെ ആകെത്തുകയെ കണക്കിലെടുത്തുകൊണ്ടും, വിശകലനം ചയ്തുകൊണ്ടും ഒരുസമ്പൂർണ്ണവും സമഗ്രവുമായ സ്ത്രീപക്ഷനയം രൂപീകരിക്കേണ്ടതുണ്ട്.

സ്ത്രീകൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. പൊതു സ്ഥലങ്ങളിൽ സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്താനാവണം. കത്തുന്ന വഴിവിളക്കുകൾ, സ്ത്രീകൾക്കുവേണ്ടി വൃത്തിയുള്ള ശൗചാലയങ്ങൾ നാടൊട്ടാകെ ഉണ്ടാകണം. പൊതു യാത്രാസൗകര്യങ്ങൾ സ്ത്രീകൾക്ക് സുരക്ഷിതവും സ്വതന്ത്രമായും ഉപയോഗിക്കാനാകണം.

സാക്ഷരതയുടെ കാര്യത്തിൽ നാമേറെ മുന്നിൽ നിൽക്കുമ്പോഴും, ദൈവത്തിന്റെ സ്വന്തം നാടെന്നു കൊട്ടിഘോഷിക്കുമ്പോഴും സ്ത്രീ അമ്മയാണെന്നും ദേവിയാണെന്നും പരക്കെ പറയുമ്പോഴും, സ്ത്രീകൾക്കും കുട്ടികൾക്കും നിർഭയമായി പൗരാവകാശങ്ങൾ ആസ്വദിച്ചു ജീവിക്കാൻ കഴിയുന്ന നാടാക്കി കേരളത്തെ മാറ്റാൻ കഴിഞ്ഞിട്ടില്ല. ഭരണഘടന അനുശാസിക്കുന്ന സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ തുല്യതയും, ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും, ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും, പദവികളിലും അവസരങ്ങളിലും ലഭിക്കേണ്ട സമത്വവും സ്ത്രീകൾക്ക് സംപ്രാപ്തമാക്കുവാൻ കഴിയുന്ന തരത്തിലേക്ക് നിയമപരിരക്ഷ ഉറപ്പുവരുത്തണം.

മനുഷ്യത്വ രഹിതവുമായ പ്രവൃത്തികളും വാക്കുകളുമാണ് കൂടെ ജീവിക്കുന്നവരിൽ നിന്നുപോലും പലപ്പോഴും ഉണ്ടാകുന്നത് എന്നത് ഒരു സ്ത്രീയെ എത്രമാത്രം തളർത്തുമെന്നോ. ആയതിനാൽ നമുക്ക് കുടുംബത്തിൽ നിന്നുതന്നെ തുടങ്ങാം. എന്നു വച്ചാൽ സ്ത്രീയിൽ നിന്ന്, അമ്മയിൽ നിന്ന് തന്നെ തുടങ്ങാം. സ്ത്രീകളെ ബഹുമാനിക്കുന്ന ആണ്മക്കളെയും, സ്ത്രീകളുടെ ആത്മശക്തിയെയും, അവകാശത്തെയും തിരിച്ചറിയാനുള്ള ആത്മബോധമുള്ള പെൺമക്കളെയും ഒരേപോലെ സ്നേഹിച്ചു വളർത്താം. സമൂഹത്തിനു നന്മയുള്ള മനസ്സുകളെ പ്രദാനം ചെയ്യാൻ ഒരമ്മക്കല്ലാതെ ആർക്കാണാവുക.

ജാതിക്കും മതത്തിനും, കുടുംബത്തിനും, സ്വത്തിനും രാഷ്ട്രത്തിനും അതീതമായി ജീവിക്കാൻ നമ്മൾ പ്രാപ്തരാകുന്നതോടൊപ്പം തന്നെ, അടിസ്ഥാനപരമായി എല്ലാവരും മനുഷ്യരാണെന്നും ഉള്ള ഒരു അവബോധം എല്ലാവരിലും ഉണ്ടാവേണ്ടതും അത്യാവശ്യമാണ്. ഒരു കുഞ്ഞിന്റെ തീരുമാനമല്ല ഈ ഭൂമിയിലേക്ക് ആണായോ പെണ്ണായോ പിറന്നു വീഴുന്നത്. ഭൂമിയിൽ അവനും അവൾക്കും ജീവിക്കാൻ തുല്യമായ അവകാശമാണെന്ന് അവനും അവളും തിരിച്ചറിയട്ടെ. ശരീരം ശരീരത്തെയല്ല, മനസ്സ് മനസ്സിനെ കാണട്ടെ.

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു...





# സന്തോഷവും ആനന്ദവും



**ചേടിയത്ത് ഗീവർഗീസ് മൽപ്പാൻ**

ദൈവമക്കളായ നാം എപ്പോഴും സന്തോഷിക്കണമെന്ന് നമ്മുടെ കർത്താവ് ആഗ്രഹിക്കുന്നു. ദൈവം നമുക്ക് നൽകുന്ന സന്തോഷം എപ്പോഴും നമ്മിൽ ഉണ്ടായിരിക്കണം. നമ്മിൽ അതുണ്ടെങ്കിൽ, പ്രകാശ രശ്മി പോലെ അത് മറ്റുള്ളവരിലേക്ക് പ്രസരിക്കും. നമ്മിൽ നിന്ന് അത് കവിഞ്ഞൊഴുകണം. "എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" എന്ന് ഉദ്ഘോഷിച്ച അമ്മയാണ് നമ്മുടെ മാതൃക (ലൂ.1,47). "നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരി ക്കുന്നതിൽ സന്തോഷിക്കുവിൻ" എന്നാണ് നമ്മുടെ കർത്താവ് പറഞ്ഞിരിക്കുന്നത് (ലൂ.10,20). നമ്മുടെ സന്തോഷത്തിന്റെ യഥാർഥ കാരണം ഇതായിരിക്കണം.

പഴയനിയമത്തിൽ ഉടനീളം, പ്രത്യേകിച്ച് ഏശായായുടെ പ്രവച നങ്ങളിലും സങ്കീർത്തനങ്ങളിലും, സന്തോഷത്തെപ്പറ്റി പ്രസ്താവിക്കുന്നു: "നീ ജനത്തിന് അത്യധികം ആനന്ദം നൽകി" (ഏശാ.9,3). "ആർത്ത ട്ടഹസിക്കുവിൻ, സന്തോഷത്തോടെ കീർത്തനം ആലപിക്കുവിൻ" (ഏശാ.12,6). രക്ഷാദിനത്തിൽ "ആകാശമേ, ആനന്ദഗാനമാലപിക്കുക. ഭൂമിയേ, ആർത്തുവിളിക്കുക. മലകളേ, ആർത്തുപാടുക. കർത്താവ് തന്റെ ജനത്തോട് കരുണ കാണിക്കും" (ഏശാ. 40,13). സക്കറിയാ പ്രവാചകൻ പറയുന്നു: "സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക. ജറുസലേം പുത്രീ, ആർപ്പുവിളിക്കുക" (സക്ക.9,9).

"ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കട്ടെ. സീയോന്റെ മക്കൾ തങ്ങളുടെ രാജാവിൽ ആനന്ദിക്കട്ടെ. നൃത്തം ചെയ്തുകൊണ്ട് അവർ അവിടുത്തെ നാമത്തെ സ്തുതിക്കട്ടെ. തപ്പുകൊട്ടിയും കിന്നരം മീട്ടിയും അവർ അവിടുത്തെ സ്തുതിക്കട്ടെ. വിശ്വസ്ത ജനം ജയ ഘോഷം മുഴക്കട്ടെ. അവർ തങ്ങളുടെ കിടക്കകളിൽ ആനന്ദം കൊണ്ട് പാടട്ടെ. അവരുടെ കണ്ഠങ്ങളിൽ ദൈവസ്തുതി ഉയരട്ടെ' (സങ്കീ.149, 2-3.5-6).

ഈ ആശയും തന്നെ 150-ാം സങ്കീർത്തനത്തിലും കാണാം: "കാഹള നാദത്തോടെ അവിടുത്തെ സ്തുതിക്കുവിൻ. വീണയും കിന്നരവും മീട്ടി അവിടുത്തെ സ്തുതിക്കുവിൻ.... ഉച്ചത്തിൽ മുഴങ്ങുന്ന കൈത്താളം കൊട്ടി അവിടുത്തെ സ്തുതിക്കുവിൻ" (സങ്കീ. 150,3-5). നിറഞ്ഞ സന്തോഷം ഉണ്ടെങ്കിലേ മേൽപ്പറഞ്ഞവിധം സ്തുതിക്കാൻ കഴിയൂ. ഹൃദയം നിറയെ സന്തോഷമുള്ള ദൈവഭക്തനാണ് സ്തുതി ക്കാൻ ആഹ്വാനം ചെയ്യുന്നത്.

"പരിശുദ്ധാത്മാവിൽ ആനന്ദിക്കുന്ന" മിശിഹാ കർത്താവിനെ നാം കാണുന്നു (ലൂ.10,21). യേശുവിന്റെ ദൗത്യം തുടങ്ങിയപ്പോൾ സ്നാപകൻ വിളിച്ചു പറഞ്ഞു: "എന്റെ സന്തോഷം പൂർണമായിരിക്കുന്നു" (യോഹ.3,20). കർത്താവിന്റെ സന്തോഷം നമ്മിൽ വസിക്കണമെന്നും നമ്മുടെ സന്തോഷം പൂർണമാകണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നു (യോഹ.15,11). തന്റെ സന്ദർശനത്തിൽ ശിഷ്യരുടെ ദുഃഖം സന്തോഷമായി മാറുമെന്ന് നമ്മുടെ കർത്താവ് വാഗ്ദാനം ചെയ്യുന്നു (യോഹ.16,20). "ഞാൻ നിങ്ങളെ വീണ്ടും കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും. നിങ്ങളുടെ ആ സന്തോഷം നിങ്ങളിൽ നിന്ന് ആരും എടുത്തു കളയുകയില്ല" (യോഹ. 16,22).

ഉത്ഥാനം ചെയ്ത കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു (യോഹ. 20,20). അവർ ഹൃദയ ലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേർന്നിരുന്നു (നടപടി, 8,8). പീഡനങ്ങളുടെ നടുവിലും അവർ "ആനന്ദത്താലും പരിശുദ്ധാത്മാവിനാലും നിറഞ്ഞിരുന്നു" (നട.13,2). നവശിഷ്യരും സന്തോഷഭരിതരായി ജീവിതയാത്ര തുടർന്നു (നട.8,39). തടവറ സൂക്ഷിപ്പുകാരനും കുടുംബവും വിശ്വസിച്ച് അത്യധികം ആനന്ദിച്ചു (നട.16,34).

നമ്മുടെ കർത്താവ് നമ്മെ അനുസ്യൂതം സ്നേഹിക്കുന്നു. ഒരിക്കലും അവസാനിക്കാത്ത സ്നേഹത്താൽ അവിടുന്ന് നമ്മെ സ്നേഹിക്കുന്നു. അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല (വിലാ. 3,17.21-23.26). ദൈവം നമ്മെ സൃഷ്ടിച്ച നാൾ മുതൽ ഇന്നയോളം ചെയ്തിട്ടുള്ള നന്മകൾ ഓർത്ത് സന്തോഷിക്കണം. ജീവിക്കുന്ന

തിന്റെ സന്തോഷം നാം വർധമാന മാക്കണം.

നമുക്കു ലഭിച്ച വിശ്വാസം ഓർത്ത്, അവിടുന്ന് നമ്മെ രക്ഷിച്ചതോർത്ത്, അനുനിമിഷം പരിപാലിക്കുന്നതോർത്ത്, തന്റെ പരിശുദ്ധാ ത്മാവിനെ നമ്മിൽ സമൃദ്ധമായി വർഷിച്ചതോർത്ത്, നമ്മോടു കൂടെ നിത്യം വസിക്കുകയും തന്റെ ശരീര രക്തങ്ങളാൽ നമ്മെ പരിപോഷി പ്പിക്കുകയും ചെയ്യുന്ന തോർത്ത്, മനോഹരമായ ഈ ഭൗമിക പൂന്തോട്ടം നമുക്കായി സൃഷ്ടി ച്ചതോർത്ത്, ഇത്രത്തോളം കരുണാ പൂർവം വഴിനടത്തിയതോർത്ത്, ദൈവ സ്നേഹത്താൽ നമ്മുടെ ഹൃദയം നിറച്ച തോർത്ത്, നമുക്കുവേണ്ടി അനേകരെ ഉത്തേജിപ്പിച്ച തോർത്ത്, എന്നുതുടങ്ങി ഒരായിരം കാരണങ്ങളാൽ നമുക്ക് സന്തോ ഷചിത്തരായിരിക്കാം. ആ സന്തോഷം നമ്മുടെ ഉള്ളിൽ നിന്ന് കവി ഞ്ഞൊഴുകട്ടെ, ചിറപൊട്ടിയൊഴുകട്ടെ. ആ സന്തോഷം മറ്റുള്ളവരെ സന്തോഷ ചിത്തരാക്കട്ടെ. വി. പൗലോസ് ശ്ലീഹാ പറയുന്നു: "നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ. ഞാൻ വീണ്ടും പറയുന്നു, നിങ്ങൾ സന്തോഷിക്കുവിൻ" (1 തെസ്സ.4.4;5,16).

സന്തോഷിക്കാൻ ആഹ്വാനം ചെയ്തു കൊണ്ട് സങ്കീർത്തകൻ അതിനുള്ള കാരണവും നൽകുന്നു.

ഹൃദയസമാധാനവും ആന്തരിക സന്തുഷ്ടിയും സമൃദ്ധമായി നൽകുന്നത് ദൈവമാണ് (സങ്കീ.4,7). ദൈവം നൽകുന്ന വിമോചനം സന്തോഷ കാരണമാണ് (സങ്കീ.9,14). കർത്താവ് നൽകുന്ന രക്ഷ മറ്റൊരു കാരണമാണ് (സങ്കീ.13,5). കർത്താവ് സദാ കൂടെ യുള്ളതിനാൽ സന്തോഷിക്കാം. അവി ടുന്ന് കൺമുമ്പിലും വലത്തുവശ ത്തുമുണ്ട് (സങ്കീ.16,8). ആനന്ദ പൂർണ തയും ശാശ്വത സന്തോഷവും ദൈവ സന്നി ധിയിലത്രേ (സങ്കീ.16,11). കർത്താവ് ശക്തിയും പരിചയുമായതി നാലും കർതൃകാരുണ്യം അചഞ്ചലമായ തിനാലും സന്തോഷിക്കാം (സങ്കീ.28,7; 31,7). കർത്താവ് ആഗ്രഹങ്ങൾ സാധിച്ചു തരുന്നതിനാൽ അവനിൽ ആനന്ദിക്കാം (സങ്കീ.37,4). ദൈവഹിതം നിറവേറ്റു ന്നതിനാൽ സന്തോഷിക്കാം (സങ്കീ.40,8). ദൈവത്തെ പാടി സ്തുതിക്കുകയും പ്രകീർത്തി ക്കുകയും ചെയ്യുന്നത് ആനന്ദകാരണമാണ് (സങ്കീ.71,23). ദൈവത്തോട് ചേർന്നു നിൽക്കുമ്പോൾ ആനന്ദം ലഭിക്കും (സങ്കീ.73,28). ദൈവ ത്തിന്റെ പ്രവൃത്തികളും അത്ഭുത കർമങ്ങളും ആനന്ദിപ്പിക്കാൻ കാരണ മാണ് (സങ്കീ.92,4). കർതൃനിയമം പാലിക്കുന്നത് ആനന്ദകാരണമാണ് (സങ്കീ.1,2).

''കുന്നുകൾ സന്തോഷം അണി യുന്നു. താഴ്‌വരകൾ സന്തോഷം കൊണ്ട് ആർത്തു പാടുന്നു'' (സങ്കീ.65,12-13). "ഭൂവാസികളേ, ആഹ്ലാദത്തോടെ ദൈവ ത്തിന് ആർപ്പുവിളിക്കുവിൻ. ജനതക ളെല്ലാം ആഹ്ലാദിക്കുകയും ആനന്ദഗാനം ആലപിക്കുകയും ചെയ്യട്ടെ" (സങ്കീ. 66,1; 67,4). ''നീതിമാന്മാർ സന്തോഷ ഭരിതരാകട്ടെ. ദൈവസന്നിധിയിൽ അവർ ഉല്ലസിക്കട്ടെ. അവർ ആനന്ദം കൊണ്ട് മതിമറക്കട്ടെ. ദൈവത്തിന് സ്തുതി പാടുവിൻ" (സങ്കീ.68,3-4). "ഞാൻ സദാ സന്തോഷിക്കും. ദൈവത്തിന് ഞാൻ സ്തുതിഗീതമാലപിക്കും" (സങ്കീ.75,9).

"ദൈവത്തെ ഉച്ചത്തിൽ പാടിപ്പുകഴ് ത്തുവിൻ. അവന് ആനന്ദ ത്തോടെ ആർപ്പുവിളിക്കുവിൻ'' (സങ്കീ.81,1). "എന്റെ മനസ്സും ശരീരവും സജീവ ദൈവത്തിന് ആനന്ദഗാനം ആലപി ക്കുന്നു (സങ്കീ.84,2). ഉത്സവാ ഘോഷ ത്താൽ നിന്നെ സ്തുതിക്കുന്നവർ സദാ നിന്റെ നാമത്തിൽ ആനന്ദിക്കുന്നു (സങ്കീ.89,15-16). "ഞങ്ങളുടെ ആയു ഷ്ക്കാലമെല്ലാം ഞങ്ങൾ സന്തോഷി ച്ചുല്ലസിക്കട്ടെ. സന്തോഷിക്കാൻ ഞങ്ങ ൾക്ക് ഇടയാ ക്കണമെ'' (സങ്കീ. 90,14-15). ''നമുക്ക് സന്തോഷപൂർവം കർത്താവിനെ പാടിപ്പുകഴ്ത്താം. ആനന്ദത്തോടെ സ്തുതിഗീതങ്ങൾ ആലപിക്കാം (സങ്കീ.95,1-2).

"ആകാശം ആഹ്ലാദിക്കട്ടെ, ഭൂമി ആനന്ദിക്കട്ടെ സമുദ്രവും അതിലു ള്ളവയും ആർപ്പുവിളിക്കട്ടെ. വയലും അതിലുള്ളവയും ആഹ്ലാദിക്കട്ടെ. വനവൃ ക്ഷങ്ങൾ ആനന്ദഗീതം ഉതിർക്കട്ടെ'' (സങ്കീ. 96,11-12). "കർത്താവ് വാഴുന്നു. ഭൂമി സന്തോഷിക്കട്ടെ. ദ്വീപസമൂഹങ്ങൾ ആനന്ദിക്കട്ടെ. ഭൂമി മുഴുവൻ കർത്താ വിന് ആനന്ദഗീതം ആലപി ക്കട്ടെ. പർവതങ്ങൾ ആനന്ദഗീതം ആലപി ക്കട്ടെ" (സങ്കീ.97,1.12; 98,4-8; 100,1-2).

പ്രഭാഷകനിലും ഇതുപോലെയുള്ള പരാമർശം കാണാം: ''കർതൃഭക്തി മഹത്വവും ആനന്ദവും സന്തോഷവും ആഹ്ലാദത്തിന്റെ മകുടവുമാണ്..അത് ഹൃദയത്തെ ആനന്ദിപ്പിക്കുന്നു. സന്തോ ഷവും ആനന്ദവും ദീർഘായുസ്സും നൽകുന്നു. കർത്താവിന്റെ ഭക്തരേ, ഐശ്വ ര്യവും നിത്യാനന്ദവും അനുഗ്ര ഹവും പ്രതീക്ഷിക്കുവിൻ" (പ്രഭാ.1,11-12; 2,9). "പ്രസന്നവദനം ഹൃദയസന്തുഷ്ടി വെളിപ്പെടുത്തുന്നു'' (പ്രഭാ. 13,26). ഇതുപോല നിരവധി പരാമർശങ്ങൾ തിരുലിഖിതത്തിലുടനീളം കാണാം. ''ഞാൻ കർത്താവിൽ ആനന്ദിക്കും. എന്റെ രക്ഷകനായ ദൈവത്തിൽ സന്തോഷിക്കും" (ഹബ.3,18).






**ബ്രദർ വടക്കേതിൽ ജോർജ്ജ്**
മലങ്കര മേജർ സെമിനാരി നാലാഞ്ചിറ

# ഡിസംബർ മാസത്തിലെ മലങ്കര സുറിയാനി ആരാധന വർഷത്തിലെ വിശുദ്ധർ

### ഡിസംബർ 3
### മാർ ഫ്രാൻസിസ് സേവ്യർ (1506-1552)




നമ്മുടെ വിശ്വാസത്തിന്റെ പിതാവായ മാർത്തോമാ ശ്ലീഹാ കഴിഞ്ഞാൽ ഭാരതത്തിൽ നമ്മുടെ കർത്താവിന്റെ രക്ഷാകര സന്ദേശം അറിയിച്ച്, അനേകം പേരെ സത്യദൈവാരാധനയിലേക്ക് നയിച്ച മഹാ പരിശുദ്ധനായിരുന്നു മാർ ഫ്രാൻസിസ് സേവ്യർ. "ഒരു മനുഷ്യൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്ത് പ്രയോജനം" എന്ന ദൈവവചനത്തിലൂടെ വി. ഇഗ്നേഷ്യസ് ലയോള യേശു സ്നേഹത്തിന്റെ അഗാധതയിലേക്ക് കൊണ്ടു വന്ന യുവാവാണ് ഫ്രാൻസിസ് സേവ്യർ. 1506-ൽ സ്പെയിനിലെ ഹവാരയിൽ ജനിച്ച്, പാരിസ് സർവ്വകലാശാലയിൽ തത്വശാസ്ത്രധ്യാപകനായിരുന്ന ഈ യുവാവിന്റെ ഉള്ളിൽ മാർ ഇഗ്നേഷ്യസ് വിതച്ച വചനം മുളയ്ക്കുവാൻ മാസങ്ങളെടുത്തു. അങ്ങനെ 1534-ൽ മോൺമാത്രയിൽ ഇഗ്നേഷ്യസ് ഉൾപ്പെടെ 7 പേർ ചേർന്ന് ഈശോ സഭാ സ്ഥാപിച്ചു. സന്യാസത്തിന്റെ 3 വ്രതങ്ങളായ ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം, കൂടാതെ മാർപാപ്പയുടെ നിർദേശമനുസരിച്ചുള്ള സേവനവും അവർ വ്രതമായെടുത്തു. 1537-ൽ വെനിസിൽ വച്ച് വൈദികനായി. തുടർന്ന് വിവിധ ഇടങ്ങളിലെ ശുശ്രൂഷയ്ക്ക് ശേഷം, 1541-ൽ ഭാരതത്തിൽ ശുശ്രൂഷ ചെയ്യുവാൻ നിയോഗിതനാവുകയും ചെയ്തു. ഏകദേശം മൂന്നു ലക്ഷം പേരെ അദ്ദേഹം ജ്ഞാനസ്നാനപ്പെടുത്തി. ധാരാളം രോഗികളെ സൗഖ്യപ്പെടുത്തുകയും, ദരിദ്രരോടൊപ്പം സുവിശേഷം അറിയിച്ച് ഒരു വിനീത വൈദികനായി ശുശ്രൂഷ ചെയ്യുകയും ചെയ്തു. രാത്രിയാമങ്ങളിൽ അദ്ദേഹം ദീർഘനേരം പ്രാർത്ഥനയിൽ ചെലവഴിച്ചു. ഭാരതത്തിന് പുറമെ ശ്രീലങ്ക, മലയ, ജപ്പാൻ എന്നിവടങ്ങളിലും അദ്ദേഹം യേശു നാഥനെ പ്രഘോഷിച്ചു. ചൈനയെ മാനസാന്തരപ്പെടുത്തുവാനായി ജപ്പാനിൽ നിന്ന് ചൈനയിലേക്ക് യാത്ര ചെയ്യവെ സാൻസിയാൻ ദ്വീപിൽ വച്ച് 1552 ഡിസംബർ-2ന് പരിശുദ്ധൻ ടൈഫോയിഡ് പിടിപ്പെട്ട് മരണമടഞ്ഞു. മൃതദേഹം പെട്ടെന്ന് അഴുകുന്നതിന് വേണ്ടി ശരീരത്തിനിടയിലും മുകളിലും രണ്ട് ചാക്ക് കുമ്മായം മൂടിവെച്ച് സംസ്കരിച്ചിട്ടും ശാസ്ത്രത്തിന്റെ എല്ലാ കണക്കുകൂട്ടലുകളെയും അമ്പരപ്പിച്ച് ദൈവം പ്രവർത്തിച്ചു.

ഈ മഹാ പരിശുദ്ധന്റെ ശരീരം ഇന്നും അഴുകാതെ ഗോവയിലെ കത്തീഡ്രലിൽ സൂക്ഷിക്കുന്നു. 1662-ൽ ഗ്രിഗറി 15-ാമൻ മാർപാപ്പ വിശുദ്ധനായും, പിന്നീട് വി.പത്താം പീയൂസ് മാർപാപ്പ അദ്ദേഹത്തെ "മിഷൻ പ്രവർത്തനങ്ങളുടെ മധ്യസ്ഥനായി" ഉയർത്തുകയും ചെയ്തു. ഈ പുണ്യ പിതാവിന്റെ മധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ.

### ഡിസംബർ 4
### ഡമാസ്കസിലെ മോർ യൂഹാനോൻ (ഏ.ഡി 675-749)



മാർ യോഹന്നാൻ ഏ.ഡി 675-ൽ ഡമാസ്കസിൽ ജനിച്ചു. പൗരസ്ത്യ സഭയിലെ ഒരു സന്യാസിയായിരുന്നെങ്കിലും ഗ്രീക്ക്, ലത്തീൻ സഭകളുടെ അടിസ്ഥാന ദൈവശാസ്ത്രത്തിന്റെ വക്താവായിരുന്നു. സഭയിൽ 'Iconoclasm' ബൈസന്റയിൽ ചക്രവർത്തി ലെയോ മൂന്നാമൻ വിളമ്പരം വഴി പുറപ്പെടുവിച്ചപ്പോൾ മാർ യോഹന്നാൻ ശക്തമായി എഴുത്തുകളിലൂടെയും പ്രസംഗങ്ങളിലൂടെയും ഇത് പ്രബോധിച്ചു. ഇദ്ദേഹത്തിന്റെ ലേഖനങ്ങൾ ഹീരാ കൗൺസിൽ കൂടി ചക്രവർത്തി തള്ളിയെങ്കിലും 787-ലെ രണ്ടാം നിഖ്യാ സിനഡിലൂടെ രൂപങ്ങളെയും, പടങ്ങളെയും പൂജ്യമായി വണങ്ങേണ്ടതാണെന്ന പുരാതന വിശ്വാസം സഭയിൽ ഉറപ്പിച്ചു. തന്റെ അവസാന കാലം അദ്ദേഹം ചെലവഴിച്ചത് ജറുസലേമിലെ മാർ സാബായുടെ ദയറായിലാണ്. അവിടെ കഠിനമായ പ്രാർത്ഥനയും ഉപവാസവുമായി ജീവിച്ച് വരവെ ഏ.ഡി 749 അദ്ദേഹം ജറുസലേമിൽ വച്ച് കാലം ചെയ്തു. പരി.സഭയുടെ സത്യവിശ്വാസം ഉറപ്പിച്ച ഈ പുണ്യപുരുഷന്റെ പെരുന്നാൾ ഡിസംബർ 4-ന് സഭയിൽ ആചരിച്ചു വരുന്നു. പരിശുദ്ധന്റെ മാധ്യസ്ഥം നമുക്ക് കോട്ടയായിരിക്കട്ടെ.

### ഡിസംബർ 5
### (A) അലക്സാന്ത്രിയായിലെ മാർ ക്ലീമിസ്



അലക്സാണ്ട്രിയായിലെ ദൈവശാസ്ത്ര വിദ്യാലയത്തിലെ ദൈവശാസ്ത്ര വിദ്യാലയത്തിലെ പ്രമുഖ ചിന്തകനായിരുന്നു മാർ ക്ലീമിസ്. "ക്ലീമിസ്" എന്ന വാക്കിന്റെ അർത്ഥം മുന്തിരി വള്ളി എന്നാണ്. ജ്ഞാനവാദം (Gnosticism) എന്ന പാഷണ്ഡതയെ (ജ്ഞാനമാണ് ആത്മരക്ഷയ്ക്കുള്ള ഏകമാർഗ്ഗം) നഖശിഖാന്തം എതിർത്ത് സത്യവിശ്വാസം ഉറപ്പിച്ച ഈ മഹാ പരിശുദ്ധൻ ആഥൻസിലാണ് ജനിച്ചത്. ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ മാർ പന്തേനൂസിന്റെ കീഴിലാണ് മാർ ക്ലീമിസ് ദൈവശാസ്ത്രം അഭ്യസിച്ചത്. ഗ്രീക്ക് പ്ലേറ്റോണിക്ക് തത്വശാസ്ത്രത്തെ ഉപയോഗപ്പെടുത്തി ക്രൈസ്തവ വിശ്വാസത്തെ താത്വികമായി വിശദീകരിക്കുവാൻ മാർ ക്ലീമിസ് ബാവ നേതൃത്വം വഹിച്ചു. ഗ്രീക്ക് ഭാഷയിലെ 'Logos' വചനമായ മ്ശിഹാ തമ്പുരാനാണെന്നും മർത്യതയിൽ നിന്ന് അമർത്യതയിലേക്ക് അവനിൽ വിശ്വസിക്കുന്നതിലൂടെ നാം നയിക്കപ്പെടുമെന്നും, അതിനാൽ "വിശ്വാസം അറിവിനേക്കാൾ ഉപരിയാണ്"എന്നും ജ്ഞാനവാദത്തെ എതിർത്ത് "യഥാർത്ഥ ജ്ഞാനം" (True Gnosis) എന്തെന്ന് അദ്ദേഹം വിശ്വാസികളെ ഉദ്ബോധിപ്പിച്ചു. വിജാതിയരുടെ മറ്റ് ബലികളെക്കാൾ വി.കുർബാനയുടെ പ്രാധാന്യത്തെയും, അത്യാഗ്രഹത്തിൽ നിന്ന് അകന്നിരിക്കണമെന്നും വിശ്വാസികളെ അദ്ദേഹം പ്രബോധിപ്പിച്ചു. ദൈവശാസ്ത്രം പൂർണ്ണമായി വി.ഗ്രന്ഥത്തിലധിഷ്ഠിതമെന്നും അദ്ദേഹം പഠിപ്പിച്ചു. നമ്മുടെ സഭയുടെ തലവൻ പരി. കതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് മെത്രാൻ സ്ഥാനം സ്വീകരിച്ചപ്പോൾ ഈ പുണ്യ പുരുഷനെയാണ് നാമഹേതുകനായി സ്വീകരിച്ചത്. "വിശ്വാസം അറിവിനേക്കാൾ ഉപരിയാണ്". എന്ന് പഠിപ്പിച്ച ഈ മഹാപരിശുദ്ധന്റെ മാധ്യസ്ഥം നമുക്ക് അഭയവും, കോട്ടയുമായിരിക്കട്ടെ.


### ഡിസംബർ 5
### (B) മാർ സാബാസ് (439-532)



പാലസ്തീനിയൻ സന്യാസിമാരിൽ പ്രസ്ദ്ധനായ വി.സാബാസ് കുലീനരും, ഭക്തരുമായ മാതാപിതാക്കളിൽ നിന്ന് ജനിച്ചു. പിതാവായ ജോണിന് ദൂരെ ദേശത്ത് ജോലിക്ക് പോകേണ്ടി വന്നതിനാൽ ഒരു ബന്ധുവിന്റെ ഭവനത്തിലാണ് ബാല്യകാലം ചെലവഴിച്ചത്. എന്നാൽ ഭൗതിക സ്വത്തുക്കൾക്ക് വേണ്ടി കുടുംബാംഗങ്ങൾ തമ്മിലുള്ള വാഗ്വാദങ്ങൾ നേരിൽ കണ്ട സാബാസ് മനംമടുത്ത് പ്ളാവിയൻ ആശ്രമത്തിലേക്ക് പോയി. വീട്ടുകാർ തിരിച്ചുകൊണ്ടുപോകാൻ ശ്രമിച്ചെങ്കിലും ആശ്രമത്തിലെ ജീവിതത്തിന്റെ പരിശുദ്ധി ലോകത്തിലെ മറ്റൊരു ജീവിതത്തിനും ലഭിക്കുകയില്ലെന്ന് ബോദ്ധ്യം വന്നു. പത്തുകൊല്ലം ആശ്രമത്തിൽ ജീവിച്ചശേഷം വിശുദ്ധസ്ഥലം സന്ദർശിക്കുവാൻ പോവുകയും അവിടെ വച്ച് എവുത്തീമിയൂസ് എന്ന വിശുദ്ധന്റെ ആശ്രമത്തിൽ താമസമുറപ്പിച്ച് പ്രാർത്ഥനയിലും ധ്യാനത്തിലും മുഴുകി ജീവിച്ചു. എന്നാൽ എവുത്തീമിയൂസിന്റെ മരണശേഷം ആശ്രമത്തിലെ രീതികൾ സുഖലോലുപതയിലേക്ക് നീങ്ങുന്നത് കണ്ടപ്പോൾ സാബാസ് അവിടംവിട്ട് സെദ്രോൺ നദീതീരത്തുള്ള ഒരു ഗുഹയിൽ താമസിക്കുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ പ്രാർത്ഥന ജീവിതത്തിൽ ആകൃഷ്ടരായി അനേകം പേർ അദ്ദേഹത്തിന്റെ കൂടെ താമസിക്കാൻ

ആഗ്രഹിച്ചെങ്കിലും അവർക്ക് വേണ്ടി ഒരാശ്രമം സ്ഥാപിച്ചു. തന്റെ വിശുദ്ധിയുടെ പരിമളം തിരിച്ചറിഞ്ഞ ജറുസലേം പാത്രിയർക്കിസ് ബാവ തിരുമനസ്സ് കൊണ്ട് പാലസ്തീനായിലെ ദയറാക്കാരുടെ ആബോയായി നിയമിക്കുകയും ചെയ്തു. എ.ഡി 532-ൽ തന്റെ 94-ാമത്തെ വയസ്സിൽ അദ്ദേഹം സ്വർഗ്ഗലോകം പൂകി.

## ഡിസംബർ 6
## അന്ത്യോക്യായിലെ മോർ തെയോഫിലോസ്



അന്ത്യോക്യായിലെ 6-മത്തെ മെത്രാനായിരുന്ന മാർ തെയോഫിലോസ് യൂഫ്രട്ടീസിലാണ് ജനിച്ചത്. ഗ്രീക്ക് തത്വചിന്തയിൽ അവഗാഹം നേടിയ ഇദ്ദേഹം നിരന്തരമായ വി.ഗ്രന്ഥ പഠനത്തിന്റെയും, അന്വേഷണത്തിന്റെയും ഫലമായിട്ടാണ് സത്യവിശ്വാസത്തിലേക്ക് കടന്നു വന്നത്. യഥാർത്ഥ ദൈവ സങ്കൽപം ക്രൈസ്തവ ജീവിതത്തിലൂടെ മാത്രമെ പൂർണ്ണമാവുകയുള്ളൂ എന്ന് പഠിപ്പിച്ച അദ്ദേഹം വിജാതിയനായ ഔതോലിക്കസ്ന് എഴുതിയ 3 കൃതികളിൽ ഇപ്രകാരം പറയുന്നു. 1) ദൈവം മാത്രമാണ് ആരാധനയ്ക്ക് യോഗ്യൻ, അതിനാൽ ഭൗമിക രാജാരാധന തെറ്റെന്ന് പഠിപ്പിച്ചു. 2) ഏകദൈവ വിശ്വാസത്തിന്റെ പ്രാധാന്യം. 3) മനുഷ്യ ജീവിതത്തിന്റെ ഔന്നത്യവും, ധാർമ്മികതയും ക്രൈസ്തവ വിശ്വാസത്തിൽ മാത്രമെയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു.

മനുഷ്യനിലെ ആത്മാവ് മർത്യമോ, അമർത്യമോ അല്ലെന്നും ദൈവകല്പന അനുസരിക്കുന്നവർക്ക് ലഭിക്കുന്ന പ്രതിഫലമാണ് അമർത്യതയെന്നും അദ്ദേഹം പഠിപ്പിച്ചു. തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായും പനരൈക്യ സഹ ശില്പിയുമായിരുന്ന യോക്കോബ് മോർ തെയോഫിലോസ് തിരുമേനി ഈ പരിശുദ്ധനെയായിരുന്നു നാമഹേതുകനായി സ്വീകരിച്ചത്. "തെയോഫിലോസ്"എന്ന വാക്കിന്റെ അർത്ഥം "ദൈവത്തിന്റെ സ്നേഹിതൻ" എന്നാണ്. അതിനാൽ സ്നേഹമായ ദൈവത്തെ ക്രൈസ്തവ വിശ്വാസത്തിലൂടെ മാത്രമെ തിരിച്ചറിയാൻ സാധിക്കുകയുള്ളൂ എന്ന് പ്രബോധിപ്പിച്ച ഈ പുണ്യവാന്റെ മാതൃക നമുക്ക് കോട്ടയായിരിക്കട്ടെ.

## ഡിസംബർ 7
## മാർ അംബ്രോസ് (ഏ.ഡി 340–397)



പാശ്ചാത്യ സഭയിലെ വേദപാരംഗതരിൽ പ്രമുഖനായിരുന്ന മാർ അംബ്രോസ് ഏ.ഡി 340-ൽ ജർമ്മനിയിലെ ട്രയറിൽ ഭൂജാതനായി. പിതാവ് ഫ്രാൻസിലെ ഗവർണ്ണരായിരുന്നു. നിയമപഠനം പൂർത്തിയാക്കിയ അംബ്രോസ് റോമിൽ അഭിഭാഷകനായിരിക്കെ വടക്കൻ ഇറ്റലിയിലെ രണ്ട് പ്രദേശങ്ങളുടെ ഗവർണ്ണറായി നിയമിതനായി. ആരോടും പക്ഷപാതം കാണിക്കാതെ നല്ല നിലയിൽ സേവനം ചെയ്തത് വഴിയായി എല്ലാവരുടെയും പ്രീതി പിടിച്ചുപറ്റുന്നതിന് ഇതിലൂടെ കാരണമായി. ഏ.ഡി 374-ൽ ആര്യൻ പക്ഷക്കാരനായ മിലാനിലെ മെത്രാപ്പോലീത്താ കാലം ചെയ്തപ്പോൾ, പുതിയ മെത്രാനെ തെരഞ്ഞെടുക്കുവാൻ യോഗം ചേർന്നു. ആരിയൂസ് പക്ഷക്കാരും സത്യവിശ്വാസികളായ കത്തോലിക്കരും തമ്മിൽ വലിയ ബഹളവും, തർക്കവുമുണ്ടാവുകയും ചെയ്തപ്പോൾ പ്രശ്ന പരിഹാരത്തിനായി അംബ്രോസ് അവിടെ സന്നിഹിതനായി അവരെ അഭിസംബോധന ചെയ്യവെ, ഒരു കുട്ടി ഉച്ചത്തിൽ വിളിച്ചുപറഞ്ഞു "അംബ്രോസ് മെത്രാനാകട്ടെ" എന്ന്. അങ്ങനെ വിശ്വാസികളുടെ ഏകാഭിപ്രായം ഈ ശുശ്രൂഷ ഏറ്റെടുക്കുന്നതിന് അദ്ദേഹം നിർബന്ധിതനായി. അങ്ങനെ 34-ാം വയസ്സിൽ അദ്ദേഹം മാമോദീസ സ്വീകരിച്ച് എട്ട് ദിവസം കൊണ്ട് പടിപടിയായി മെത്രാൻ സ്ഥാനമേറ്റു. തന്റെ ഇടയ ശുശ്രൂഷ തുടങ്ങുന്നതിന് മുൻപ് തന്റെ സ്വത്തുക്കളും, സമ്പാദ്യവും എല്ലാം സഭയ്ക്കും, ദരിദ്രർക്കും പങ്കു വച്ചു. തുടർന്ന് അദ്ദേഹം വി.ഗ്രന്ഥവും, സഭാ പിതാക്കന്മാരുടെ പ്രബോധനങ്ങളും പഠിക്കുകയും ആര്യൻ പാഷണ്ഡതയ്ക്ക് എതിരെ ശക്തമായി നിലകൊള്ളുകയും ചെയ്തു (Hammer of Ariyanism). ഇങ്ങനെ നിലകൊണ്ടതിനാൽ ശത്രുക്കൾ അദ്ദേഹത്തെ അപായപ്പെടുത്താൻ പലപ്പോഴും ശ്രമിച്ചിരുന്നു. ആര്യൻ പാഷണ്ഡകരുടെ പ്രേരണയാൽ പേർഷ്യൻ ബസലിക്കാ കൊടുക്കുവാൻ ശ്രമിച്ച ചക്രവർത്തിയോട് മാർ അംബ്രോസ് പിതാവ് ഇപ്രകാരം പറഞ്ഞു "താങ്കൾ സഭയിലെ ഒരംഗമാണ്, അല്ലാതെ തിരുസഭയ്ക്ക് മേലിലല്ല". രാജാവ് ആചാര്യന്മാർക്കൊപ്പം മദ്ബഹായിൽ നിലകൊള്ളുന്നതിനെയും അദ്ദേഹം വിലക്കി. വി.അഗസ്റ്റിന്റെ മാനസാന്തരത്തിന് വി.അബ്രോസിന്റെ പ്രസംഗങ്ങളും, എഴുത്തുകളുമാണ് കാരണമായത്. ലത്തീൻ ആരാധനക്രമത്തിലെ മിക്ക ആരാധനാ ഗീതങ്ങളും ഈ പിതാവിനാൽ രചിക്കപ്പെട്ടവയാണ്. കത്തോലിക്ക സഭയിൽ ഒരു കാലത്ത് "അംബ്രോസിയൻ റീത്ത്" നിലവിലുണ്ടായിരുന്നു. മിലാനിലെ പരി.സഭയുടെ നിർണ്ണായക കാലഘട്ടത്തിൽ ദൈവത്താൽ നിയോഗിക്കപ്പെട്ട് സത്യവിശ്വാസം നിലനിർത്തിയ ഈ പുണ്യവാൻ ഏഡി 397-ൽ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. 1295-ൽ ബോനിഫസ് 8-ാമൻ മാർപാപ്പ ഇദ്ദേഹത്തെ വേദപാരംഗതനായി പ്രഖ്യാപിച്ചു.


## ഡിസംബർ 8
## വി. ദൈവമാതാവിന്റെ അമലോത്ഭവ തിരുന്നാൾ



ഫ്രാൻസ്സ്ക്കൻ ദൈവശാസ്ത്രജ്ഞനായ ഡൺസ്കോട്ട് ഇപ്രകാരം പറഞ്ഞു "ദൈവത്തിന് ആരെയും ഉത്ഭവ പാപത്തിൽ നിന്ന് ഒഴിവാക്കാവുന്നതാണ്. കന്യകാമറിയത്തെ പ്രസ്തുത നിയമത്തിൽ നിന്ന് ഒഴിവാക്കുക ഉചിതമായിരുന്നു. അതിനാൽ ഉചിതമായവ ചെയ്യുന്ന ദൈവം മറിയത്തെ അമലോത്ഭവയായി സൃഷ്ടിച്ചു". പരിശുദ്ധ സഭയിൽ ഈ വിശ്വാസം ആദ്യകാലം മുതൽ തന്നെ നിലവിലിരുന്നു. എന്നാൽ 1854 ഡിസംബർ 8-ാം തീയതി അവർണ്ണനീയ ദൈവം (Inffabilis Deus) എന്ന തിരുവെഴുത്ത് വഴി 9-ാം പീയൂസ് മാർപാപ്പ വിശ്വാസസത്യമായി ഇപ്രകാരം നിർവചിച്ചു. "അഖണ്ഡവും പരിശുദ്ധവുമായ ത്രിത്വത്തിന്റെ സ്തുതിക്കും കന്യകയായ ദൈവമാതാവിന്റെ മഹത്വത്തിനും അലങ്കാരത്തിനും കത്തോലിക്കാ വിശ്വാസത്തിന്റെ പുകഴ്ചയ്ക്കും കത്തോലിക്കാ സഭയുടെ പ്രചാരത്തിനുമായി നമ്മുടെ കർത്താവേശുമിശിഹായുടെയും പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെയും നമ്മുടെയും അധികാരത്തോടുകൂടെ നാം അധ്യവസാനം ചെയ്യുകയും നിർവചിച്ച് പ്രഖ്യാപിക്കുകയും ചെയ്യുന്നു. എത്രയും ഭാഗ്യപ്പെട്ട കന്യകാമറിയം ഉത്ഭവത്തിന്റെ നിമിഷം മുതൽ മനുഷ്യവംശത്തിന്റെ രക്ഷകനായ മിശിഹാ നാഥന്റെ യോഗ്യതകളെ പ്രതി സർവ്വശക്തനായ ദൈവം നൽകിയ പ്രത്യേക വരത്താലും ആനുകൂല്യത്താലും ഉത്ഭവ പാപത്തിന്റെ സകല മാലിന്യത്തിൽ നിന്നും സംരക്ഷിക്കപ്പെട്ടുവെന്നുള്ളത് ദൈവം വെളിപ്പെടുത്തിയതും അതിനാൽ ഉറച്ച് വിശ്വസിക്കേണ്ടതുമാണ്".

മാർപാപ്പയുടെ ഈ പ്രഖ്യാപനത്തെ ഉറപ്പിച്ചുകൊണ്ട് 1858 മാർച്ച് 25-ാം തീയതി ലൂർദ്ദിൽ ദൈവമാതാവ് വി.ബോർണദീത്തയ്ക്ക് പ്രത്യക്ഷപ്പെട്ടു പറഞ്ഞു "ഞാൻ അമലോത്ഭവയാണ്".

## ഡിസംബർ 9
## മോർ യൂഹാനോൻ മാംദാനയുടെ ജനനം



"സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ യൂഹാനോനെക്കാൾ വലിയവനില്ല" എന്ന് നമ്മുടെ കർത്താവ് സാക്ഷ്യപ്പെടുത്തിയ മഹാപരിശുദ്ധനായിരുന്നു മാർ യൂഹാനോൻ മാംദോനാ. കർത്താവിന് വഴിയൊരുക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ദൗത്യം. പരിശുദ്ധന്റെ ജനനത്തെക്കുറിച്ചും, അതിനു ശേഷമുള്ള കാര്യങ്ങളും വി.ലൂക്കോസിന്റെ സുവിശേഷം (1: 5-24; 39-45; 57-66) നമുക്ക് കാണുവാൻ സാധിക്കും. നമ്മുടെ സഭയിൽ കർത്താവിന്റെ ജനനത്തിരുന്നാളിന് ശേഷം പ്രാധാന്യം കൊടുക്കുന്ന രണ്ട് ജനനത്തിരുന്നാളുകളിൽ ഒന്നാണ് വി.സ്നാപകന്റെ ജനനപെരുന്നാൾ. വി.കുർബാനയുടെ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ "കർത്താവേ നിന്നെ പ്രസവിച്ച മറിയാമും, നിനക്ക് മാമോദിസാ നൽകിയ യോഹന്നാനും ഞങ്ങൾക്കു വേണ്ടി നിന്നോട് അപേക്ഷിക്കും" എന്ന് പറഞ്ഞ് തുടങ്ങുക. അബിയായുടെ ഗണത്തിൽ സഖറിയായുടെയും, എലിസബത്തിന്റെ മകനായിരുന്ന യോഹന്നാൻ തന്റെ ശുശ്രൂഷയ്ക്കു മുൻപ് മരുഭൂമിയിൽ കഠിന തപശ്ചര്യകളിൽ മുഴുകി. വെട്ടു കിളിയും കാട്ടു തേനുമായിരുന്നു ഭക്ഷണം. അതിനുശേഷം മാനസാന്തരത്തിന്റെ സന്ദേശം അറിയിച്ചുകൊണ്ട് ജനങ്ങളെ കർത്താവിന് ഒരുക്കികൊടുത്തു. അങ്ങനെ ജനങ്ങൾ വിചാരിച്ചു വരുവാനിരിക്കുന്ന രക്ഷകൻ ഇവൻ തന്നെയാണ്, ഇതിന് യോഹന്നാൻ പറഞ്ഞത്: "അവന്റെ ചെരുപ്പിന്റെ കെട്ടുകൾ അഴിക്കാൻ പോലും താൻ യോഗ്യനല്ല എന്നാണ്". കർത്താവിന്റെ ശിഷ്യന്മാരിൽ ചിലർ സ്നാപക യോഹന്നന്റെ ശിഷ്യസമൂഹത്തിൽ പെട്ടവരായിരുന്നു. കർത്താവിന് മുന്നോടിയായി വന്ന്, പ്രവാചകന്മാരിൽ അവസാന പ്രവാചകൻ ആയ യോഹന്നാൻ സ്നാപകന്റെ ജീവിതം അനുകരിച്ച് സത്യത്തിന് സാക്ഷിയാകുവാനും, അനേകരെ ക്രിസ്തുവിലേക്ക് ആനയിക്കുവാനും നമുക്ക് പരിശ്രമിക്കാം.

## ഡിസംബർ 10
## മാർ ബഹനാൻ സഹദായും, സോദരി മാർത്ത് സാറായും, 40 സഹദേന്മാരും

പേർഷ്യയിലെ, അശൂർ എന്ന ദേശത്തെ സെൻഹെറിബ് രാജാവിന് രണ്ടു മക്കളായിരുന്നു ഉണ്ടായിരുന്നത്. ബഹനാൻ രാജകുമാരനും, സാറാ രാജകുമാരിയും. കർക്കശസ്വഭാവം വച്ചുപുലർത്തിയിരുന്ന രാജാവിൽ നിന്ന് വിഭിന്ന സ്വഭാവമുള്ളവരായിരുന്നു രാജകുമാരനും രാജകുമാരിയും. രാജകുമാരന്റെ കൂടെ അതിനാൽ എപ്പോഴും ഒരു കൂട്ടം സ്നേഹിതന്മാരും ഉണ്ടായിരുന്നു. എങ്കിലും രാജകുമീരിയുടെ തീരാവ്യാധി രാജകുടുംബത്തെ ഒത്തിരുയേറെ അലട്ടിയിരുന്നു. നായാട്ടിൽ തത്പരനായിരുന്ന ബഹനാൻ രാജകുമാരൻ തന്റെ വിശ്വസ്തരൊന്നിച്ച് പോകുന്ന വഴിയിൽ ഒരു മലയാടിനെ കാണുകയും അതിന്റെ പുറകെ പോയിഎത്തിച്ചേർന്നത് ഒരു പരിശുദ്ധനായ സന്യാസിയുടെ പക്കലാണ്. മാർ മത്തായി എന്ന പരിശുദ്ധന്റെ പക്കൽ ബഹനാൻ


രാജകുമാരൻ കാര്യങ്ങൾ ചോദിച്ചറിഞ്ഞ് "നിത്യജീവൻ പ്രാപിക്കാൻ രക്ഷകനായ മിശിഹായിൽ വിശ്വസിക്കണം" എന്ന് മാർ മത്തായി റമ്പാൻ രാജകുമാരനോട് ഉപദേശിച്ചു. പരിശുദ്ധന്റെ ഉപദേശങ്ങൾ സന്തോഷത്തോടെ സ്വീകരിക്കുകയും, രാജകുമാരിയുടെ തീരാവ്യാധിയിൽ നിന്ന് വിടുതൽ നേടിതരാൻ പ്രാർത്ഥിക്കണമെന്നും മാർ മത്തായിയോട് ബഹനാൻ രാജകുമാരൻ അപേക്ഷിച്ചു. അങ്ങനെ രാജകുമാരന്റെ ആവശ്യപ്രകാരം മാർ മത്തായി അശൂറിലെത്തി സാറാ രാജകുമാരിയോട് യേശുവിൽ വിശ്വസിച്ച് ജ്ഞാനസ്നാനപ്പെട്ടാൽ രോഗത്തിൽ നിന്ന് വിമുക്തി നേടും എന്ന് പറഞ്ഞതനുസരിച്ച് രാജകുമാരി അതിന് തയ്യാറാവുകയും ജ്ഞാനസ്നാനത്തിനു ശേഷം അവളുടെ രോഗത്തിൽ നിന്ന് വിടുതൽ പ്രാപിക്കുകയും ചെയ്തു. ഈ സംഭവത്തിന് സാക്ഷിയായിരുന്ന രാജകുമാരനും, കൂട്ടരും മിശിഹാനാഥനിൽ വിശ്വസിച്ച് ജ്ഞാനസ്നാനമേറ്റു. തന്റെ മക്കൾ വേറൊരു വിശ്വാസത്തിൽ ചേർന്നു എന്ന് അറിഞ്ഞ രാജാവ് കോപിക്കുകയും അവരെ വധിക്കാൻ കല്പനയിറക്കുകയും ചെയ്തു. അങ്ങനെ പടയാളികളാൽ ബഹനാൻ രാജകുമാരനും സാറാ രാജകുമരിയും 40 സഹദേന്മാരും യേശുവിന്റെ നാമത്തിൽ രക്തസാക്ഷികളായി. എന്നാൽ ഈ സംഭവത്തിന് ശേഷം രാജാവ് മാനസികമായും ശാരീരികമായും തളർന്നു, രാജ്ഞിയുടെ നിർദേശപ്രകാരം മാർ മത്തായിയെ കൊട്ടാരത്തിൽ വിളിച്ച് വരുത്തുകയും യേശുവിൽ വിശ്വസിച്ച് സ്നാനപ്പെട്ടാൽ തന്റെ ഈ പ്രശ്നങ്ങളിൽ നിന്ന് വിമുക്തി നേടും എന്നു പറഞ്ഞ മാർ മത്തായിയുടെ നിർദേശം അനുസരിച്ച് രാജാവ് സത്യവിശ്വാസം സ്വീകരിക്കുകയും ചെയ്തു. മാർ മത്തായിയുടെ നിർദേശപ്രകാരം രാജാവ് തന്റെ മക്കളും, 40 സഹദേന്മാരും വധിക്കപ്പെട്ട സ്ഥലത്ത് ചെന്ന് പ്രാർത്ഥിക്കുകയും പിന്നീട് അവിടെ ഒരു ദൈവാലയം പണിയുകയും ചെയ്തു. തന്നെയും തന്റെ രാജ്യത്തെയും സത്യവിശ്വാസത്തിലേക്ക് നയിച്ച മാർ മത്തായി റമ്പാന് പിന്നീട് രാജാവ് ഒരു ദയറാ പണിതു നല്കുകയും അതിന് സമീപത്തായി ഒരു സഹദാ മന്ദിരം പണിത് മാർ ബഹനാൻ സഹദായുടെയും, മർത്ത് സാറായുടെയും 40 സഹദേന്മാരുടെയും അസ്ഥികൾ അവിടേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. "പിശാചുക്കളെ ഓടിക്കുന്ന സഹദാ" എന്ന പേരിൽ അറിയപ്പെടുന്ന ഈ സഹദായുടെ നാമത്തിൽ മലങ്കര സഭയും, അന്ത്യോക്യൻ പാരമ്പര്യമുള്ള മറ്റ് സഭകളിലും അനേകം ദൈവാലയങ്ങളുണ്ട്. മാർ ബഹനാൻ സഹദായുടെയും, മർത്ത് സാറായുടെയും 40 സഹദേന്മാരുടെയും പ്രർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.



## ഡിസംബർ 14

### (A) ക്രൂശിന്റെ മാർ യോഹന്നാൻ (1542-1591)

സ്പെയിനിലെ ആവിലായ്ക്ക് സമീപം ഫൊണ്ടിഫെറോസ് എന്ന സ്ഥലത്ത് 1542-ൽ മാർ യോഹന്നാൻ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് ഒരു ധനികനായിരുന്നുവെങ്കിലും താഴ്ന്ന നിലയിലുള്ള ഒരു യുവതിയെ വിവാഹം കഴിച്ചതിനാൽ സ്വകുടുംബത്തിൽ നിന്ന് നിഷ്കാസിതനായി. അതോടെ അവരുടെ ദാരിദ്ര്യം വർദ്ധിച്ചു. പിതാവിന്റെ പെട്ടെന്നുള്ള മരണവും വീട്ടിലെ സാഹചര്യങ്ങളും കാരണം അദ്ദേഹം പോകുന്നതിന് ഇടയായി. 21-ാം വയസ്സിൽ തീവ്രമായ ആഗ്രഹത്തോടെ കർമ്മലീത്ത സഭയിൽ ചേരുകയും, അങ്ങനെ 1567-ൽ വൈദികനാവുകയും ചെയ്തു. കഠിനമായ ഉപവാസവും, പ്രാർത്ഥനയും പ്രാശ്ചിത്തവും അനുഷ്ഠിച്ച് ജീവിച്ച് വരവെ കർമ്മലീത്താ സഭയുടെ നവീകരണത്തിൽ ഏർപ്പെട്ടിരുന്ന അമ്മത്രേസ്യ യോഹന്നാന്റെ വിശുദ്ധിയെപ്പറ്റി കേട്ടറിഞ്ഞ് നവീകരണ പരിപാടികൾക്ക് തുടക്കമിട്ടതിന്റെ ഫലമായി പഴയനിയമമനുസരിച്ച് ജീവിക്കാൻ ആരംഭിച്ചു. ഇവർ ചെരുപ്പ് ധരിക്കാതിരുന്നതിനാൽ "നിഷ്പാദുക കർമ്മലീത്തർ" എന്നറിയപ്പെടുവാൻ തുടങ്ങി. എന്നാൽ വിശുദ്ധന്റെ ഈ പ്രവർത്തനങ്ങളിൽ ഇഷ്ടപ്പെടാതിരുന്ന സഭാധികാരികൾ പാഷണ്ഡത ആരോപിച്ച് അദ്ദേഹത്തെ ജയിലിലടച്ചു. ഇവിടെ വച്ചാണ് ലോക പ്രസിദ്ധമായ കവിതകൾക്ക് അദ്ദേഹം ജന്മം നൽകിയത്. അങ്ങനെ ദൈവിക ഇടപെടലിലൂടെ ജയിൽ മോചിതനാവുകയും സഭാ ഭരണത്തിൽ വ്യാപൃതനായി വരവെ നിരവധി സഹനങ്ങൾ നേരിടേണ്ടി വന്നെങ്കിലും ദൈവാശ്രയത്തിൽ അദ്ദേഹം സധൈര്യം മുന്നേറി. അദ്ദേഹം ഇപ്രകാരം പറഞ്ഞു വയ്ക്കുന്നു: "ദൈവം അമ്മയെപ്പോലെയാണ്, ഓരോ പ്രായത്തിലും ആവശ്യമുള്ളത് തരും; കുരിശില്ലാതെ മിശിഹാ നാഥനെ അന്വേഷിക്കരുത്". പരിശുദ്ധ സഭയിലെ അറിയപ്പെടുന്ന മിസ്റ്റിക്കുകളിലൊരാളായി ജീവിച്ച ഈ പുണ്യപുരുഷൻ 1591-ൽ കർതൃസന്നിധിയലേക്ക് കർത്താവേ എന്റെ ആത്മാവിനെ അങ്ങേ കൈകളിൽ ഭരമേല്പിക്കുന്നു. എന്ന് ഉച്ചരിച്ച് യാത്രയായി. 1926-ൽ പരി.11-ാം പീയുസ് മാർപാപ്പ അദ്ദേഹത്തെ വേദപാരംഗതനായി ഉയർത്തി. ഈ പരിശുദ്ധന്റെ മാധ്യസ്ഥം നമുക്ക് അഭയമായിരിക്കട്ടെ.



**ഡിസംബർ 14**

**(B) മാർ അബ്രഹാം കിദുനോയോ**



ഏ.ഡി. മൂന്നാം നൂറ്റാണ്ടിൽ ഏദേസ്സായിലെ ഒരു സമ്പന്ന കുടുംബത്തിൽ മാർ അബ്രഹാം ഭൂജാതനായി. മാതാപിതാക്കളുടെ ആഗ്രഹപ്രകാരം നല്ല നിലയിൽ വിദ്യാഭ്യാസം പൂർത്തിയാക്കി വിവാഹമാലോചിച്ച് ഉറപ്പിച്ച് മുന്നോട്ട് പോകവെ, തന്റെ ഭാവി വധുവിനോട് തനിക്ക് ജീവിതം ദൈവത്തിന് സമർപ്പിക്കാനാണ് ഇഷ്ടം എന്ന് പറഞ്ഞതിനാൽ അവൾ സന്തോഷത്തോടെ അത് അംഗീകരിച്ചു. അങ്ങനെ തന്റെ ഭവനത്തിൽ നിന്ന് യാത്രയായി ഒരു ഗുഹയിൽ വാസമുറപ്പിക്കുകയും നീണ്ട പത്തുവർഷക്കാലം പ്രാർത്ഥനയിലും ധ്യാനത്തിലും അദ്ദേഹം ജീവിതം ഒഴിഞ്ഞു വച്ചു. മാതാപിതാക്കളുടെ മരണശേഷം തന്റെ വിശുദ്ധ ജീവിതം കണ്ട് അനേകം പേർ അദ്ദേഹത്തെ അനുഗമിക്കാൻ ആഗ്രഹിച്ചു. മാർ അബ്രഹാമിന്റെ ജീവിത വിശുദ്ധിയെപ്പറ്റി കേട്ടറിഞ്ഞ ഏദേസ്സാ മെത്രാൻ അബ്രഹാമിനെ വൈദികാഭിഷേകം ചെയ്യുകയും "ബെത്ത് കിദുനാ" എന്ന പ്രദേശത്തേക്ക് അയക്കുകയും ചെയ്തു. ആ പ്രദേശത്തെ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും മോചിപ്പിക്കുകയും ജനങ്ങളെ സത്യവിശ്വാസത്തിലേക്ക് ആനയിക്കുകയും ചെയ്തു. എന്നാൽ തന്റെ ജീവിതം ലൗകീകതയിലേക്ക് തിരിയുന്നു എന്ന് ബോധ്യമായ നിമിഷം അദ്ദേഹം എദ്ദേസായിലെ ഒരു ഗുഹയിൽ ശിഷ്ടകാലം പ്രാർത്ഥനയിലും ഉപവാസത്തിലും ചെലവഴിച്ച് വരെ ഏ.ഡി 360-ൽ ദൈവസമ്മാനത്തിനായി വിളിക്കപ്പെട്ടു. പരിശുദ്ധന്റെ മാതൃകയനുസരിച്ച് ജീവിക്കാൻ നമുക്ക് പരിശ്രമിക്കാം.



**ഡിസംബർ 17**

**മാർ റാബുള്ള**

സുറിയാനി പാരമ്പര്യമുള്ള സഭകളെല്ലാം ഉപയോഗിച്ചു വന്നിരുന്നത് പ്ശീത്താ ബൈബിളായിരുന്നു. പ്ശീത്തായുടെ പഴയനിയമം യഥാർത്ഥ ഹീബ്രൂവിൽ നിന്നും, പുതിയനിയമം ഗ്രീക്ക് ഭാഷയിൽ നിന്നുമാണ്. പൂർണ്ണമായും ഗ്രീക്ക് ഭാഷയില്ലെങ്കിലും പഴയ സുറിയാനിയുടെ പരിഷ്ക്കരിച്ച പതിപ്പാണ് ഇപ്പോൾ നിലവിലുള്ള പ്ശീത്താ ബൈബിൾ. പ്ശീത്തായുടെ പുതിയനിയമ പതിപ്പ് പരിഷ്ക്കരിച്ചത് എദ്ദേസായിലെ മെത്രാനായിരുന്ന മാർ റാബുള്ളയായിരുന്നു.

**ഡിസംബർ 18**


**മൈലാപൂരിലെ അത്ഭുത കുരിശ്**

മാർത്തോമാ സുറിയാനി ക്രിസ്ത്യാനികളുടെ മതസാംസ്കാരിക ചിഹ്നമാണ് മാർത്തോമാ സ്ലീബാ. പോർട്ടുഗീസുകാരുടെ വരവിന് മുമ്പ് വരെ സുറിയാനി ക്രിസ്ത്യാനികളുടെ തനിമ നിലനിന്നിരുന്നത് ഈ ചിഹ്നത്തിലൂടെയാണ്. പുരാതനമായ ഈ കുരിശ് കണ്ടെത്തിയത് മൈലാപൂരിലെ പരിശുദ്ധന്റെ കബറിടം സ്ഥിതിചെയ്തിരുന്ന സ്ഥലത്തു നിന്നാണ്. ഏ.ഡി 1547-ൽ പോർട്ടുഗീസുകാരനായ ഫാ.ഗാസ്പർ എന്ന വൈദികനുൾപ്പെടെ 12 പേർ മലമുകളിൽ ഒരു വലിയ പള്ളി പണിയുന്നതിന് ആരംഭം കുറിച്ചു. അതിൻ പ്രകാരം അവർ പുതിയ പള്ളിക്ക് തറക്കല്ലിടുകയും അസ്ഥിവാരം മാന്തി തുടങ്ങിയപ്പോൾ പഴയ പള്ളിയുടെ പല അവശിഷ്ടങ്ങളും കണ്ടെത്തുകയും അതിനാൽ മുൻപ് അവിടെയൊരു പള്ളിയുണ്ടായിരുന്നെന്ന നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്തു. വീണ്ടും പണികൾ തുടരവെ അല്പം വലുതായ ഒരു കല്ലിൻ കഷണം കാണുകയും അതൊരു സാധാരണ കല്ല് അല്ലെന്ന തോന്നലിൽ അത് മറിച്ച് നോക്കിയപ്പോൾ അത്ഭുതം എന്ന് പറയട്ടെ, ഏതോ ലിഖിതങ്ങളാൽ ചുറ്റപ്പെട്ട ഭംഗിയേറിയ ഒരു സ്ലീബാ ആ കല്ലിൽ കൊത്തിയിരിക്കുന്നു; കൂടാതെ ജീവൻ തുടിക്കുന്ന രക്തവും അതിൽ ഒലിച്ചിറങ്ങിയിരിക്കുന്നു. ഉടൻ തന്നെ ഗാസ്പർ അച്ചന്റെ നേതൃത്വത്തിൽ ഈ രക്തവും, അതു പുരണ്ട മണ്ണും കോരിയെടുത്ത് പെരിയ മലയിൽ എവിടെയോ കുഴിച്ചിടുകയും സ്ലീബാ എവിടെ നിന്ന് കണ്ടെത്തിയോ അവിടെ തന്നെ ഒരു പീഠം തീർത്ത് അതിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. ഈ കരിങ്കൽ കുരിശിൽ കെട്ടിപുണർന്നാണ് പരി.ശ്ലീഹാ പ്രാണൻ വെടിഞ്ഞതെന്ന് പാരമ്പര്യം പറയുകയും ചെയ്യുന്നു. ഏതാനും നാളുകൾക്ക് ശേഷം വി.കുർബാനയുടെ സമയത്ത് ഈ സ്ലീബായിൽ കറുപ്പ് നിറം വ്യാപിക്കുകയും അതിൽ നിന്ന് കണ്ണുനീർ പ്രവഹിക്കാനും തുടങ്ങി. ഗാസ്പർ അച്ചൻ ഉടൻ തന്നെ ഈ കണ്ണുനീർ തുള്ളികൾ കാസായിൽ സൂക്ഷിച്ചു. അടുത്ത ദിവസം നോക്കിയപ്പോൾ ഒപ്പിയെടുത്ത തുണിക്കഷണങ്ങളിൽ രക്തത്തിൽ മുക്കിയെടുത്തതു പോലെ കാണപ്പെടുകയും അച്ചൻ അത് ജനങ്ങളെ കാണിക്കുകയും ചെയ്തു. ഈ അത്ഭുതത്തിന് ശേഷമാണ് കൽകുരിശിന്റെ നിറം മാറി ഇന്ന് കാണുന്ന ശോഭയുള്ള കുരിശായത്. ഈ മഹാത്ഭുതം നടന്നത് ഏ.ഡി 1558 ഡിസംബർ മാസം 18-ാം തീയതിയാണ്. മധ്യ പൗരസ്ത്യ ദേശത്ത് ഉപയോഗിച്ച് വന്നിരുന്ന പഹല്ലവി ഭാഷയിൽ ഇപ്രകാരം കുരിശിൽ രേഖപ്പെടുത്തിയിരിക്കുന്നു "ചകർബുഗ്തിന്റെ മകനായ സുറിയാനിക്കാരൻ അബിയാസിനോട് ഈ സ്ലീബാ സംരക്ഷിച്ചതിനാൽ കർത്താവായ മിശിഹാ തമ്പുരാനെ കരുണയായിരിക്കണമേ". രക്ഷയുടെ ചിഹ്നമായ സ്ലീബാ ധരിക്കുമ്പോൾ സാത്താനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും നാം കാത്ത് സംരക്ഷിക്കപ്പെടും.



**ഡിസംബർ 28**


**(A) ശിശുവധം**




മത്തായി 2: 18 ഇപ്രകാരം നാം വായിക്കുന്നു "റാമായിൽ ഒരു സ്വരം, വലിയ കരച്ചിലും മുറവിളിയും. റാഹേൽ സന്താനങ്ങളെക്കുറിച്ചു കരയുന്നു. അവളെ സാന്ത്വനപ്പെടുത്തുക അസാധ്യം. എന്തെന്നാൽ, അവൾക്ക് സന്താനങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു". ലോകരക്ഷകനായ യേശു തമ്പുരാന്റെ ജനനവാർത്ത അറിഞ്ഞ ജ്ഞാനികൾ കർത്താവിനെ ആരാധിച്ച് മടങ്ങുമ്പോൾ കർത്താവിന്റെ ജനനത്തിൽ അസ്വസ്ഥത കാണിച്ച ഹേറോദോസ്, തന്റെ പക്കൽ വന്ന് വിവരങ്ങൾ അറിയിക്കണമെന്ന് അവരോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ജ്ഞാനികൾക്ക് സ്വർഗ്ഗത്തിൽ നിന്ന് മുന്നറിയിപ്പ് ലഭിച്ചതിനാൽ അവർ ഹേറോദോസിനെ സന്ദർശിച്ചില്ല. എന്നാൽ ജ്ഞാനികൾ തന്നെ കബളിപ്പിച്ചെന്ന് മനസ്സിലാക്കിയ രാജാവ് കുപിതനാവുകയും ബേത്ലെഹേമിലെയും സമീപപ്രദേശങ്ങളിലെയും രണ്ടും അതിൽ താഴെയുള്ള എല്ലാ ആൺ കുഞ്ഞുങ്ങളെയും ആളയച്ച് വധിച്ചു. ഇങ്ങനെ 22 നിഷ്കളങ്കരായ കുഞ്ഞുങ്ങളാണ് രക്തസാക്ഷികളായി പരി.സഭ കണക്കാക്കുന്നത്. ഈ സംഭവം നടന്ന ദിവസം ഡിസംബർ 28-ന് പരി.സഭ ഈ "തിരുകുഞ്ഞുങ്ങളുടെ ഓർമ്മ കൊണ്ടാടുന്നു". കർത്താവിന് വേണ്ടി നിഷ്കളങ്കരായി ജീവിക്കാൻ നമുക്ക് പരിശ്രമിക്കാം.

**ഡിസംബർ 28**

**(B) രാജാവും പ്രവാചകനുമായ ദാവീദ്**



പഴയനിയമത്തിലെ പ്രവാചകനും രാജാവുമായ ദാവീദ് നമ്മുടെ കർത്താവിന്റെ ജനനത്തിന് ഏകദേശം 1000 വർഷങ്ങൾക്കു മുൻപാണ് ജീവിച്ചിരുന്നത്. ബി.സി 1013-973 വരെയുള്ള 40 വർഷക്കാലം ഇദ്ദേഹം ഇസ്രയേലിന്റെ രാജാവായിരുന്നു. ഇദ്ദേഹത്തിന്റെ കാലത്താണ് ഇസ്രയേലിന്റെ തലസ്ഥാനം ജറുസലേമിലേക്ക് മാറ്റിയത്. യഹോവായ ദൈവത്തിന്റെ "അഭിഷ്കതൻ" എന്ന നിലയിൽ ദൈവത്തിന് തന്റെ ജീവിതത്തിൽ പ്രഥമ സ്ഥാനവും ദൈവത്തിന്റെ ജനമായ ഇസ്രായേലിന് എല്ലാ സുരക്ഷിതത്വവും ഒരുക്കുന്നതിനും ഇദ്ദേഹം ശ്രമിച്ചു. തനിക്ക് ജറുസലേമിൽ കൊട്ടാരം സ്ഥാപിച്ചപ്പോൾ തന്റെ സൃഷ്ടാവായ ദൈവത്തിന് ഒരാലയം പണിയുന്നതിന് ദാവീദാ രാജാവ് ആഗ്രഹിച്ചു. എങ്കിലും ദാവീദിന്റെ ദൈവസ്നേഹവും സന്മനസ്സും കണ്ട ദൈവം അവന്റെ സിംഹാസനം നിത്യമാക്കി നിലനിൽക്കും എന്ന് വാഗ്ദാനം ചെയ്തു. അവനിൽ നിന്ന് ജനിക്കുന്ന മകനെ ദൈവം സ്വന്തം പുത്രനായി സ്വീകരിക്കുമെന്നും നിത്യ രാജാവായ അവൻ തനിക്കായി ഒരാലയം പണിയുമെന്നും ദൈവം അരുൾചെയ്തു "ദിനങ്ങൾ തികഞ്ഞു നീ പൂർവ്വികരോട് ചേരുമ്പോൾ നിന്റെ ഔരസപുത്രനെ ഞാൻ ഉയർത്തി അവന്റെ രാജ്യം സുസ്ഥിരമാക്കും. അവൻ എനിക്ക് ആലയം പണിയും; അവന്റെ രാജസിംഹാസനം ഞാൻ എന്നേക്കും സ്ഥിരപ്പെടുത്തും. ഞാൻ അവന് പിതാവും അവൻ എനിക്ക് പുത്രനും ആയിരിക്കും. (2 സാമു 7:12-17). ഈ പ്രവചനം പൂർത്തീകരിക്കപ്പെട്ടത് ദൂതൻ അവളോട് പറഞ്ഞു: മറിയമേ, നീ ഭയപ്പെടേണ്ട ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവന് കൊടുക്കും, അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാവുകയില്ല (ലൂക്കാ 1:30-33). ദാവീദാ രാജാവിനാൽ രചിക്കപ്പെട്ടവയാണ് സങ്കീർത്തനങ്ങൾ എന്ന് പാരമ്പര്യം സാക്ഷിക്കുന്നു. നമ്മുടെ ആരാധനാ ക്രമത്തിൽ സങ്കീർത്തനങ്ങൾ വി.കുർബാനയിലും, യാമ നമസ്ക്കാരങ്ങളിലും ഉപയോഗിക്കുന്നു. ദാവീദിന്റെ വംശത്തിലൂടെ മിശിഹാ നാഥൻ ലോകത്തിൽ വന്നത് നാം അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിച്ച്, യേശുവിന്റെ നിത്യമായ രാജ്യത്തിൽ പ്രവേശിക്കാനാണ്. ദാവീദിലൂടെ രക്ഷകനെ നമുക്ക് നൽകിയ പിതാവായ ദൈവത്തിന് നന്ദിയുള്ളവരായിരിക്കാം.




റവ. ഫാ. ഷീൻ പാലക്കുഴി

# തീർത്ഥാടകന്റെ നേരും നോവും

ആയിരത്തി അറുനൂറു കിലോമീറ്റർ ദൂരം കാൽനടയായി ഒരു തീർത്ഥാടനം! അതും ഒറ്റയ്ക്ക്! അത്രയെളുപ്പത്തിൽ എല്ലാവർക്കും പൂർത്തിയാക്കാൻ സാധിക്കുന്ന ഒന്നല്ല അത്. വഴിയിൽ കിട്ടുന്ന ഭക്ഷണം കഴിച്ച്, വഴിയോരത്ത് കിട്ടുന്ന സ്ഥലങ്ങളിൽ അന്തിയുറങ്ങി, കാടും മലയും പുഴകളും താണ്ടി ഒരു യാത്ര. യാത്രയ്ക്കിടയിൽ പരിചയപ്പെടുന്നവരല്ലാതെ സ്ഥിരമായി സഹയാത്രികരില്ലാത്ത ഏകാന്തമായ ഒരു സാധന. ദൈവത്തിലേക്കും തന്നിലേക്കും മാത്രം നോക്കി പ്രാർത്ഥനകണക്കെ ഒരു കടന്നുപോകൽ. കത്തിയാളുന്ന സൂര്യാതപത്തിനും, അസ്ഥികൾ തുളഞ്ഞു കയറുന്ന ശൈത്യത്തിനും ശരീരത്തെ വിട്ടുകൊടുത്ത് ആത്മാവിനെ ശക്തിപ്പെടുത്തുന്ന അനുഭവങ്ങളുടെ പെരുമഴയിൽ സ്നാനം ചെയ്തു സ്വയം വിമലീകരിക്കാനുള്ള ഒരു ശ്രമം!

അങ്ങനെയൊരു പരിശ്രമത്തിൽ വിജയിച്ച ഒരാളുടെ അനുഭവക്കുറിപ്പുകളാണ് ഈ പുസ്തകം - 'യാക്കോബിന്റെ വഴി: തീർത്ഥാടനക്കുറിപ്പുകൾ.' പേരു സൂചിപ്പിക്കും പോലെ കർത്താവിന്റെ ശിഷ്യനായ വിശുദ്ധ യാക്കോബ് ശ്ലീഹായുടെ കബറിടം സ്ഥിതി ചെയ്യുന്ന സ്പെയിനിലെ സാന്റിയാഗോയിലേക്ക് ഫാ. മാത്യു ചാർത്താക്കുഴിയിൽ നടത്തിയ രണ്ടു മാസത്തോളം നീണ്ടു നിന്ന തീർത്ഥാടന പദയാത്രയുടെ നേരും നോവുമുള്ള അക്ഷര സാക്ഷ്യമാണ് ഈ പുസ്തകം.

ദൈവശാസ്ത്ര പണ്ഡിതനും എഴുത്തുകാരനും പുരോഹിതനുമായ ഒരാൾ ഈ വിഷയം കൈകാര്യം ചെയ്യുന്നതിന്റെ ആഴവും കയ്യടക്കവും നനവും ഈ കുറിപ്പുകൾക്കുണ്ട്. ഒരേ സമയം ഒരു യാത്രാക്കുറിപ്പും സാഹിത്യകൃതിയും ആത്മീയ സംവേദനവുമായി ഈ പുസ്തകം അനുഭവപ്പെടുന്നു.

ഒരു ശാസ്ത്രീയ പഠനത്തിന്റെ വിശ്വാസ്യതയും യുക്തിഭദ്രതയും ഈ പുസ്തകത്തിനുണ്ട്. തീർത്ഥാടന ലക്ഷ്യസ്ഥാനത്തിന്റെ ചരിത്ര പശ്ചാത്തലം, അതിനു വേണ്ടി ഗ്രന്ഥകാരൻ നടത്തിയ ശാരീരികവും ആത്മീയവുമായ ഒരുക്കങ്ങൾ, തീർത്ഥാടന വഴിയിൽ കണ്ടുമുട്ടിയ സ്ഥലങ്ങൾ, വ്യക്തികൾ, അഭയഗേഹങ്ങൾ, യാത്രയുടെ സാഫല്യം, വിലയിരുത്തൽ തുടങ്ങിയവയൊക്കെ ദൈവശാസ്ത്ര തത്വശാസ്ത്ര ചിന്തകളുടെ വെളിച്ചത്തിൽ പച്ചയായ ജീവിതത്തിന്റെ നേരും നോവും ചേർത്ത് തീർത്ഥാടകൻ വിവരിക്കുമ്പോൾ അതു പ്രസരിപ്പിക്കുന്ന ഊർജ്ജം ഒട്ടും ചെറുതല്ല.

യാക്കോബ് ശ്ലീഹായും സാന്റിയാഗോ പട്ടണവും സഹയാത്രികനയ ജാംപൗളോയും പെദ്രോയുടെ നൊമ്പരങ്ങളും റോൻസസ് വാലസ് ദൈവാലയവും പാമ്പിലോണ നഗരവും ഫ്രാൻസിസ്കൻ ആശ്രമവും എറിക്കിന്റെ അനുഭവങ്ങളും സാന്റില്ലാനയിലെ സന്യാസഭവനവും ജപ്പാൻകാരനായ അകിഹിതോയും പോളണ്ടുകാരനായ റോബർട്ടും സാന്റിയാഗോ എന്ന പുണ്യഭൂമിയും ശ്ലീഹായുടെ കബറിടവുമൊക്കെ ഒറ്റ വായനയിൽത്തന്നെ എഴുത്തുകാരനിൽ നിന്നു വേർപെട്ട് വായനക്കാരുടേതായി മാറുന്നു; അവർ പോലുമറിയാതെ അവർ തീർത്ഥാടകരായി പരിണമിക്കുന്നു.

ഈ പുസ്തകത്തിന്റെ ഏറ്റവും വലിയ സൗകുമാര്യം അതിന്റെ അയത്നലളിതമായ ഭാഷയാണ്. വായിച്ചു തുടങ്ങിയാൽ ഭാഷ ഒരു ഭാരമായി അനുഭവപ്പെടില്ല. തട്ടും തടവുമില്ലാതെ ശാന്തമായി ഒഴുകുന്ന ഒരു പുഴയിൽ നിന്നെന്ന പോലെ നിങ്ങൾക്കു മുങ്ങിനിവരാം. ദൈർഘ്യത്തിൽ പാലിച്ചിരിക്കുന്ന അച്ചടക്കം വായനയ്ക്കിടയിൽ പുസ്തകം അടയ്ക്കാൻ നിങ്ങളെ അനുവദിക്കില്ല.


നമ്മുടെ ജീവിതം തന്നെ ഒരു തീർത്ഥാടനമാണ്. സ്വർഗ്ഗത്തിലെത്തും വരെയുള്ള തീർത്ഥാടനം. തീർത്ഥാടകൻ പറഞ്ഞു വയ്ക്കുന്നതും അവസാന താളിൽ ഒരു പ്രാർത്ഥന പോലെ കുറിച്ചിട്ടിരിക്കുന്നതും അതുതന്നെയാണ്: 'എന്റെ കാലൊച്ച നിലയ്ക്കുന്ന നേരത്ത്, സ്വർഗ്ഗത്തിൻ വാതിലെനിക്കായ് തുറക്കണേ.'

പ്രതിപാദിച്ചിരിക്കുന്ന വിഷയത്തോട് നൂറു ശതമാനം വിശ്വസ്തത പുലർത്തിക്കൊണ്ട് അനുഭവങ്ങളുംആത്മീയതയും ദൈവാനുഭവവും വാക്കുകളിലൂടെ സംവേദനം ചെയ്യുന്നതിൽ എഴുത്തുകാരനായ ഫാ. മാത്യു ചാർത്താക്കുഴിയിൽ വിജയിച്ചിട്ടുണ്ട്. ഒരൊറ്റ വായന തന്നെ നിങ്ങളെ തീർത്ഥാടകരാക്കും, തീർച്ച!

# Rev. Fr. George Malancharuvil

# 25th Death Anniversary

## Died on 22 - 12 - 1994



*In our hearts forever and always*

**Malancharuvil Family**

ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ വിശ്വസ്തനായ സഹചാരിയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിശ്വസ്തനായ പുത്രനും ആയി വിശേഷിപ്പിക്കപ്പെട്ട വ്യക്തിത്വമാണല്ലോ മലഞ്ചരുവിൽ മത്തായി സാർ. മലഞ്ചരുവിൽ മത്തായി -ഏലിയാമ്മ ദമ്പതികളുടെ കനിഷ്ഠപുത്രനാണ് റവ. ഫാ. ജോർജ്ജ് മലഞ്ചരുവിൽ. തന്റെ മാതാപിതാക്കളിൽ നിന്ന് ലഭിച്ച വിശ്വാസചൈതന്യം ഒരു വൈദികനായി സേവന മനുഷ്ഠിക്കുന്നതിനും ഇളയ സഹോദരങ്ങൾക്ക് മാതൃക യായും ദൈവവിളി സ്വീകരിച്ച് വൈദികനായി. ദൈവവിളികളുടെ വിളനിലമായി മലഞ്ചരുവിൽ കുടുംബം മാറുന്നതിന് തുടക്കം കുറിച്ചത് ബഹു. ജോർജ്ജ് അച്ചന്റെ പ്രവർത്തന പന്ഥാവായിരുന്നുവെന്ന് നിസ്സംശയം പറയാം. 1924 ജനുവരി 1-ാം തീയതി ജനിച്ച അദ്ദേഹം പന്തളം എൻ.എസ്സ്.എസ്സ്. സ്കൂളിലും കറ്റാനം പോപ്പ് ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. മംഗലാപുരം സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും വൈദികപഠനം പൂർത്തിയാക്കിയശേഷം 1950 ജൂൺ 18-ന് തിരുവന ന്തപുരം അതിരൂപതയ്ക്കുവേണ്ടി വൈദികനായി ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ തൃക്കരങ്ങളാൽ അഭിഷിക്ത നായി. പോത്തൻകോട്, പൗഡികോണം, അഞ്ചൽ, ഉളിയാഴിത്തുറ, കല്ലയം, സൂസൈപുരം തുടങ്ങിയ ഇടവകകളിൽ സേവനം അനുഷ്ഠിച്ചു. അമേരിക്കയിലെ കാത്തലിക് യൂണിവേഴ് സിറ്റിയിൽ ഉപരിപഠനം നടത്തിയ ബഹു. അച്ചൻ വിദ്യാഭ്യാസ രംഗത്ത് ചെയ്തിട്ടുള്ള സേവനങ്ങൾ വിലമതിക്കാനാകാ ത്തതാണ്. തിരുവനന്തപുരത്തെ പ്രശസ്ത കലാലയമായ മാർ ഈവാനിയോസ് കോളേജിന്റെ ആരംഭം മുതൽ അതിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ അദ്ദേഹം ചെയ്ത സംഭാവനകൾ എന്നും ഓർമ്മിക്കപ്പെടുന്നതാണ്. മാർ ഈവാനിയോസ് കോളേജിന്റെ ബർസാർ, ഹോസ്റ്റൽ വാർഡൻ, ഈവാനിയോസ് കോളേജിന്റെയും അഞ്ചൽ സെന്റ് ജോൺസ് കോളേജിന്റേയും പ്രിൻസിപ്പൽ എന്നീ നിലകളിലും അദ്ദേഹം സേവനമനുഷ്ഠിച്ചു. 1990 മുതൽ മലങ്കര മേജർ സെമിനാരിയിൽ ആദ്ധ്യാത്മിക ഉപദേഷ്ടാവായും അധ്യാപകനായും ശുശ്രൂഷ ചെയ്ത ബഹു. അച്ചൻ 1994 ഡിസംബർ 22-ാം തീയതി 70-ാം വയസ്സിൽ നിത്യസമ്മാനത്തിനായി യാത്രയായി. അദ്ദേഹത്തിന്റെ ഭൗതീകശരീരം മാതൃ ഇടവകയായ ഉള്ളന്നൂർ ദൈവാലയത്തിൽ സംസ്കരിച്ചിരിക്കുന്നു. അദ്ദേഹ ത്തിന്റെ വിയോഗത്തിന്റെ 25-ാം വാർഷികത്തിൽ ആദരവോടും നന്ദിയോടും കൂടി ഓർക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കുവേണ്ടി മാദ്ധ്യസ്ഥം അപേക്ഷിക്കുന്നു.

"ദൈവത്തിന്റെ പുരോഹിതാ! സമാധാനത്താലേ വസിക്കുക!"

**റവ. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ**



# MAR IVANIOS INTERNATIONAL SCHOOL

Managed by, **Malankara Catholic Educational Society, Diocese of Mavelikara**





*Committed for an Excellent Education*

Our Highlights

- **CBSE Syllabus**
- **Efficient Faculty**
- **Value Based Education**
- **Serene Atmosphere**
- **Digital Class Rooms**
- **Homely Atmosphere**
- **Transportation Facility**





**REGISTRATION & ADMISSION STARTED TO**

**PLAY SCHOOL & KG SCHOOL**

**Puliyoor P.O., Chengannur, Alappuzha Dist. Kerala - 689 510**

Contact: **9447 359 492, 9847 444 782, 9447 319 751**

marivaniosinternationalschool@gmail.com


എല്ലാ വായനക്കാർക്കും
ക്രൈസ്തവ കാഹളത്തിന്റെ
ക്രിസ്തുമസ് ആശംസകൾ



## മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം.)

### കിളിമാനൂർ വൈദിക ജില്ല

# ബസീലിയൻ

### മലങ്കര സുറിയാനി കത്തോലിക്കാസഭാ യുവജനങ്ങൾക്കായി

### 3-ാമത് മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ മെമ്മോറിയൽ

**2020 ജനുവരി 18 ശനി ഉച്ചയ്ക്ക് 1.00 മണിക്ക്**

**സെന്റ് ജോൺസ് മലങ്കര മെഡിക്കൽ വില്ലേജ്, പിരപ്പൻകോട്**

## ക്വിസ് മത്സരം 2020

### വിഷയം

1. ബൈബിൾ ഭാഗം – 50 %
   (a) നിയമാവർത്തനം (22–34) (b) പ്രഭാഷകൻ (18–22)
   (c) മർക്കോസ് (1–8) (d) 1 കോറിന്തോസ് (1–8)
2. മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ – 20 %
3. മലങ്കര സഭാചരിത്രം (1930–ന് ശേഷം) – 15 %
4. പൊതുവിജ്ഞാനം – 15 %

### മത്സരക്രമം

1. പ്രാഥമിക റൗണ്ട് – രജിസ്റ്റർ ചെയ്ത എല്ലാ ടീമുകളും പ്രാഥമിക റൗണ്ടിൽ മത്സരിക്കും.
2. രണ്ടാം റൗണ്ട് – പ്രാഥമിക റൗണ്ടിൽ കൂടുതൽ പോയിന്റ് നേടുന്ന 15 ടീമുകൾ രണ്ടാം റൗണ്ടിൽ മത്സരിക്കും.
3. ഫൈനൽ റൗണ്ട് – രണ്ടാം റൗണ്ടിൽ കൂടുതൽ പോയിന്റ് നേടുന്ന 5 ടീമുകൾ ഫൈനൽ റൗണ്ടിൽ മത്സരിക്കും

### സമ്മാനം

1. പ്രാഥമിക മത്സരത്തിൽ പുറത്താകുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹന സമ്മാനം നൽകുന്നതാണ്.
2. രണ്ടാം റൗണ്ടിൽ പുറത്താകുന്ന എല്ലാ ടീമുകൾക്കും (10 ടീമുകൾ) 600 രൂപ ക്യാഷ് അവാർഡും മെഡലും.
3. ഫൈനൽ റൗണ്ടിൽ പ്രവേശിക്കുന്ന 5 ടീമുകൾക്കുള്ള സമ്മാനം.

1–ാം സമ്മാനം – 10001 രൂപയും എവർ റോളിംഗ് ട്രോഫിയും
2–ാം സമ്മാനം – 7001 രൂപയും എവർ റോളിംഗ് ട്രോഫിയും
3–ാം സമ്മാനം – 5001 രൂപയും എവർ റോളിംഗ് ട്രോഫിയും
4–ാം സമ്മാനം – 4001 രൂപയും എവർ റോളിംഗ് ട്രോഫിയും
5–ാം സമ്മാനം – 3001 രൂപയും എവർ റോളിംഗ് ട്രോഫിയും



### തീയതിയും സമയവും

2020 ജനുവരി 18 ശനി, 1.00 pm – രജിസ്ട്രേഷൻ, 1.30 pm – ഉദ്ഘാടനം, പ്രാഥമിക റൗണ്ട്, 3.00 pm – രണ്ടാം റൗണ്ട്, 3.30 pm – ഫൈനൽ റൗണ്ട്, 5 pm – സമ്മാനദാനം, നേർച്ചവിളമ്പ്

NB:- 1. ഒരു ഇടവകയിൽ നിന്നും 13 നും 35 നും മദ്ധ്യേ പ്രായമുള്ള 2 അംഗങ്ങൾ ഉള്ള ടീമുകൾക്ക് മത്സരത്തിൽ പങ്കെടുക്കാം (ഒരു ഇടവകയിൽ നിന്നും ഒന്നിൽ കൂടുതൽ ടീമുകൾക്ക് പങ്കെടുക്കാവുന്നതാണ്).
2. രജിസ്ട്രേഷൻ ഫീസ് 200 രൂപ
3. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 2020 ജനുവരി 1 ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യുക.
4. മത്സരത്തിൽ പങ്കെടുക്കുന്നവർ ഇടവക വികാരി അച്ചന്റെ എഴുത്തും മത്സരാർത്ഥികളുടെ പ്രായം തെളിയിക്കുന്ന ഐ.ഡി. പ്രൂഫും കൊണ്ടു വരേണ്ടതാണ്.
5. പ്രോത്സാഹന സമ്മാനം ഉൾപ്പടെ എല്ലാ സമ്മാനങ്ങളും മത്സരം പൂർണ്ണമായി അവസാനിപ്പിച്ചതിനുശേഷം മാത്രമേ നൽകുകയുള്ളൂ.

For Registration - Robi Pappachan (President) (9539481882), Sharon Pirappancode (Co-ordinator) (9895869781)
E-mail: mcymkilimanoorrejion@gmail.com Online registration is available.

For Further Details
Fr. Anu Jose Kunnil (Director) 9446797829
Sr. Catherine SIC (Animator) 7025316569

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)284/2018-2020
Date of Publication 29-11-2019

Christavakahalam Monthly, DECEMBER 2019
Annual Subscription Rs. 150/-
Single Copy Rs. 15/-


# മാതാപിതാക്കളും മക്കളും അറിയാൻ

## കുടുംബങ്ങൾക്കൊരു ഗൈഡ്

അതാതു മേഖലകളിൽ
വൈദഗ്ദ്ധ്യമുള്ള പന്ത്രണ്ട്പേരുടെ
17 ലേഖനങ്ങൾ




**Copies available at:**

**H & C, Kozhikode ▪ St. Paul's, Kozhikode ▪ Mar Louis, Ernakulam**
**St. Paul's, Ernakulam ▪ Vimala, Kanjirappally ▪ Catholic Press, Kollam**
**H & C Kollam ▪ Catholic Book Stalls in Trivandrum**


Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374, e-mail: stmaryspresspattom@gmail.com